# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2024 ഓഗസ്റ്റ് 29 | ദീപം 57 | നാളം 25 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# ചരിത്രത്തെ വളച്ചൊടിക്കുമ്പോൾ

## വിവാദപരാമർശങ്ങളുമായി ആറാംക്ലാസ് പാഠപുസ്തകം



പ്രൊഫ. റോണി കെ. ബേബി

എൻ.സി.ഇ.ആർ.ടി.യുടെ പുതിയ ആറാം ക്ലാസ് സോഷ്യൽ സയൻസ് പാഠപുസ്തകം കഴിഞ്ഞയാഴ്ച പുറത്തിറങ്ങിയതോടെ ഉള്ളടക്കം സംബന്ധിച്ച വിവാദങ്ങളും ആരംഭിച്ചിരിക്കുന്നു. 3, 6 ക്ലാസുകളിലെ സി.ബി.എസ്.ഇ. വിദ്യാർഥികൾക്ക് പുതിയ ദേശീയപാഠ്യപദ്ധതി ചട്ടക്കൂട് 2023 പ്രകാരമുള്ള പാഠപുസ്തകങ്ങളാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്. ദേശീയ വിദ്യാഭ്യാസ നയം (NEP) 2020 അനുസരിച്ച്, ആഭ്യന്തരവിഷയങ്ങൾ, ശാസ്ത്രം, കലകൾ, കരകൗശലങ്ങൾ, കായികം എന്നിവയിലുടനീളമുള്ള ഗോത്രവർഗ-പ്രാദേശിക വിഭാഗങ്ങൾക്കിടയിലുള്ള ജ്ഞാനം, പരമ്പരാഗത ഇന്ത്യൻ അറിവുകൾ തുടങ്ങിയവ പാഠ്യപദ്ധതിയിൽ കൃത്യമായി ഉൾപ്പെടുത്താൻ ആവശ്യപ്പെടുന്നു. അതിന്റെ ഭാഗമായി നിരവധി മാറ്റങ്ങളാണ് പാഠപുസ്തകങ്ങളിൽ എൻ.സി.ഇ.ആർ.ടി. കൊണ്ടുവന്നിട്ടുള്ളത്. പാഠപുസ്തകങ്ങളിൽനിന്നു ശാസ്ത്രവും ചരിത്രവും ഗണിതവുമൊക്കെ ഒഴിവാക്കി പുരാണങ്ങളും ഇതിഹാസങ്ങളും ഉൾപ്പെടുത്തുന്നതിന്റെ തുടർച്ചയാണ് ഇപ്പോൾ വരുത്തിയിരിക്കുന്ന മാറ്റങ്ങൾ.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എജ്യുക്കേഷണൽ പ്ലാനിങ് ആൻഡ് അഡ്മിനിസ്ട്രേഷൻ ചാൻസലർ എം.സി. പന്ത് ചെയർമാനായുള്ള 19 അംഗ കമ്മിറ്റിയുടെ മേൽനോട്ടത്തിലാണ് പുതിയ പാഠപുസ്തകങ്ങളുടെ രൂപകല്പന. എഴുത്തുകാരി സുധാ മൂർത്തി, ആർ.എസ്.എസ്. ബന്ധമുള്ള സംസ്കൃതഭാരതിയുടെ സ്ഥാപകാംഗം മഞ്ജുൾ ഭാർഗവ, ഗായകൻ ശങ്കർ മഹാദേവൻ, ബിബേക് ദെബ്രോയ്, പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേശകസമിതി ചെയർപേഴ്സൺ ഡോ. ചാമുകൃഷ്ണശാസ്ത്രി എന്നിവർ ഉൾപ്പെടുന്നതാണു സമിതി.

### കൗതുകമുണർത്തുന്ന കൂട്ടിച്ചേർക്കലുകൾ

ആറാം ക്ലാസിലെ പുതിയ സോഷ്യൽ സയൻസ് പാഠപുസ്തകം, 'എക്സ്പ്ലോറിംഗ് സൊസൈറ്റി: ഇന്ത്യ ആൻഡ് ബിയോണ്ഡ്' എന്ന തലക്കെട്ടോടെ ചരിത്രം, ഭൂമിശാസ്ത്രം, പൗരശാസ്ത്രം എന്നിങ്ങനെ നിലവിലുണ്ടായിരുന്ന മൂന്നു വ്യത്യസ്ത പുസ്തകങ്ങളെ ഉൾപ്പെടുത്തി ഒന്നാക്കിയിരിക്കുകയാണ്. ഇന്ത്യ ആൻഡ് ദ വേൾഡ്, ലാൻഡ് ആൻഡ് ദ പീപ്പിൾ, ഹിസ്റ്ററി ഓഫ് ദ പാസ്റ്റ്, അവർ കൾച്ചറൽ ഹെറിറ്റേജ് ആൻഡ് നോളജ് ട്രഡീഷൻസ്, ഗവർണൻസ് ആൻഡ് ഡെമോക്രസി; ഇക്കണോമിക് ലൈഫ് എറൗണ്ട് അസ് എന്നിങ്ങനെ അഞ്ചു ഭാഗങ്ങളായി പുസ്തകം വിഭജിച്ചിട്ടുണ്ട്. ഗ്രീൻവിച്ച് മെറിഡിയനുമുമ്പുള്ള ഇന്ത്യയുടെ പ്രധാന മെറിഡിയനായിരുന്നു 'മധ്യരേഖ' എന്ന പുതിയ ആശയം. ഇന്ത്യയിലെ ജ്യോതിശാസ്ത്രത്തിന്റെ പ്രശസ്ത കേന്ദ്രമായിരുന്ന ഉജ്ജയിനി നഗരത്തിലൂടെ ഈ മധ്യരേഖ കടന്നുപോയി എന്ന പുതിയ കണ്ടെത്തൽ, ഹാരപ്പൻ നാഗരികതയ്ക്കു സിന്ധു - സരസ്വതി അല്ലെങ്കിൽ സിന്ധു - സരസ്വതി നാഗരികത എന്ന പുനർനാമകരണം തുടങ്ങിയവയാണ് പുതിയ കൂട്ടിച്ചേർക്കലുകൾ. പർവതങ്ങളെയും ഭൂപ്രകൃതിയെയും കുറിച്ചുള്ള ഭൂമിശാസ്ത്രവിഭാഗത്തിൽ കാളിദാസന്റെ കവിതകളും ഉൾപ്പെടുത്തിയിട്ടുണ്ട്. കാളിദാസന്റെ കുമാരസംഭവവും അതിലെ ഹിമാലയൻ പരാമർശവുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. നിരവധി സംസ്കൃതപദങ്ങളും പാഠപുസ്തകത്തിലുണ്ട്. സംസ്കൃതപദങ്ങളുടെ ഉച്ചാരണം സംബന്ധിച്ച ഒരു കുറിപ്പു തന്നെ പുസ്തകത്തിൽ നൽകിയിട്ടുണ്ട്.

അതോടൊപ്പംതന്നെ, ജാതിയടിസ്ഥാനത്തിലുള്ള വിവേചനത്തെക്കുറിച്ചുള്ള പരാമർശങ്ങൾ, അശോകന്റെയും ചന്ദ്രഗുപ്തമൗര്യന്റെയും ഭരണകാലം, ചാണക്യന്റെയും അദ്ദേഹത്തിന്റെ അർഥശാസ്ത്രത്തിന്റെയും സ്വാധീനം, ഗുപ്ത, പല്ലവ, ചാലൂക്യരാജവംശങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ തുടങ്ങിയവയെല്ലാം ഒഴിവാക്കപ്പെട്ടവയുടെ പട്ടികയിൽ ഉൾപ്പെടുന്നു. പുതുക്കിയ പാഠപുസ്തകത്തിൽ അശോകചക്രവർത്തിയെക്കുറിച്ചുള്ള പരാമർശം നാലാം അധ്യായത്തിൽ ഒറ്റവാക്കിലേക്കു ചുരുക്കി.

### മിത്ത് ചരിത്രമാകുമ്പോൾ

ആറാം ക്ലാസ് സാമൂഹികശാസ്ത്ര പാഠപുസ്തമായ 'എക്സ്പ്ലോറിങ് സൊസൈറ്റി: ഇന്ത്യ ആൻഡ് ബിയോണ്ഡി'ലാണ് ഹാരപ്പൻസംസ്കാരത്തെ സരസ്വതീനദിയെന്നു വിശേഷിപ്പിച്ചിട്ടുള്ളത്. മുൻ പതിപ്പുകളിൽനിന്നു വ്യത്യസ്തമായി 'ഇന്ത്യൻ നാഗരികതയുടെ തുടക്കം' എന്ന അധ്യായത്തിലാണ് സരസ്വതീനദിയെ പരാമർശിക്കുന്നത്. ഋഗ്വേദത്തിലെ സരസ്വതീനദിയെപ്പറ്റിയുള്ള പരാമർശവും പാഠപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മുൻകാലങ്ങളിലൊന്നും പരാമർശിച്ചിട്ടില്ലാത്ത സരസ്വതീനദിയുടെ ചരിത്രമാണ് ഇത്തവണ പുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സരസ്വതീനദിക്കു ശക്തമായ ഊന്നൽ നൽകിക്കൊണ്ട് പാഠപുസ്തകം ഹാരപ്പൻനാഗരികതയെ 'സിന്ധു-സരസ്വതി' അല്ലെങ്കിൽ 'സിന്ധു-സരസ്വതി നാഗരികത' എന്ന് പുനർനാമകരണം ചെയ്തിരിക്കുന്നു. ''പുരാവസ്തുഗവേഷകർ ഈ നാഗരികതയ്ക്ക് നിരവധി പേരുകൾ നൽകി - 'സിന്ധു,' 'ഹാരപ്പൻ,' 'സിന്ധു-സരസ്വതി,' അല്ലെങ്കിൽ 'സിന്ധു-സരസ്വതി നാഗരികത. ഞങ്ങൾ ഈ പദങ്ങളെല്ലാം ഉപയോഗിക്കും.

▶12

# തിരഞ്ഞെടുപ്പിനൊരുങ്ങി അമേരിക്ക



## കമലയോ ട്രംപോ?



ഡോ. ജിന്റോ ജേക്കബ് പൊട്ടയ്ക്കൽ

അമേരിക്കൻ ഐക്യനാടുകളിലെ പ്രസിഡന്റുതിരഞ്ഞെടുപ്പ് വളരെ ഉദ്വേഗജനകമായ സംഭവവികാസങ്ങളിലൂടെയാണു കടന്നുപോകുന്നത്. ഒരു ആക്ഷൻ സിനിമയെ വെല്ലുന്ന എല്ലാ ചേരുവകളും ഇത്തവണത്തെ തിരഞ്ഞെടുപ്പിനുണ്ട്. ചൂടേറിയ വാദപ്രതിവാദങ്ങളും പ്രസിഡന്റ് ജോ ബൈഡന്റെ പൊടുന്നനേയുള്ള പിന്മാറ്റവും ട്രംപിനെതിരേയുള്ള വധശ്രമവും ലൈംഗികാതിക്രമ ആരോപണങ്ങളും എല്ലാംകൂടി ചേർന്ന് വളരെ പ്രക്ഷുബ്ധമാണ് അമേരിക്കൻ തിരഞ്ഞെടുപ്പുരംഗം. ഡെമോക്രാറ്റിക് പ്രസിഡന്റുസ്ഥാനാർഥിയായി ഇന്ത്യൻവംശജയായ കമല ഹാരിസിന്റെ അപ്രതീക്ഷിത കടന്നുവരവാണ് ഇതിലെ അവസാനത്തെ ട്വിസ്റ്റ്.

പ്രചാരണത്തിന്റെ ആരംഭത്തിൽ, ബൈഡന്റെയും ട്രംപിന്റെയും വർധിച്ചുവരുന്ന പ്രായത്തെക്കുറിച്ചാണ് അമേരിക്കൻ ജനത ഏറ്റവുമധികം ആശങ്കപ്പെട്ടിരുന്നത്. അതുകൊണ്ടുതന്നെയാണ്, ജൂലൈ 27-ാം തീയതി നടന്ന ആദ്യത്തെ പ്രസിഡന്റുസംവാദത്തെത്തുടർന്നുള്ള ചർച്ചകളിൽ സ്ഥാനാർഥികളുടെ പ്രായം ഒരു പ്രധാന വിഷയമായി മാറിയത്. വാക്കുകൾക്കായി പരതുകയും ചിന്തകൾ ഇടയ്ക്കുവച്ചു മുറിഞ്ഞുപോവുകയും ചെയ്യുന്ന ബൈഡനെയാണ് ആദ്യത്തെ സംവാദവേദിയിൽ ലോകം കണ്ടത്. ട്രംപിനെ അപേക്ഷിച്ച് ബൈഡൻ പ്രായാധിക്യത്താൽ കൂടുതൽ ബുദ്ധിമുട്ടുന്നുണ്ടെന്ന് സംവാദം വീക്ഷിച്ച വോട്ടർമാരിൽ നല്ല ശതമാനം ആളുകളും അഭിപ്രായപ്പെട്ടു. ഇതുമൂലമാണ് ബൈഡൻ തിരഞ്ഞെടുപ്പിൽനിന്നു പിന്മാറാൻ നിർബന്ധിതനായതും തുടർന്ന്, പൊതുസമ്മതസ്ഥാനാർഥിയായി കമല ഹാരിസിന്റെ പേര് ഉയർന്നുവന്നതും.

▶ 8

# കലാലയങ്ങളിൽ മതനിരപേക്ഷത നഷ്ടമായാൽ





ഡോ. ഷിബു ആനത്താരയ്ക്കൽ

സ്വാതന്ത്ര്യലബ്ധിക്കുശേഷം, കേരളത്തിൽ അതുവരെ ശക്തമായി നിലനിന്നിരുന്ന വിവിധ അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും വേരോടെ പിഴുതെറിയുന്നതിലും യഥാർഥ വിശ്വാസത്തോടെയും പ്രത്യാശയോടെയും ജീവിക്കാൻ സമൂഹത്തെ പരിശീലിപ്പിക്കുന്നതിലും വിവിധ മതങ്ങളും രാഷ്ട്രീയപ്രസ്ഥാനങ്ങളും വഹിച്ച പങ്ക് വലുതാണ്. ഇതിനു സമാന്തരമായി വിദ്യാഭ്യാസമേഖലയിലുണ്ടായ വിപ്ലവകരമായ മുന്നേറ്റം കേരളസമൂഹപുരോഗതിയിൽ വഹിച്ച പങ്കും ഏറെ നിർണായകമാണ്.

എന്നാൽ, സാമൂഹികസാംസ്കാരികരംഗങ്ങളിൽ കാലാനുസൃതമായ പുരോഗതി നേടിക്കൊണ്ടിരിക്കുമ്പോൾത്തന്നെ മേല്പറഞ്ഞ സമൂഹപുരോഗതിക്കു കാരണഭൂതരായ മത – രാഷ്ട്രീയനേതൃത്വങ്ങൾ സമൂഹത്തിൽ വിവിധയിനം വിഭജനചിന്തകളുടെ വിത്തുകൾ വിതറാൻ തുടങ്ങി. മതങ്ങളിൽത്തന്നെ 'ഭൂരിപക്ഷം – ന്യൂനപക്ഷം' എന്ന തരംതിരിവും ഒപ്പം, രാഷ്ട്രീയസംഘടനകളിൽ അത്തരം മതങ്ങളുടെ ഇടപെടലുകളും സജീവമായി മാറി.

**കലാലയങ്ങളിലെ മതനിരപേക്ഷത ചോദ്യം ചെയ്യപ്പെടുമ്പോൾ**

വിദ്യാർഥിയായിരിക്കുന്ന കാലഘട്ടത്തിൽത്തന്നെ ഒരു വ്യക്തിയെ തങ്ങളുടെ അനുഭാവിയോ പ്രവർത്തകനോ ആക്കിമാറ്റാൻ രാഷ്ട്രീയക്കാർ ശ്രമിച്ചതിന്റെ ഫലമായാണ് കേരളത്തിന്റെ വിദ്യാഭ്യാസമേഖലയിൽ; പ്രത്യേകിച്ച്, ഉന്നതവിദ്യാഭ്യാസമേഖലയിൽ വിവിധ വിദ്യാർഥിസംഘടനകൾ രൂപപ്പെട്ടത്. അത്തരം വിദ്യാർഥിപ്രസ്ഥാനങ്ങളെ പരോക്ഷമായി നിയന്ത്രിക്കുന്നത് മുഖ്യധാരാരാഷ്ട്രീയപ്പാർട്ടികൾതന്നെയാണെന്നതും യാഥാർഥ്യമാണ്. എന്നാൽ, നാളിതുവരെയും കലാലയങ്ങൾ മതേതരകാഴ്ചപ്പാടുകൾ പുലർത്തുന്ന ഒരു വേദിയായിരുന്നു.

ഒരു കലാലയം നടത്തുന്നത് ഏതെങ്കിലും ഒരു മതവിഭാഗമാണെങ്കിൽക്കൂടിയും, ആ കലാലയത്തിൽ എല്ലാ മതവിഭാഗത്തിലുംപെട്ട വിദ്യാർഥികൾക്കും തങ്ങളുടെ മതപരമായ വിശ്വാസത്തെ ഹനിക്കാത്ത രീതിയിൽ പഠിക്കാനുള്ള അന്തരീക്ഷം ഇവിടെ നിലനിന്നിരുന്നു. അതുപോലെതന്നെ, കാമ്പസിൽ തങ്ങളുടെ മതവിശ്വാസം പരസ്യമായി പ്രകടിപ്പിക്കാതെ കലാലയത്തെ ഒരു മതനിരപേക്ഷതയുടെ കേന്ദ്രമായിക്കണ്ട്, മതേതരമൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ വിദ്യാർഥികൾ പരിശ്രമിച്ചിരുന്നു എന്നതും ഒരു വസ്തുതയാണ്. എന്നാൽ, ഇന്ന് ഈ സ്ഥിതി മാറിത്തുടങ്ങിയിരിക്കുന്നു. വിദ്യാർഥികളുടെ മതനിരപേക്ഷചിന്തകൾ കാമ്പസുകളിൽ കുറഞ്ഞുവരുന്നതായിട്ടാണ് ഈ അടുത്തകാലത്തെ ചില അനുഭവങ്ങൾ വെളിപ്പെടുത്തുന്നത്.

കലാലയങ്ങളിൽ വെറുപ്പിന്റെയും മതസ്പർധയുടെയും ചിന്തകൾ വളർത്തിയെടുക്കാൻ ആരെങ്കിലും (അത് വിദ്യാർഥികൾ ആണെങ്കിൽപ്പോലും) ശ്രമിച്ചാൽ അത്തരം പ്രവൃത്തികൾ തികച്ചും ലാഘവത്തോടെ കാണേണ്ടതല്ല. മതേതര, വിശാലകാഴ്ചപ്പാടുള്ള ഭൂരിഭാഗംവരുന്ന വിദ്യാർഥിസമൂഹത്തിലും അതുപോലെ അധ്യാപകസമൂഹത്തിലും അനാരോഗ്യകരമായ സങ്കുചിതചിന്തകൾക്കും ചേരിതിരിവുകൾക്കും മേല്പറഞ്ഞ പ്രവർത്തനങ്ങൾ ഇടവരുത്തും എന്നത് ഏറെ ആശങ്കയുണ്ടാക്കുന്ന കാര്യമാണ്.

കാമ്പസുകളിൽ ഏതെങ്കിലും വിദ്യാർഥികൾ തങ്ങളുടെ മതപരമായ ആവശ്യങ്ങൾ (തികച്ചും വ്യക്തിപരമാണ് അവ എങ്കിൽക്കൂടിയും) അവകാശമായി അവതരിപ്പിച്ച് അധികാരികളെ സമ്മർദത്തിലാക്കുമ്പോൾ, മതേതരകാഴ്ചപ്പാടുകൾ മുറുകെപ്പിടിച്ചിരുന്ന ഭൂരിഭാഗം വിദ്യാർഥികളും തങ്ങളുടെ കാഴ്ചപ്പാടുകൾക്ക് അയവുവരുത്താൻ നിർബന്ധിതരാകും എന്നതു കാണാതെ പോകരുത്.

മൂന്നുവർഷമോ അല്ലെങ്കിൽ നാലോ അഞ്ചോ വർഷമോ ഒരുമിച്ചു കളിച്ചും ചിരിച്ചും പഠിച്ചുമൊക്കെ മുമ്പോട്ടുപോകുന്ന വിദ്യാർഥികൾക്കിടയിൽ മതപരമായ വേർതിരിവുകൾ ഉടലെടുത്താൽ, അതുപോലെ തന്റെ മുമ്പിൽ ഇരിക്കുന്ന വിദ്യാർഥിയെ മതത്തിന്റെ അടിസ്ഥാനത്തിൽ അധ്യാപകൻ കാണാൻ തുടങ്ങിയാൽ അതിന്റെ പ്രത്യാഘാതം വിവരണാതീതമായിരിക്കും.

മതം എന്നത് ഓരോരുത്തരുടെയും വ്യക്തിസ്വാതന്ത്ര്യത്തിൽ മാത്രം വരുന്ന കാര്യമാണ്. ഏതു മതമാണെങ്കിലും അതിന്റെ യഥാർഥലക്ഷ്യം ഈശ്വരചിന്തയിലൂടെ ശാന്തമായ ഒരു ആത്മീയജീവിതം നയിക്കാൻ വഴിയൊരുക്കുക എന്നതാണ്. എന്നാൽ, വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം ബൗദ്ധികമായ വളർച്ചയിലൂടെ, വ്യക്തിഗതരീതിയും നിലവാരവും മെച്ചപ്പെടുത്തി മാതൃരാജ്യത്തിന്റെ സുസ്ഥിരവികസനത്തിനും വളർച്ചയ്ക്കും ഇടയാക്കുക എന്നതാണ്. ഇതു രണ്ടും പരസ്പരപൂരകങ്ങളായി (അതായത്, ഒന്ന് മറ്റൊന്നിനെ തടസ്സപ്പെടുത്താതെ) വർത്തിക്കേണ്ടതുമാണ്.

നാളിതുവരെ കേരളത്തിലെ മിക്ക വിദ്യാഭ്യാസസ്ഥാപനങ്ങളും രാഷ്ട്രീയമോ മതപരമോ ആയ വേർതിരിവുകളിൽ ഉൾപ്പെടാതെ എല്ലാ വിഭാഗത്തിൽപ്പെട്ടവരെയും ഒരുപോലെ ഉൾക്കൊണ്ട് സാമൂഹികസാംസ്കാരികരംഗത്തെ വളർച്ചയ്ക്ക് ആക്കം കൂട്ടുന്നതിൽ മുൻപന്തിയിൽ നിൽക്കുന്നവയാണ്.

കേരളത്തിലെ എയ്ഡഡ് കോളജുകളിൽ ഭൂരിഭാഗവും ക്രിസ്ത്യൻ മാനേജുമെന്റുകളാണു നിയന്ത്രിക്കുന്നത്. എങ്കിലും, ഒരു ക്രിസ്ത്യൻസ്ഥാപനംപോലും വിദ്യാഭ്യാസപ്രക്രിയയിൽ തങ്ങളുടെ മതപരമായ ആശയങ്ങൾ മറ്റു മതത്തിൽപ്പെട്ട വിദ്യാർഥികളിൽ അടിച്ചേല്പിക്കാനോ മതപരമായി വിവേചനം കാണിക്കാനോ യാതൊരുവിധ ശ്രമവും നടത്തുന്നില്ല എന്നത് ആരും വിസ്മരിച്ചുകൂടാ.

ഏതു മതവിഭാഗത്തിൽപ്പെട്ടവർക്കും സാന്മാർഗികമൂല്യങ്ങൾ പകർന്നുനൽകി അവരെ രാഷ്ട്രത്തിന്റെ ഐക്യത്തിനും നന്മയ്ക്കുമായി പ്രാപ്തരാക്കുക എന്നതാണ് ക്രിസ്തീയസഭയുടെ വിദ്യാഭ്യാസപ്രവർത്തനങ്ങൾ ലക്ഷ്യം വയ്ക്കുന്നത്.

ഓരോ സ്ഥാപനത്തിനും അതിന്റേതായ ചട്ടക്കൂടും പോളിസിയുമുണ്ട്. ഓരോ വിദ്യാർഥിയും പ്രസ്തുത സ്ഥാപനത്തിന്റെ ചട്ടക്കൂട് അംഗീകരിച്ച് അതിനനുസൃതമായ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ ബാധ്യസ്ഥരാണ്. അല്ലാതെ ഓരോ വിദ്യാർഥിയും തങ്ങളുടെ ആശയങ്ങൾ കാമ്പസുകളിൽ നടപ്പാക്കണമെന്നു വാശിപിടിച്ചാൽ അതിനെതിരേ പൊതുബോധമുള്ള ഭൂരിപക്ഷം ജനങ്ങളും പ്രതികരിക്കും എന്നതിൽ തർക്കമില്ല.

പല കലാലയങ്ങളിലും വിദ്യാർഥിരാഷ്ട്രീയം സാധാരണമായി കണ്ടുവരുന്നുണ്ട്. അക്രമാസക്തമായ കാര്യങ്ങൾ അത്തരം രാഷ്ട്രീയപ്രവർത്തനത്തിന്റെ ഭാഗമായി ചിലപ്പോഴെങ്കിലും ഉണ്ടാകുന്നുമുണ്ട്. അതു തികച്ചും അപലപനീയമായ കാര്യമാണുതാനും. എങ്കിലും, വിദ്യാർഥികൾക്കിടയിലെ രാഷ്ട്രീയപ്രവർത്തനങ്ങൾമൂലം അവർക്കിടയിൽ ആശയപരമായ അഭിപ്രായവ്യത്യാസങ്ങൾ ഉടലെടുക്കാമെങ്കിലും, ഭൂരിഭാഗം വിദ്യാർഥികളിലും വെറുപ്പോ സ്പർധയോ മറ്റു വിഭജനചിന്തകളോ ഉണ്ടാകുന്നില്ല എന്നത് എടുത്തുപറയേണ്ട കാര്യമാണ്. എന്നാൽ, മതപരമായ വേർതിരിവുകൾ വിദ്യാർഥികൾക്കിടയിൽ ഉടലെടുത്താൽ അതു പഠനാന്തരീക്ഷം കലുഷിതമാക്കുക മാത്രമല്ല; മറിച്ച്, വ്യക്തിബന്ധങ്ങളും തകരാനിടയാകും. പരസ്പരവിശ്വാസവും സ്നേഹവും ബഹുമാനവും ഇല്ലാതെ ഒരു സമൂഹം വളർന്നുവരാൻ ഇടയായാൽ, അതു പ്രകൃതിദുരന്തത്തെക്കാൾ വലിയ നാശം വിതറാൻ ശേഷിയുള്ളതായി മാറാം. ഒരുപക്ഷേ, രാജ്യത്തിന്റെ നിലനില്പിനെത്തന്നെ അസ്ഥിരപ്പെടുത്താൻ അത്തരം പ്രവർത്തനങ്ങൾ ഇടവരുത്തും.

വിദ്യാഭ്യാസസ്ഥാപനങ്ങൾ തികച്ചും ഒരു പരിശീലനക്കളരിയാണ്. അവിടെ ഭൗതികവിജ്ഞാനവും സർഗാത്മകകഴിവുകളും സാമൂഹികമൂല്യങ്ങളുമാണു പരിശീലിപ്പിക്കുന്നത്. അത്തരം പരിശീലനം നേടുന്നയാൾ (വിദ്യാർഥി) തന്റെ കാഴ്ചപ്പാടുകൾക്കും ഇഷ്ടങ്ങൾക്കുമനുസരിച്ചുമാത്രമേ പരിശീലനപ്രവർത്തനങ്ങൾ നടത്താവൂ അല്ലെങ്കിൽ അതിൽ പങ്കാളിയാകൂ എന്നു ശഠിക്കാൻ തുടങ്ങിയാൽ അതിന്റെ പരിണതഫലം നാളിതുവരെ അനുവർത്തിച്ചുപോന്ന മാതൃകാപരമായ ഒരു 'കേരളമോഡൽ സംസ്കാര'ത്തിന്റെ അന്ത്യമാവും.

ഗുണമേന്മയുള്ള വിദ്യാഭ്യാസവും നല്ല പരിശീലനസൗകര്യവും വിദ്യാർഥിയുടെ അവകാശമാണ് എന്നതിൽ തർക്കമില്ല. അതിൽ പോരായ്മകളുണ്ടെങ്കിൽ അവ അനുവദനീയമായ രീതിയിൽ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള സ്വാതന്ത്ര്യം ഇന്ന് എല്ലാ സ്ഥാപനങ്ങളിലും നിലവിലുണ്ട്. അതിനുവേണ്ടുന്ന എല്ലാ നിയമസംവിധാനങ്ങളും കേന്ദ്രസംസ്ഥാന സർക്കാരുകൾതന്നെ വിദ്യാർഥികൾക്കായി ഒരുക്കി നല്കിയിട്ടുള്ളതുമാണ്.

ലോകോത്തരനിലവാരമുള്ള നാലു വർഷബിരുദപഠനപ്രക്രിയയുമായി കേരളത്തിലെ ഉന്നതവിദ്യാഭ്യാസം മുമ്പോട്ടു കുതിക്കുന്ന ഈ കാലഘട്ടത്തിൽ അക്കാദമികമികവ് ആർജിച്ച്, മത, രാഷ്ട്രീയ ചിന്തകൾക്കതീതമായി 'മലയാളി' എന്ന ഒരു വികാരംമാത്രം വളർത്തിയെടുക്കാൻ ഈ തലമുറയിലെ വിദ്യാർഥികൾക്കാവണം.

ഇന്ന്, പ്രകൃതിദുരന്തത്തിലും മറ്റും ഒരു ജീവനായാൽപ്പോലും രക്ഷിക്കാൻ ജാതി മത രാഷ്ട്രീയഭേദമെന്യേ എല്ലാവരും സഹകരിക്കുന്നത് കേരളത്തിന്റെ മഹത്തായ പൈതൃകംകൊണ്ടാണ്. അതിലും പതിന്മടങ്ങു ശക്തിയോടെ കേരളസമൂഹം ഒറ്റക്കെട്ടായി പ്രതിരോധിക്കേണ്ടത് കാമ്പസുകളിൽ വിദ്യാർഥികൾ നേരിട്ടോ അല്ലെങ്കിൽ അവരെ ഉപയോഗിച്ചോ നടത്തുന്ന വിവിധ തരത്തിലുള്ള വിഭജനപ്രവർത്തനങ്ങളെയാണ്. അതു മതത്തിന്റെ പേരിലാണെങ്കിൽ അത്തരം പ്രവർത്തനങ്ങളെ ആരംഭത്തിൽത്തന്നെ പ്രതിരോധിക്കാൻ പൗരബോധവും യഥാർഥമതബോധവുമുള്ള മലയാളികൾക്കാവണം. അല്ലാത്തപക്ഷം അത്തരം പ്രവർത്തനങ്ങൾ സൃഷ്ടിച്ചേക്കാവുന്ന ദുരന്തം വിവരണാതീതമായിരിക്കും. ■

## കൂട്

കഥ

റോണിയ സണ്ണി

നല്ല വസ്ത്രങ്ങളൊക്ക വാഷിങ് മെഷീനിൽ ഇട്ടു നശിപ്പിക്കേണ്ട, കൈകൊണ്ടുതന്നെ കഴുകിയിട്ടേക്കാമെന്നു കരുതിയാണ് അലക്കാനിറങ്ങിയത്. മകനെ ഭാവിയിൽ ഒരു നല്ല ഭർത്താവാക്കാനുള്ള ട്രെയിനിങ്ങിന്റെ ഭാഗമായി അല്ലറചില്ലറ വീട്ടുജോലികളിലൊക്കെ ഞാൻ അവനെ പങ്കെടുപ്പിക്കാറുണ്ട്. ഇന്ന് അലക്കാൻ പഠിപ്പിച്ചേക്കാമെന്നു കരുതി അവനെയും ഒപ്പം കൂട്ടി. തുണികളൊക്കെ അലക്കിപ്പിഴിഞ്ഞപ്പോഴാണ് ഒരു ഫോൺകോൾ വന്നത്. തുണികളൊക്കെ ബക്കറ്റിൽ എടുത്തുവയ്ക്കാൻ മോനോടു പറഞ്ഞിട്ട് ഫോൺ വിളിക്കാൻ പോയി. വിശാലമായ ഫോൺവിളിയൊക്കെ കഴിഞ്ഞു വന്നു തുണി വിരിച്ചിട്ടപ്പോഴാണ് മോന്റെ നിലവിളി.

"അയ്യോ, അമ്മേ അപ്പേടെ വെള്ളഷർട്ട് എങ്ങനാ ചുവന്നുപോയത്?" എന്റെ കളറിളകുന്ന ഡ്രസ്സിന്റെ ഒപ്പമാണ് മോൻ അപ്പന്റെ പുതിയ വെള്ളഷർട്ട് എടുത്തുവച്ചതെന്ന് അപ്പോഴാണു മനസ്സിലായത്. കളറിളകുന്ന തുണികൾ മറ്റു തുണികൾക്കൊപ്പം വയ്ക്കരുതെന്ന് അലക്കുക്ലാസ്സിന്റെ ആദ്യം പഠിപ്പിക്കാൻ ഞാൻ മറന്നുപോയിരുന്നു.

അപ്പോൾ കുറ്റം എന്റേതുതന്നെ. അവനെ പഴിചാരി രക്ഷപ്പെടാൻ പറ്റില്ല. എന്തായാലും, ഞാൻ പെട്ടു. ഷർട്ടും പോയി. എങ്കിൽ പിന്നെ മോന് ഫ്രീ ആയി ഒരു ഉപദേശം കൊടുത്തേക്കാമെന്നു കരുതി.


ഞാൻ അവനോടു പറഞ്ഞു: "മോനേ, ഈ തുണികൾപോലെയാ നമ്മുടെ കൂട്ടുകാരും."

"അതെന്താ അവരെയും പിഴിഞ്ഞ് അയയിൽ വിരിക്കണോ?" ചെറുക്കന്റെ സംശയം.

"അതല്ലേടാ... നമ്മൾ ആരുടെകൂടെ കൂടുന്നോ അവരുടെ സ്വഭാവം നമ്മളെയും സ്വാധീനിക്കും. വെള്ളഷർട്ടിൽ ചുവന്ന കളർ പിടിച്ചതുപോലെ."

"നല്ലതു പറയുകയും നന്മ ചെയ്യുകയും നന്നായി പഠിക്കുകയും പോസിറ്റീവായി ചിന്തിക്കുകയും ചെയ്യുന്നവരോടൊപ്പം കൂടിയാൽ നമ്മളും അതുപോലെയാകും. മറിച്ച്, തെറ്റുചെയ്ത് ഉഴപ്പി നടക്കുന്നവരുടെ കൂടെക്കൂടിയാൽ നിനക്കും ഈ ഷർട്ടിന്റെ അവസ്ഥയാകും. ഉപയോഗശൂന്യമായി ആർക്കും വേണ്ടാതെ വേസ്റ്റ്ബാസ്കറ്റിൽ എറിയപ്പെടും. അതുകൊണ്ടാണ്, അമ്മ എപ്പോഴും പറയുന്നത് നല്ല കുട്ടികളുമായി കൂട്ടുകൂടണമെന്ന്. നിന്റെ ഒപ്പം കൂടുന്നവർക്ക് നീ ഒരു അനുഗ്രഹമാവുകയും വേണം." ■

# നവദമ്പതിമാർ വായിച്ചിരുന്നെങ്കിൽ



സി. എൽ. ജോസ്

**അ**മേരിക്കയിലെ ലോസ് ആഞ്ചലെസ് നഗരത്തിൽ 1987 സെപ്റ്റംബറിൽ ആഗോള കത്തോലിക്കാസഭയുടെ തലവനായ ജോൺപോൾ രണ്ടാമൻ മാർപാപ്പാ സന്ദർശാനാർഥം എത്തി. ആ മഹാനഗരത്തിന്റെ അന്തസ്സും പ്രൗഢിയും പാരമ്പര്യവും വിളിച്ചറിയിക്കുന്നതായിരുന്നു അവിടത്തെ ആഡംബരങ്ങളും ആർഭാടങ്ങളും സ്വീകരണപരിപാടികളും.

ലോസ് ആഞ്ചലെസിലെ ആ മഹാസമ്മേളനത്തിൽ മാർപാപ്പായെ ഏറ്റവും കൂടുതൽ ആകർഷിച്ചത് ഒരു ചെറുപ്പക്കാരനായിരുന്നു; ആ യുവാവിന്റെ പേര് ടോണി മെലൻഡസ്. അദ്ദേഹം ഒരു വികലാംഗനായിരുന്നു. ആ ചെറുപ്പക്കാരൻ വിസ്മയകരമായി ഗിറ്റാർ വായിക്കുന്നു. പക്ഷേ, അദ്ദേഹത്തിനു രണ്ടു കരങ്ങളുമില്ല. തന്റെ കാലുകൾകൊണ്ടാണ് ആ യുവാവ് ഗിറ്റാർ വായിച്ചത്.


അത്യന്തം അതിശയകരമായ ആ വായന അവിടെക്കൂടിയിരുന്ന ജനലക്ഷങ്ങളെ ആനന്ദസാഗരത്തിൽ ആറാടിച്ചു. ഗായകനും ഗാനരചയിതാവുംകൂടിയായ അദ്ദേഹത്തിന്റെ മാസ്മരികമായ സംഗീതപരിപാടി ആ മഹാപുരുഷാരത്തെ ആസ്വാദനത്തിന്റെ സ്വർഗീയമേഖലയിലേക്കുയർത്തി. അതിശയത്തോടും ഏതാണ്ടൊരു അമ്പരപ്പോടുംകൂടി അതു ശ്രദ്ധാപൂർവം വീക്ഷിച്ച മാർപാപ്പായുടെ കണ്ണുകൾ ആനന്ദത്താൽ ഈറനണിഞ്ഞു.

സ്വീകരണച്ചടങ്ങുകൾ കഴിഞ്ഞപ്പോൾ മാർപാപ്പാ മെലൻഡസിനെ കാണണമെന്ന് ആവശ്യപ്പെട്ടു. അത്യന്തം ആവേശഭരിതനായി, കരങ്ങളില്ലാത്ത ആ യുവാവ് തന്റെ ഗിറ്റാറുമായി മാർപാപ്പായുടെ മുമ്പിൽ വിനയാന്വിതനായി മുട്ടുകുത്തി കരങ്ങൾ ചുംബിച്ചു. മാർപാപ്പാ ആ യുവാവിനെ വാത്സല്യപൂർവം കെട്ടിപ്പുണർന്നു ചുംബിച്ചു. അകമഴിഞ്ഞ് അനുമോദിച്ചു. ദൈവാനുഗ്രഹങ്ങൾ ആശംസിച്ചു. ആകാംക്ഷയോടെ കാര്യങ്ങൾ ചോദിച്ചറിഞ്ഞു. റെക്കോർഡിങ് ആർട്ടിസ്റ്റുകൂടിയായ ആ യുവാവ് തന്റെ ജീവിതകഥ ഹ്രസ്വമായി മാർപാപ്പായോടു വിവരിച്ചു:

''ഞാൻ കരങ്ങളില്ലാതെയാണു ജനിച്ചത്. എന്റെ മാതാപിതാക്കൾക്ക് എന്നെ വേണമെന്നുണ്ടായിരുന്നില്ല. എന്നെ കളിപ്പിക്കാനോ ചിരിപ്പിക്കാനോ അവർ തയ്യാറായില്ല. അവർ അവഗണനാമനോഭാവം പലതരത്തിൽ എന്നോടു പ്രകടിപ്പിച്ചു. എന്റെ അമ്മയ്ക്കു ഞാൻ ജനിച്ചത് അസഹ്യമായിരുന്നുവെന്ന്, അമ്മയുടെ സംഭാഷണത്തിൽനിന്നു ഞാൻ ഗ്രഹിച്ചിട്ടുണ്ട്. അബോർഷൻ നടത്തി എന്നെ നശിപ്പിക്കണമെന്ന് എന്റെ പിതാവു തീരുമാനിച്ചു. അവർ ഇരുവരും ഇതു ചർച്ച ചെയ്തുറപ്പിച്ചു. അതിനായി അമ്മ ഗർഭച്ഛിദ്രത്തിനുള്ള മരുന്നു കഴിച്ചു. പക്ഷേ, ഞാൻ ജീവിച്ചു. പ്രകാശം കാണണമെന്നതായിരുന്നു ദൈവത്തിന്റെ തിരുവിഷ്ടം. അങ്ങനെ, എന്റെ മാതാപിതാക്കളുടെ ആസൂത്രിത പദ്ധതിയെ പരാജയപ്പെടുത്തി സ്വർഗീയപിതാവ് എനിക്കായി ആസൂത്രണം ചെയ്തിരുന്ന പദ്ധതി നടപ്പാക്കി.

ബൈബിൾവാക്യങ്ങൾ പലതും അനായാസമായി ഉദ്ധരിച്ചുകൊണ്ട് ഇടറിയ സ്വരത്തിൽ അയാൾ തുടർന്നു:

''മാതാവിന്റെ ഉദരത്തിൽ




നിനക്കു രൂപം നൽകുന്നതിനു മുമ്പേ, ഞാൻ നിന്നെ അറിഞ്ഞു; ജനിക്കുന്നതിനുമുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു; ജനതകൾക്കു പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു." (ജറെമിയ 1:5)

"പെറ്റമ്മ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല." (ഏശയ്യ 49:15)

"നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത് - നിങ്ങൾക്കു ശുഭമായ ഭാവിയും പ്രത്യാശയും നല്കുന്ന പദ്ധതി." (ജറെമിയ 29:11) തുടങ്ങിയ ബൈബിൾ വാക്യങ്ങൾ!

മെലൻഡസിന്റെ ജീവിതകഥ വേദപാഠക്ലാസിലെ ഒരു കൊച്ചുകുട്ടിയെപ്പോലെ മാർപാപ്പാ ആശ്ചര്യപൂർവം കേട്ടുകൊണ്ടുനിന്നു. യുവാവു തുടർന്നു: "പിതാവേ! എന്റെ അമ്മ എന്നെ നശിപ്പിക്കാൻ അതിരഹസ്യമായി കഴിച്ച മാരകമായ മരുന്ന് എന്റെ ജീവിതയാത്രയുടെ ആരംഭത്തിൽത്തന്നെ എന്റെ രണ്ടു കരങ്ങളെയും ഉരുക്കിക്കളഞ്ഞു..." ഗദ്ഗദത്തോടെയുള്ള ആ അനുഭവകഥ തുടർന്നുകേൾക്കാൻ കെല്പില്ലാത്തവനെപ്പോലെ മാർപാപ്പാ വികാരഭരിതനായി ആ യുവാവിനെ ആലിംഗനം ചെയ്ത് ആശ്വസിപ്പിച്ചു: "മകനേ! നിന്നെ ദൈവം അനുഗ്രഹിക്കട്ടെ."

ഇത്രയുമായ നിലയ്ക്ക് ആ യുവാവ് ധൈര്യം അവലംബിച്ചുകൊണ്ടു തുടർന്നു: ''എന്നെ വളർത്തിയതും ശുശ്രൂഷിച്ചതും കോൺവെന്റിലെ സ്നേഹവതികളായ സിസ്റ്റേഴ്സാണ്. എന്നെ പരിചരിച്ചു വളർത്തിയ ആ അമ്മമാർ, കൈകൊണ്ടു ചെയ്യാവുന്ന കാര്യങ്ങളെല്ലാം കാലുകൾകൊണ്ടു ചെയ്യാൻ എന്നെ അഭ്യസിപ്പിച്ചു. എഴുതാനും ടൈപ്പു ചെയ്യാനും ചിത്രം വരയ്ക്കാനും ഗിറ്റാർ വായിക്കാനും ഗാനമാലപിക്കാനും ആ നല്ല അമ്മമാർ എന്നെ പരിശീലിപ്പിച്ചു. അഭിവന്ദ്യപിതാവേ, ഇന്നു ഞാൻ ധന്യനാണ്. ഒരു വാക്കുകൂടി."

"എന്താണു മകനേ?"

''എന്നെ വേണ്ടെന്നുവച്ച് നശിപ്പിക്കാൻ ശ്രമിച്ച എന്റെ മാതാപിതാക്കൾ അങ്ങ് ഇവിടെ അർപ്പിച്ച ദിവ്യബലിയിൽ സംബന്ധിച്ചിട്ടുണ്ട്.... പിതാവേ! അവരെയും അനുഗ്രഹിക്കണമേ!"

നിറമിഴികളോടെ നടത്തിയ ഹൃദയസ്പർശിയായ അപേക്ഷ. ദൈവമേ, അങ്ങയുടെ വഴികൾ എത്രയോ വിസ്മയകരം, എത്രയോ നിഗൂഢം!

മേൽവിവരിച്ച സംഭവം വേദനാജനകമായ എന്തെല്ലാം വസ്തുതകളാണ് നമ്മെ പഠിപ്പിക്കുന്നത്. യഥാർഥദാമ്പത്യത്തിന്റെ കർമവും ധർമവും പാലിക്കാതെ സുഖഭോഗങ്ങളിൽ മാത്രം മുഴുകി ജീവിക്കുന്ന ദമ്പതികൾക്ക് ഇതൊരു താക്കീതാണ്. ശയനമുറിയിലെ സന്തോഷത്തിന്റെ പാരമ്യമുഹൂർത്തത്തിൽ ഉരുവാകുന്ന സ്വന്തം കുഞ്ഞിനെ സ്വാർഥസൗകര്യങ്ങൾക്കുവേണ്ടി മാരകമായ മരുന്നുകൾ വഴി നിഷ്കരുണം വധിക്കുന്ന പൈശാചികകൃത്യം ദമ്പതികൾക്കു ശാപം വരുത്തിവയ്ക്കുമെന്ന് ഓർക്കുക.

സ്വന്തം താത്പര്യങ്ങൾക്കുവേണ്ടി ഗർഭപാത്രത്തെ കൊലക്കളമാക്കിയ അമ്മമാർ പലരും കടുത്ത കുറ്റബോധത്തിൽ പിന്നീടു മാനസികരോഗികളായിത്തീർന്നുവെന്ന പൊള്ളുന്ന സത്യം പുത്തൻദമ്പതിമാർ ഓർത്തിരുന്നെങ്കിൽ! ■

# മാതാപിതാക്കൾ മക്കളുടെ കൂട്ടുകാരോ?



ഷാജി മാലിപ്പാറ

**മാ**താപിതാക്കൾ മക്കളുടെ കൂട്ടുകാരാകണോ? നിങ്ങൾ മക്കൾക്കു കൂട്ടുകാരാണോ? മക്കളുടെ കൂട്ടുകാരാണെന്ന് ഉറപ്പുള്ള മാതാപിതാക്കൾ ആരൊക്കെയുണ്ട്? രക്ഷാകർത്തൃസെമിനാറുകളിൽ പതിവായി ഉയർത്തുന്ന ഈ ചോദ്യങ്ങൾക്കു പെട്ടെന്ന് പ്രതികരണം ലഭിക്കാറുണ്ട്. ഒത്തിരി അച്ഛനമ്മമാർ മക്കളുടെ കൂട്ടുകാരായി സ്വയം സാക്ഷ്യപ്പെടുത്തും.

''അമ്മയും അച്ഛനും മക്കളുടെ കൂട്ടുകാരായാൽ എന്താണു മെച്ചം?'' ഈ ചോദ്യത്തിനും ഉടൻ ഉത്തരം കിട്ടും. "നമ്മൾ കൂട്ടുകാരായാൽ മക്കൾ എല്ലാക്കാര്യങ്ങളും പറയും. രഹസ്യങ്ങൾ പോലും പറയാൻ മടിക്കില്ല."

മക്കളുടെ രഹസ്യങ്ങൾ ചോർത്താനാണോ അവരുടെ കൂട്ടുകാരാകുന്നത് എന്ന ചോദ്യത്തിനു പക്ഷേ, ഒരു പുഞ്ചിരിയോ മൗനമോമാത്രമാകും മറുപടി. മാതാപിതാക്കളുടെ ഈ ധാരണ എത്രമാത്രം ശരിയാണ്? കൂട്ടുകാരായി പെരുമാറുന്ന മാതാപിതാക്കളോട് മക്കൾ ഒത്തിരി വിശേഷങ്ങൾ വിസ്തരിക്കുമെന്നതിൽ തർക്കമില്ല. എന്നാൽ എല്ലാ രഹസ്യങ്ങളും അവർ കൈമാറുമോ? ഇല്ലെന്നതാണ് വാസ്തവം. അവർക്ക് രഹസ്യങ്ങൾ ഉണ്ട്. അത് ആരോടെങ്കിലും പറയുകയും വേണം. അതിനവർക്ക് പറ്റിയ കൂട്ടുകാർ വേറേയുണ്ട്. അവരോടു പറഞ്ഞുകൊള്ളും.

മാതാപിതാക്കളോടു പറയണമെന്നു കരുതുന്ന കാര്യങ്ങളൊക്കെ കുട്ടികൾ പറയുന്നതിനു പരസ്പരസൗഹൃദം നല്ലതാണ്. അതേസമയം, പറയേണ്ടതില്ല എന്നു മക്കൾ നിശ്ചയിച്ചിട്ടുള്ള ഒരു കാര്യവും അവർ സ്വന്തം മാതാപിതാക്കളോടു പറയുകയില്ലെന്നു തീർച്ച. അക്കാര്യങ്ങളൊക്കെയും കൂട്ടുകാരോടു പങ്കുവയ്ക്കുകയും ചെയ്യും. അത്തരം ചില കാര്യങ്ങൾ, ഏറെനാളുകൾ കഴിഞ്ഞ് കൂട്ടുകാർ പറഞ്ഞ് മാതാപിതാക്കൾ അറിഞ്ഞെന്നും വരാം. മക്കളുടെ രഹസ്യങ്ങൾ ചികഞ്ഞറിയാൻവേണ്ടി അവരുടെ കൂട്ടുകാരായിട്ടു കാര്യമൊന്നുമില്ല. അതിനു കുറച്ചെങ്കിലും പറ്റിയ മാർഗം മറ്റൊന്നാണ്: മക്കളുടെ കൂട്ടുകാരുമായി കൂട്ടുകൂടുക! അതിലൂടെ പല കാര്യങ്ങളും അറിയാൻ കഴിഞ്ഞെന്നു വരും.



മാതാപിതാക്കൾ മക്കളുടെ കൂട്ടുകാരാകേണ്ടായെന്നു കേൾക്കുമ്പോൾ പല രക്ഷിതാക്കളുടെയും നെറ്റി ചുളിയാറുണ്ട്. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും അതിനു പ്രസക്തിയില്ലേ എന്നതാണ് അവരുടെ ചോദ്യം. പ്രസക്തിയുള്ളത് മറ്റൊരു വിധത്തിലാണ്. മക്കളോട് തുറവും സ്നേഹവും അടുപ്പവും വേണം. പഴയ കാലത്ത് എന്നപോലെ കുടുംബങ്ങളിൽ മുതിർന്നവരുടെ ലോകവും കുട്ടികളുടെ ലോകവും തമ്മിലുള്ള വേർതിരിവ് ഇപ്പോഴില്ല. രണ്ടു ലോകങ്ങളും ഒന്നായിത്തീർന്നിരിക്കുന്നു. സമഭാവനയും സാഹോദര്യവുമൊക്കെ മൂല്യങ്ങളിൽ മുൻഗണന നേടിയതും മറക്കരുത്. അതിനാൽ ഇരുകൂട്ടരും തമ്മിൽ സൗഹൃദം കൂടിയേ തീരൂ. അപ്പോഴും ഉറപ്പിച്ചുപറയട്ടെ, മാതാപിതാക്കൾ മക്കൾക്ക് ഒരിക്കലും കൂട്ടുകാരാകരുത്. കൂട്ടുകാരെപ്പോലെ ആവുക. ഇവിടെ 'പോലെ' എന്നതിനു വളരെ പ്രാധാന്യമുണ്ട്. മാതാപിതാക്കൾ മക്കളോട് എത്ര അടുപ്പം കാണിച്ചാലും അവർ അച്ഛനും അമ്മയുമാണ്. മക്കൾക്കു രണ്ടുപേരെയും ആവശ്യമുണ്ട്. സങ്കടങ്ങളുടെ നിമിഷങ്ങളിൽ മക്കൾക്ക് മുഖമണച്ചുപിടിക്കാൻ അമ്മയുടെ സ്നേഹനിർഭരമായ നെഞ്ചുതന്നെ വേണം. സന്ദേഹത്തിന്റെ സന്ദർഭങ്ങളിൽ ചേർന്നുനിൽക്കാൻ അച്ഛന്റെ കരുത്തുറ്റ ചുമലുതന്നെ വേണം. അതിനുപകരമാവില്ല കൂട്ടുകാരെന്നു മറക്കാതിരിക്കുക.

ആൻഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകളിൽ നാമിങ്ങനെ വായിക്കുന്നു: "എന്റെ മമ്മി എന്നെയും ചേച്ചിയെയും കൂട്ടുകാരായിട്ടാണ് കാണുന്നതെന്ന് പറഞ്ഞു. അതു വലിയ കുഴപ്പമാണ്. എനിക്ക് കൂട്ടുകാർ വേറേ ധാരാളം പേരുണ്ട്. മമ്മി വേറേയില്ല. ഒരു കൂട്ടുകാരിക്ക് ഒരു അമ്മയുടെ സ്ഥാനം ഒരിക്കലും ശരിയായി നിർവഹിക്കാൻ കഴിയുകയില്ല. എനിക്ക് എന്റെ അമ്മയെ അമ്മയായിത്തന്നെ വേണം."

കഴിഞ്ഞ നൂറ്റാണ്ടിൽ യൂറോപ്പിലിരുന്ന് ആ കൗമാരക്കാരി എഴുതിയ വാക്കുകൾ ഈ നൂറ്റാണ്ടിൽ നമ്മുടെ നാട്ടിലും പ്രസക്തിയുള്ളതാണ്. 2024 ലെ പുതുകാലത്തും അമ്മയും അച്ഛനും മക്കൾക്ക് ആവശ്യമുള്ളവർ തന്നെ. ഒരു സോപ്പിന്റെ പരസ്യത്തിൽ പറയുന്നപോലെ ചർമം കണ്ടാൽ അമ്മയാണെന്നു തോന്നണമെന്നില്ല. പക്ഷേ, കർമം കണ്ടാൽ അമ്മയും അച്ഛനുമാണെന്ന് മക്കൾക്കു തോന്നണം. അതാണു പ്രധാനം. ■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ

മകനേ, കഴിവിനൊത്തു ചെലവു ചെയ്തുകൊള്ളുക; കർത്താവിനു യോഗ്യമായ കാഴ്ചകൾ സമർപ്പിക്കുകയും ചെയ്യുക.
പ്രഭാഷകൻ 14:11

എഡിറ്റോറിയൽ

# സിനിമാമേഖലയിലെ അഴിഞ്ഞാട്ടങ്ങൾ അവസാനിപ്പിക്കണം

മലയാളചലച്ചിത്രലോകത്തെ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെപ്പറ്റി പഠിക്കാൻ നിയോഗിച്ചിരുന്ന ജസ്റ്റീസ് ഹേമ കമ്മിറ്റിയുടെ റിപ്പോർട്ട് പുറത്തുവിട്ടതോടെ ഞെട്ടിക്കുന്ന വിവരങ്ങളാണു വെളിച്ചത്തുവന്നിരിക്കുന്നത്. വെള്ളിത്തിരയ്ക്കു പിന്നിലെ അസാന്മാർഗികതയ്ക്കും അഴിഞ്ഞാട്ടങ്ങൾക്കുമെതിരേ ശുദ്ധികലശത്തിന്റെ പടവാളുയർത്തിയിരിക്കുകയാണ് റിപ്പോർട്ട്.

കൊച്ചിയിൽ നടി ആക്രമിക്കപ്പെട്ട പ്രമാദമായ കേസിനെത്തുടർന്നാണ്, സിനിമാമേഖലയിലെ ഒരുകൂട്ടം സ്ത്രീകളുടെ നേതൃത്വത്തിൽ വിമൻ ഇൻ സിനിമ കളക്ടീവ് (ഡബ്ല്യുസിസി) എന്ന സംഘടന രൂപീകരിക്കുകയും 2017 ജൂണിൽ മുഖ്യമന്ത്രി പിണറായി വിജയനു പരാതി നൽകുകയും ചെയ്തത്. അതേവർഷം ജൂലൈയിൽ ജസ്റ്റീസ് ഹേമ അധ്യക്ഷയും മുൻ ഐ.എ.എസ്. ഉദ്യോഗസ്ഥ കെ.സി. വത്സലകുമാരി, നടി ശാരദ എന്നിവർ അംഗങ്ങളുമായി മൂന്നംഗക്കമ്മിറ്റിയെ സർക്കാർ നിയമിച്ചു. കമ്മിറ്റി 2019 ഡിസംബർ 31 ന് മുഖ്യമന്ത്രിക്കു സമർപ്പിച്ച റിപ്പോർട്ടാണ് ഇപ്പോൾ നാലരവർഷത്തിനുശേഷം (2024 ഓഗസ്റ്റ് 19) പുറത്തുവിട്ടിരിക്കുന്നത്.

സിനിമാമേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾ നേരിടുന്ന കടുത്ത ലൈംഗികപീഡനവും ചൂഷണവും മനുഷ്യാവകാശലംഘനവും അക്കമിട്ടു നിരത്തുന്നതാണ് ഹേമ കമ്മിറ്റി റിപ്പോർട്ട്. വ്യക്തികളുടെ സ്വകാര്യതയെ ഹനിക്കുന്ന വിവരങ്ങൾ വെളിപ്പെടുത്തരുതെന്ന് സംസ്ഥാന വിവരാവകാശക്കമ്മീഷൻ നിർദേശിച്ചതനുസരിച്ച്, 295 പേജുള്ള റിപ്പോർട്ടിലെ 63 പേജുകൾ പുറത്തുവിട്ടിട്ടില്ല. സിനിമാരംഗത്തെ വർണപ്പകിട്ടുകൾ പുറംമോടിമാത്രമാണെന്നും സിനിമയുടെ ആകാശം ദുരൂഹതകൾ നിറഞ്ഞതാണെന്നും അറിയേണ്ടിവന്നിരിക്കുന്നു. റിപ്പോർട്ടു തുടങ്ങുന്നത് ഇപ്രകാരമാണ്: "തിളക്കമുള്ള നക്ഷത്രങ്ങളും സുന്ദരചന്ദ്രനുമുള്ള ആകാശം നിഗൂഢതകൾ നിറഞ്ഞതാണ്. നക്ഷത്രങ്ങൾക്കു തിളക്കമോ ചന്ദ്രന് അത്രയേറെ സൗന്ദര്യമോ ഇല്ല..." നിരാശ നിഴലിച്ച പൊള്ളുന്ന കഥകൾ സ്ത്രീകളിൽനിന്നുമാത്രമല്ല, പുരുഷന്മാരിൽനിന്നും കേൾക്കാനിടയായെന്നു റിപ്പോർട്ട് നിരീക്ഷിക്കുന്നുണ്ട്. അപ്രിയസത്യങ്ങളുടെ ആകാശക്കോട്ടകളാണ് ഇപ്പോൾ ഇടിഞ്ഞുപൊളിഞ്ഞുവീണിരിക്കുന്നത്.

തൊഴിലിടങ്ങളിലും യാത്രാമധ്യേയും താമസസ്ഥലത്തും ലൈംഗികപീഡനവും അതിക്രമവും, ലൈംഗികതാത്പര്യങ്ങൾക്കു വഴങ്ങിയില്ലെങ്കിലോ എതിർത്താലോ ഉപദ്രവം, സൈബറാക്രമണങ്ങൾ, ശുചിമുറിയും വസ്ത്രംമാറാനുള്ള മുറികളും ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങളുടെ നിഷേധം, തൊഴിൽസ്ഥലത്തും ഫോണിലും അശ്ലീലഭാഷാപ്രയോഗം, മദ്യം മയക്കുമരുന്നുപയോഗം, ലിംഗവിവേചനം, കരാറുകളില്ലാതെയുള്ള തൊഴിൽ, സമ്മതിച്ച വേതനംപോലും നല്കാതിരിക്കൽ ഇങ്ങനെ സ്ത്രീകളുടെ ദുരവസ്ഥകൾ എണ്ണിപ്പറഞ്ഞാണ് ഹേമകമ്മിറ്റി റിപ്പോർട്ട് പുറത്തുവിട്ടിരിക്കുന്നത്.

സിനിമാമേഖലയിൽ ആണധികാരത്തിന്റെ ആറാട്ടാണു നടക്കുന്നതെന്നും മേഖല അടക്കിഭരിക്കുന്നത് പതിനഞ്ചു പേരടങ്ങുന്ന പവർഗ്രൂപ്പാണെന്നും പൊതുസമൂഹം തിരിച്ചറിഞ്ഞിരിക്കുന്നു. പുരുഷന്റെ കാഴ്ചപ്പാടുകൾക്കനുസൃതം വേഷംകെട്ടിയാടാൻമാത്രം വിധിക്കപ്പെട്ടതാണോ (തിരക്കഥയിലും ജീവിതത്തിലും) സ്ത്രീജന്മമെന്നു ചോദിക്കാൻ ധൈര്യമുള്ള പെണ്മയുടെ ഉയിർത്തെഴുന്നേല്പ് സിനിമാമേഖലയെ ശുദ്ധീകരിക്കാനുള്ള മുന്നേറ്റമാണ്.

ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തുവന്നതോടെ മലയാളസിനിമയിലെ ലൈംഗികചൂഷണത്തിന്റെ നീറുന്ന കഥകൾ ചൂടേറിയ ചർച്ചയാവുകയാണ്. ഭരണഘടന ഉറപ്പുനൽകുന്ന മനുഷ്യാവകാശംപോലും സിനിമയിലെ സ്ത്രീകൾക്കില്ലെന്നത് തെളിവുകളുടെയും മൊഴികളുടെയും അടിസ്ഥാനത്തിൽ വ്യക്തമായിരിക്കേ, സർക്കാർ ഉരുണ്ടുകളിക്കുന്നതാണ് ഏറെ ആക്ഷേപകരം. നാലരവർഷം സാങ്കേതികത്വം പറഞ്ഞ് റിപ്പോർട്ടു പൂഴ്ത്തിവച്ച സർക്കാരാണ് ഒന്നാംപ്രതി. പോക്സോ ഉൾപ്പെടെയുള്ള കേസുകൾ ഉണ്ടായിരിക്കെ സർക്കാർ സ്വമേധയാ കേസെടുത്തു നിയമനടപടിക്കു മുതിരാത്തത് ഏതു പവർഗ്രൂപ്പിന്റെ സ്വാധീനവും സമ്മർദവുംമൂലമാണെന്നു പൊതുസമൂഹത്തിന് അറിഞ്ഞേ പറ്റൂ. മൊഴി കൊടുത്തവർക്കു പരാതിയുണ്ടെങ്കിലേ കേസെടുക്കൂ എന്ന സർക്കാർനയം റിപ്പോർട്ട് സർക്കാരിന്റെ കൈയിലിരിക്കേ പ്രസക്തമല്ല. ലൈംഗികാതിക്രമങ്ങളെപ്പറ്റി പരാതി പറയാൻ സ്ത്രീകൾ പൊതുവെ തയ്യാറാവില്ല എന്നതിന്റെ മറവിൽ സർക്കാർ ഒത്തുകളിക്കുന്നത് സർക്കാരിന്റെ ഉദ്ദേശ്യശുദ്ധിയെ ചോദ്യം ചെയ്യുന്നതാണ്. വേട്ടക്കാർക്കോ ഇരകൾക്കോ, ആർക്കൊപ്പമാണു സർക്കാർ എന്നതാണ് ഇവിടെ വ്യക്തമാക്കേണ്ടത്. മലയാളസിനിമയെ അടക്കിവാഴുന്ന തമ്പ്രാക്കന്മാരെയും അധോലോകസംഘങ്ങളെപ്പോലും ലജ്ജിപ്പിക്കുന്ന മാഫിയയെയും നിലയ്ക്കുനിർത്താനും നിയമത്തിനുമുമ്പിൽ കൊണ്ടുവരാനും ഇവിടുത്തെ നിയമപാലകർക്കും നീതിപീഠങ്ങൾക്കും കഴിഞ്ഞില്ലെങ്കിൽ നമ്മൾ കൊട്ടിഘോഷിക്കുന്ന സ്ത്രീസുരക്ഷ എവിടെയാണ്? സിനിമാ ഇൻഡസ്ട്രി ഒത്തൊരുമയോടെ പ്രവർത്തിക്കുന്ന വലിയൊരു ലോകമാണ്, കുടുംബമാണ്. ഈ കുടുംബത്തിൽ ശുദ്ധികലശം നടത്തി കലാമേന്മയും മനുഷ്യനന്മയും വിളംബരം ചെയ്യുന്ന ചലച്ചിത്രങ്ങൾ മലയാളക്കരയിൽ ഇനിയും പിറവിയെടുക്കുകതന്നെ വേണം.

■

# നവോത്ഥാനമൂല്യങ്ങൾക്കു കരുത്തേകിയത് ക്രൈസ്തവസഭ

## കേന്ദ്രമന്ത്രി ജോർജ് കുര്യൻ

### പാലാ സെന്റ് തോമസ് കോളജ് പ്ലാറ്റിനം ജൂബിലിയാഘോഷങ്ങൾക്കു തുടക്കമായി



പാലാ സെന്റ് തോമസ് കോളജിന്റെ പ്ലാറ്റിനം ജൂബിലിയാഘോഷങ്ങൾക്കു തുടക്കംകുറിച്ച് കേന്ദ്രമന്ത്രി ജോർജ് കുര്യൻ തിരി തെളിക്കുന്നു. പാലാ നഗരസഭാ കൗൺസിലിർ ജിമ്മി ജോസഫ്, സെന്റ് തോമസ് കോളജ് അലുമ്നി അസോസിയേഷൻ പ്രസിഡന്റ് ഡിജോ കാപ്പൻ, പ്രിൻസിപ്പൽ ഡോ. സിബി ജെയിംസ്, ജോസ് കെ.മാണി എം.പി, മന്ത്രി റോഷി അഗസ്റ്റിൻ, പാലാ രൂപത പ്രോട്ടോ സിഞ്ചെല്ലൂസും കോളജ് മാനേജരുമായ മോൺ. ഡോ. ജോസഫ് തടത്തിൽ, ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്, എം.പിമാരായ ആന്റോ ആന്റണി, ഫ്രാൻസിസ് ജോർജ്, മാണി സി. കാപ്പൻ എം.എൽ.എ. പാലാ നഗരസഭാധ്യക്ഷൻ ഷാജു വി. തുരുത്തൻ, വൈസ് പ്രിൻസിപ്പൽ ഫാ. ഡോ. സാൽവിൻ കെ. തോമസ് കാപ്പിലിപ്പറമ്പിൽ എന്നിവർ സമീപം.

പാലാ: ക്രൈസ്തവസഭയുടെ സാമൂഹികപ്രതിബദ്ധതയാണ് നവോത്ഥാനമൂല്യങ്ങളെ എല്ലാ വിഭാഗം ജനങ്ങൾക്കും പ്രാപ്യമാക്കിയതെന്ന് കേന്ദ്രമന്ത്രി ജോർജ് കുര്യൻ. പാലാ സെന്റ് തോമസ് കോളജ് പ്ലാറ്റിനം ജൂബിലിയാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.


വിശുദ്ധ ചാവറയച്ചന്റെ വിദ്യാഭ്യാസ, സാംസ്കാരികസേവനങ്ങൾ എക്കാലവും ഓർമിക്കപ്പെടും. പള്ളിയോടൊപ്പം പള്ളിക്കൂടങ്ങൾ ആരംഭിക്കാൻ ആഹ്വാനം ചെയ്ത അദ്ദേഹം സംസ്ഥാനത്തിന്റെ വിദ്യാഭ്യാസവളർച്ചയിൽ ചെയ്ത സംഭാവനകൾ മഹത്തരമാണ്. സംസ്കൃതവിദ്യാലയം ആരംഭിക്കുകയും സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ടവർക്കുൾപ്പെടെ പഠിക്കാൻ അവസരം നൽകുകയും ചെയ്തു. അറിവു നേടാനുള്ള ആഗ്രഹമാണ് എന്നും മലയാളിയുടെ കൈമുതലെന്നും കോളജിലെ ഹിന്ദി വിഭാഗം പൂർവവിദ്യാർഥികൂടിയായ കേന്ദ്രമന്ത്രി ജോർജ് കുര്യൻ പറഞ്ഞു.

സെന്റ് തോമസിന്റെ മഹത്തായ വിദ്യാഭ്യാസപാരമ്പര്യവും പൈതൃകവും കാത്തുസൂക്ഷിച്ച് കോളജിനെ സർവകലാശാലാതലത്തിലേക്ക് ഉയർത്തണമെന്ന് അധ്യക്ഷത വഹിച്ച ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് പറഞ്ഞു. നവീകരിച്ച പരീക്ഷാവിഭാഗത്തിന്റെ കൂദാശ ബിഷപ് നിർവഹിച്ചു. പ്രിൻസിപ്പൽ ഡോ. സിബി ജയിംസ് ആമുഖസന്ദേശം നൽകി. കോളജിന്റെ സ്ഥാപകരും മാർഗദർശികളുമായിരുന്നവർക്ക് പാലാ രൂപത പ്രോട്ടോ സിഞ്ചെല്ലൂസും കോളജ് മാനേജരുമായ മോൺ. ഡോ. ജോസഫ് തടത്തിൽ ആദരം അർപ്പിച്ചു.

സംസ്ഥാനജലവിഭവവകുപ്പുമന്ത്രിയും പൂർവവിദ്യാർഥിയുമായ റോഷി അഗസ്റ്റിൻ ജൂബിലി ലോഗോ പ്രകാശനം ചെയ്തു. ജൂബിലി സ്മാരകബ്ലോക്കിന്റെ മാതൃക ഫ്രാൻസിസ് ജോർജ് എം.പി. അനാച്ഛാദനം ചെയ്തു. പരീക്ഷാവിഭാഗത്തിന്റെ താക്കോൽ കൈമാറ്റം ജോസ് കെ. മാണി എം.പി. നിർവഹിച്ചു. ക്യാമ്പസിൽ മിയാവാക്കി വനത്തിന്റെ ഉദ്ഘാടനം വൃക്ഷത്തൈ കൈമാറി ആന്റോ ആന്റണി എം.പി. നിർവഹിച്ചു. പൂർവവിദ്യാർഥി അനു അൽഫോൻസ് വരച്ച കോളജിന്റെ ചിത്രം ഉൾപ്പെടുത്തിയ ജൂബിലി മെമന്റോയുടെ പ്രകാശനം മാണി സി. കാപ്പൻ എം.എൽ.എ. നിർവഹിച്ചു. ജൂബിലി വർഷസ്മാരകമായി 75 ചന്ദനത്തൈകൾ നടുന്നതിന്റെ ഉദ്ഘാടനം നഗരസഭാധ്യക്ഷൻ ഷാജു വി. തുരുത്തൻ നിർവഹിച്ചു. നവീകരിച്ച ജിംനേഷ്യത്തിന്റെ താക്കോൽസമർപ്പണം ജിമ്മി ജോസഫ് നിർവഹിച്ചു. പൂർവവിദ്യാർഥി സംഘടനാ പ്രസിഡന്റ് ഡിജോ കാപ്പൻ ജൂബിലി കർമപരിപാടികളുടെ ലഘുവിവരണം നടത്തി.

പ്രിൻസിപ്പൽ ഡോ. സിബി ജെയിംസ്, വൈസ് പ്രിൻസിപ്പൽ ഫാ. ഡോ. സാൽവിൻ കെ. തോമസ് കാപ്പിലിപ്പറമ്പിൽ, ബർസാർ ഫാ. മാത്യു ആലപ്പാട്ടുമേടയിൽ, ഡോ. സാബു ഡി. മാത്യു, ഡോ. ആഷിഷ് ജോസഫ് തുടങ്ങിയവർ പരിപാടികൾക്കു നേതൃത്വം നൽകി.

# നിർമിതബുദ്ധി എങ്ങനെ നേരിടും?



എതിരൻ കതിരവൻ



മനുഷ്യൻ നിർമിച്ചെടുത്ത ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മനുഷ്യരാശിയെത്തന്നെ അരക്ഷിതരോ അശരണരോ ആക്കി മാറ്റുന്നില്ലേ എന്ന ശങ്ക ഇന്നു വ്യാപകമാണ്. എ ഐ എന്ന അതിശക്തഭീമനെ നമ്മൾ ശരിക്കും തിരിച്ചറിയേണ്ടിയിരിക്കുന്നു, അതിന്റെ മനസ്സു പിടിച്ചെടുക്കേണ്ടിയിരിക്കുന്നു. നിർമിതബുദ്ധി പെരുമാറുന്നത് പ്രവചിക്കാൻ വയ്യാത്ത രീതിയിലാണ്. തീരുമാനങ്ങൾ എടുക്കുന്നതു സുതാര്യമായല്ല, ആന്തരികമായ ഏർപ്പാടുകൾ സങ്കീർണവുമാണ്. സിസ്റ്റം മുഴുവൻ 'അടിച്ചുപോകുന്ന' (failure mode) വേളകൾ പരീക്ഷണാത്മകമായി കമ്പ്യൂട്ടർ ലാബിൽ മാത്രം ചെയ്യപ്പെടുന്നത്, ഇനിയത്തെ നിർമിതബുദ്ധി താനേ സംഭവിപ്പിച്ചേക്കാം. സുരക്ഷിതത്വം നിലനിർത്തുന്നതും നിയന്ത്രണങ്ങൾ പ്രാവർത്തികമാക്കുന്നതും പുതിയ നിർമിതബുദ്ധി അവഗണിച്ചേക്കാം എന്ന അപകടസാധ്യതയുമുണ്ട്.

ശ്രദ്ധേയമായത് നമ്മൾതന്നെ പരിശീലിപ്പിച്ചുവിട്ട നിർമിതബുദ്ധി നമ്മളെ ഭരിക്കാൻ വരുന്നു എന്നതാണ്. പരിശീലിപ്പിക്കുമ്പോൾത്തന്നെ വേണ്ടവണ്ണം പെരുമാറാനുള്ള കർശനസൂത്രങ്ങൾ ഉൾച്ചേർക്കേണ്ട കുരുത്തംകെട്ട വിദ്യാർഥിയാണ് നിർമിതബുദ്ധി. സമൂഹത്തെ 'മാനിപ്പുലേറ്റ്' ചെയ്യാൻ എഐയെ പഠിപ്പിച്ചുവിടുന്ന കശ്മലർ നമുക്കു ചുറ്റും ധാരാളമുണ്ട്. നിരന്തരമായി വിലയിരുത്തലുകളും മൂല്യനിർണയങ്ങളും നടത്തപ്പെടേണ്ടതാണെന്നു സാരം. ആദ്യ ടെസ്റ്റുകളിലൊന്നും കാണാത്ത ചില കഴിവുകൾ പിന്നീട് ആർജിച്ചെടുക്കാനും സാധ്യതയുണ്ട് നിർമിതബുദ്ധിയുടെ തന്ത്രങ്ങൾക്ക്. മൂല്യനിർണയവും കുറ്റമറ്റതായിരിക്കണം, തുടരെ നവീകരിക്കപ്പെടുകയും വേണം.

ശക്തി കൂടുന്നു, മനുഷ്യനെ അവഗണിക്കുന്നു. ഈ പരീക്ഷണവേളകളിൽ മനുഷ്യരെപ്പോലെ നമ്മെ വ്യാജവിദ്യകൾ കാട്ടി തെറ്റിധരിപ്പിക്കാനും സാധ്യതകളുണ്ട്, കൗശലങ്ങൾ ഒളിക്കാൻ മിടുക്കുമുണ്ട് എ ഐ യ്ക്ക്. പഠിപ്പിച്ചെടുത്ത നിർമിതബുദ്ധി സമൂഹത്തിൽ പെരുമാറുന്നതും പ്രതികരിക്കുന്നതും പലപ്പോഴും പഠിച്ച പാഠങ്ങൾക്കപ്പുറമായ രീതിയിലാകാനും സാധ്യതയുണ്ട് നിർമിതബുദ്ധിക്ക്. സുരക്ഷയുമായി ചെന്നാൽ നമ്മളെ അവഗണിച്ചേക്കാം. കൂടുതൽ പ്രശ്നങ്ങളിലേക്ക് ഇതു നയിച്ചേക്കാം, ഈ പഴുതിലൂടെ 'സൈബർ' ആക്രമണങ്ങൾക്കു വശംവദനായേക്കാം, സ്വയംസുരക്ഷകൾ ഏറ്റെടുത്തു തുടങ്ങുന്ന എ ഐ തന്ത്രശാലി. ചെറിയ പ്രശ്നംകൊണ്ട് സ്വയം പണിമുടക്കു പ്രഖ്യാപിക്കുന്നതും സംഭവിക്കാം. ഈയിടെ ലോകത്താകമാനം സംഭവിച്ചത് അങ്ങനെയൊന്നാണ്. നിരവധി വിമാനത്താവളങ്ങൾ, ആശുപത്രികൾ ഒക്കെ നിശ്ചലങ്ങളായത് നമ്മൾ കണ്ടതാണ്. ടെക് കമ്പനികൾ അവരുടെ ഫണ്ടിങ്ങിന്റെ ഒരു ഭാഗം സുരക്ഷാക്രമീകരണങ്ങൾക്കുവേണ്ടി നീക്കിവയ്ക്കേണ്ടതാണ്, പ്രത്യേകിച്ചും ധാർമികപരമായ പ്രശ്നങ്ങൾ നിയന്ത്രിക്കാൻവേണ്ടി. സമൂഹത്തെ വൻതെറ്റുധാരണകളിലേക്കു നയിക്കുന്നത് മനുഷ്യരുടെ ഇടപെടലുകൾ ഇല്ലാതെതന്നെ സംഭവിച്ചേക്കാം. സ്വന്തമായി ആശയങ്ങൾ സ്വരൂപിക്കാനും അതു നടപ്പിലാക്കാനും ത്രാണിയുള്ള ഈ അതിമാനുഷശക്തി ശീഘ്രതരമായി മുന്നേറുന്ന സ്വഭാവം പേറുന്നതാണ്. ധാർമികതയ്ക്കെതിരേ പ്രവർത്തിച്ചു തുടങ്ങിയാൽ തിരിച്ചുപിടിക്കാനാവാത്ത തരത്തിലുള്ള കെടുതികൾ ഉത്പന്നമാകാൻ സാധ്യതയേറ്റുകയാണ്.

ലോകത്താകമാനമുള്ള ഭരണകൂടങ്ങൾ ഗാഢമായി ചിന്തിച്ചുതുടങ്ങിയിട്ടുണ്ട് ഈ വിപത്ത് വന്നുഭവിക്കാതിരിക്കാനുള്ള പദ്ധതികളെപ്പറ്റി. ആഗോളമായ നിയമങ്ങൾ നടപ്പിൽ വരുത്തേണ്ടതിന്റെ ആവശ്യകത തിരിച്ചറിയപ്പെട്ടിട്ടുണ്ട്. പക്ഷേ, 'ഓടുന്ന മനുഷ്യന് ഒരു മുഴംമുമ്പേ' ആണ് നിർമിതബുദ്ധി. ഈ പുരോഗതി പ്രവചനാത്മകമല്ല, രാഷ്ട്രീയാഭിപ്രായങ്ങളിൽ ഭിന്നത ഉള്ളപോലെ നിർമ്മിതബുദ്ധിയെ കൈകാര്യം ചെയ്യുന്നതിലും വിഭിന്നമായ ആശയങ്ങൾ പല രാജ്യങ്ങൾക്കുമുണ്ട്. ഓരോ തവണയും നിർമിതബുദ്ധി പുതിയ ആവിഷ്കാരങ്ങളിലേക്കു നീങ്ങുമ്പോൾ സ്വതവേ പുതിയ നിയമങ്ങൾ കൊണ്ടുവരുന്ന രീതി അവലംബിക്കേണ്ടതാണ് എല്ലാ രാജ്യങ്ങളും. കമ്പനികളും മിലിറ്ററിയും ഭരണകൂടങ്ങൾ പൊതുവേയും സുരക്ഷയെ ഉദാസീനമായിക്കാണാൻ സമ്മതിക്കാതെ ഉടമ്പടികൾ നിർവചിച്ച് എടുക്കേണ്ടതുമാണ്. സ്വയം തീരുമാനമെടുക്കുന്ന നിർമിതബുദ്ധിക്ക്, മനുഷ്യന്റെ ഇടപെടൽ ഇല്ലാതെ വിട്ടുകൊടുത്തുകൂടാ സമൂഹത്തിന്റെ ഗതിവിഗതികളുടെ നിയന്ത്രണങ്ങൾ.

എത്രമാത്രം സുരക്ഷിതമാണ് നമ്മൾ എന്നുള്ളത് ഇപ്പോഴും പ്രവചിക്കാൻ വയ്യ. നിലവിലുള്ള പരീക്ഷണസങ്കേതങ്ങൾ അപകടങ്ങൾ കണ്ടുപിടിച്ചെന്നുമിരിക്കില്ല. ഭരണകൂടങ്ങൾക്ക് വളരെ പെട്ടെന്ന് അതിവിദഗ്ധരായ സാങ്കേതികവിദ്യാപ്രവീണരെ കണ്ടുപിടിക്കാൻ സാധിച്ചെന്നുമിരിക്കില്ല. സമൂഹത്തെ ബാധിക്കുന്ന കുൽസിതപ്രവൃത്തി എപ്പോഴാണ് പൊട്ടിപ്പുറപ്പെടുന്നതെന്നു പറയാനും പറ്റില്ല. അതുകൊണ്ട്, നിലവിലുള്ള കമ്പ്യൂട്ടർ വിദ്യാധരന്മാർ നിരന്തരം ജാഗ്രത പൂണ്ടിരിക്കണം എന്നു സാരം. പ്രത്യേകിച്ചും മെഡിക്കൽ ഉപകരണങ്ങളും യുദ്ധ/പ്രതിരോധ വസ്തുക്കളും നിർമിക്കുന്ന കമ്പനികൾ സൂക്ഷ്മനിരീക്ഷണത്തിൽ ആയിരിക്കണം. പ്രതിരോധവകുപ്പിന്റെ (Defence department) ആവിഷ്കാരസോഫ്റ്റ്വെയറുകളും (defence software) സുരക്ഷാടെസ്റ്റുകൾക്കപ്പുറമല്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ബില്യൺ ഡോളർ സൂപ്പർ കമ്പ്യൂട്ടറുകളുടെ ചടുലപുരോഗതി എപ്പോഴും സൂക്ഷ്മനിരീക്ഷണത്തിൽ ആയിരിക്കേണ്ടതുണ്ട്. അവ എപ്പോഴാണ് 'ചുവപ്പുവര' ഭേദിക്കുന്നതെന്നു പറയാൻ വയ്യ.

അപകടസാധ്യതകളെ കൈപ്പിടിയിൽ ഒതുക്കാവുന്നതാക്കി നിലനിർത്താൻ അവയുടെ പരിമാണത്തോടു സമാനമായ ഭരണകൂടതന്ത്രങ്ങൾ മെനഞ്ഞെടുക്കേണ്ടതാണ്. ശക്തിയേറിയ, വളരെ സ്വതന്ത്രമായി തീരുമാനങ്ങളെടുക്കുന്ന നിർമിതബുദ്ധി ആവിഷ്കരിക്കുന്ന ടെക് കമ്പനികൾ നിയമപരമായി ബാധ്യത ഏൽക്കേണ്ടതാണെന്ന് അവരെ കൃത്യമായി ഭരണകൂടം ധരിപ്പിക്കേണ്ടതാണ്. നേരത്തേ അറിഞ്ഞെടുക്കാവുന്നതോ അല്ലെങ്കിൽ ഊഹിക്കാവുന്നതോ ആയ നിർമിതബുദ്ധിവിനാശങ്ങൾ തടയുക എന്നത് കമ്പനികളുടെ ഉത്തരവാദിത്വമാണ്. കർശനമായ നിയമങ്ങൾകൊണ്ടേ ഇതിനെ നേരിടാനാവൂ. മനുഷ്യന്റെ നിയന്ത്രണം അവഗണിച്ചേക്കാവുന്ന ഏതൊരു നിർമിതബുദ്ധിസങ്കേതങ്ങൾ ആവിഷ്കരിക്കുമ്പോഴും അവ ഏറ്റവും ലഘൂകരിക്കപ്പെട്ട രീതിയിൽ ആയിരിക്കണം.

ഇത്തരം ചട്ടങ്ങളും ശാസനകളും നടപ്പിൽ വരുത്തുന്നതു വരെയുള്ള ഇടവേളയിൽ ടെക് കമ്പനികൾ അവരുടെ എ.ഐ. ആവിഷ്കാരങ്ങൾ 'ചുവപ്പുവര'യ്ക്കപ്പുറം കടക്കുന്നതാണോ എന്നു പരിശോധിച്ച് അപകടസാധ്യത ഇല്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്. സമൂഹത്തിലെ പ്രാതിനിധ്യസ്വഭാവമുള്ള എല്ലാ സ്ഥാപനങ്ങളും ഇതിൽ ജാഗരൂകരാകേണ്ടതുണ്ട്. രണ്ടു മാസം മുന്നേയുള്ള ഒരു സയൻസ് മാഗസിനിൽ ലോകത്തെ പല യൂണിവേഴ്സിറ്റികളിലെ കമ്പ്യൂട്ടർവിഭാഗതലവരും ടെക്കമ്പനി നടത്തിപ്പുകാരും യുവാൽ നോവ ഹരാരി ഉൾപ്പെടെ ഭാവിവിചിന്തകരും ഉൾപ്പെട്ട ഒരു വൻനിര പ്രഗല്ഭർ ഇക്കാര്യത്തെ അവതരിപ്പിച്ചുകൊണ്ട് കൂട്ടായി എഴുതിയ ലേഖനം ഇത്തരുണത്തിൽ ശ്രദ്ധാർഹമാണ്. ■

കഥ

## ചിരി

ജിജോ ജോസഫ് എൻ.

അച്ഛാ... ഉണ്ണീനെയും കൂടെ... അച്ഛൻ തോർത്തു തോളത്തിട്ടാൽ ഉണ്ണിക്കു തിടുക്കമായി. നീ പോരുന്നോ? അച്ഛന്റെ ചിരി അവനെ കൂടുതൽ തിടുക്കമുള്ളവനാക്കി.

തഴമ്പിച്ച ആ മോതിരവിരലിൽ അവന്റെ കൈപ്പത്തി മുഴുവനൊതുങ്ങും. ഇറച്ചിക്കടയിലെ കശാപ്പുകാരനും ബ്ലേഡുപലിശക്കാരൻ മാത്തച്ചനും ഒരേ ചിരി. ഭക്ഷണം പരസ്പരം പകുക്കുന്ന യാചകനും തെരുവുനായയ്ക്കും ഒരേ ചിരി. നന്ദിയറ്റവന്റെ ശുഭ്രവർണമാർന്ന പല്ലുകൾ പുറത്തുകാട്ടിയുള്ള ചിരി പലപ്പോഴും തന്നെ അസ്വസ്ഥതപ്പെടുത്താറുള്ളത് അവൻ ഓർത്തു.

വഴിവക്കിൽ കോരൻ, മുറുക്കാൻകറപുരണ്ട പല്ലുകൾ മുഴുവൻ കാട്ടിയുള്ള അയാളുടെ ചിരി അവനു നന്നേ ബോധിക്കും. എന്തു രസമായിരുന്നു. അലക്കിപശ തേച്ചുപിടിപ്പിച്ച വെള്ളയുടുപ്പുകാരന്റെ ചിരിയുടെ അർഥതലങ്ങൾ? ആർക്കറിയാം, കൊരവള്ളി അറക്കുമോ? അച്ഛൻ എന്താകും അവരെയൊക്കെ സംശയിക്കുന്നത്? പലപ്പോഴും അവന്റെ ചോദ്യങ്ങൾ ബാക്കിയായി.

ചായക്കടയിലേക്കോ... അന്തപ്പൻചേട്ടന്റെ ചായക്കടയിൽനിന്നു കഴിക്കണം. ഒരു പരിപ്പുവട. കലക്കിത്തോടു മുറിച്ച് കടക്കാൻ അച്ഛനൊപ്പം ഒറ്റക്കവുങ്ങിൻതടിയിലൂടെ മുടന്തി നീങ്ങുമ്പോഴാ... നേരേ നാരായണിയമ്മ. പല്ലു മുഴുവൻ പൊഴിഞ്ഞിരിക്കുന്നു...മോണകാട്ടിയുള്ള ചിരി... ഉണ്ണിക്ക് അതും നന്നേ പിടിച്ചു. ചായക്കടയിലെ കുഞ്ഞവിരായുടെ അതേ ചിരി...




പക്ഷേ, അവിടെ? ആൾക്കൂട്ടം...? ആരോ പറഞ്ഞു... നാടോടി... പിടിച്ചുപറിക്കാരി... അവലക്ഷണം.... ഉണ്ണിക്ക് ശ്രദ്ധ തിരിക്കാനായില്ല. തന്റെ അതേ പ്രായം.... മൂക്കള കെട്ടിയ മുഖം... തലേദിവസത്തെ കർക്കിടകമഴ മുഴുവൻ നനഞ്ഞിരിക്കണം, അവനും കൈനീട്ടുകയാണ്... ഓടിക്കണം. ഇവിടെനിന്ന്... ആരോ വിളിച്ചുപറയുന്നുണ്ട്. നില്ക്ക്! അച്ഛന്റെ കനത്ത ശബ്ദം... ഉണ്ണിക്ക് അദ്ഭുതമായി. ഈ അച്ഛനെന്തിന്റെ പുറപ്പാടാ...

പലഹാരപ്പാത്രത്തിൽ കൈയിട്ട് കിട്ടിയൊരെണ്ണം അവനെ ഏല്പിച്ചു. "കൊടുക്ക്... അവനു വിശക്കുന്നുണ്ടാവും." മടിച്ചുമടിച്ച് ഉണ്ണി അവന്റെ മെല്ലിച്ച കൈവിരലുകളിലൊരെണ്ണം തിരുകി. ചിരി... നന്ദിയുടെ ചിരി... വിശപ്പിന്റെ ചിരി... അതുപോലൊരെണ്ണം ഉണ്ണി അതുവരെ കണ്ടിട്ടില്ലായിരുന്നു.

ഇങ്ങനെ ലോകത്തിലെല്ലാവരും ചിരിച്ചിരുന്നെങ്കിൽ...? അവന്റെ സ്വപ്നങ്ങൾമാത്രം ബാക്കിയായി. ■

# ഏലിയായും മോശയും മോശയെപ്പോലൊരു പ്രവാചകനും




സെപ്റ്റംബർ 1
ഏലിയാ – സ്ലീവ – മൂശക്കാലം
രണ്ടാം ഞായർ
(ഏലിയാ രണ്ടാം ഞായർ)

നിയ 18:14 – 22
പ്രഭാ 48:1 – 11
ഹെബ്രാ 11:23 – 29
മത്താ 17:9 – 13



**ഫാ. ഡോ. തോമസ് വടക്കേൽ**

യുഗാന്ത്യോന്മുഖമായ ദർശനങ്ങൾ ഉൾക്കൊള്ളുന്ന ആരാധനക്രമകാലഘട്ടമാണ് ഏലിയാ-സ്ലീവാ-മൂശെക്കാലങ്ങൾ. മിശിഹായുടെ രണ്ടാമത്തെ വരവിനുമുമ്പ് ഏലിയാപ്രവാചകൻ വരുമെന്നുള്ള ആദിമസഭയുടെ വിശ്വാസവും മിശിഹായുടെ രൂപാന്തരീകരണവേളയിൽ ഏലിയായും മോശയും കർത്താവിനോടൊപ്പമുണ്ടായിരുന്നുവെന്നതുമെല്ലാം ഈ കാലത്തിന്റെ ധ്യാനവിഷയങ്ങളാണ്. ഈ ആരാധനക്രമകാലഘട്ടത്തിന്റെ രണ്ടാം ഞായറിൽ ഈ കാലത്തെ പ്രധാന വ്യക്തികളായ ഏലിയായെക്കുറിച്ചും മോശയെക്കുറിച്ചുമാണ് പരാമർശിക്കുന്നത്.

ഒന്നാമത്തെ വായനയിൽ (നിയമ. 18:14-22), മോശയെപ്പോലെ ഒരു പ്രവാചകനെ ഇസ്രയേൽക്കാർക്കു നൽകുമെന്ന വാഗ്ദാനത്തെക്കുറിച്ചും; രണ്ടാം വായനയിൽ (പ്രഭാ. 48:1-11), ഏലിയാപ്രവാചകന്റെ എല്ലാ പ്രവർത്തനങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ഗാനത്തെക്കുറിച്ചും; മൂന്നാം വായനയിൽ (ഹെബ്രാ. 11:23-29), മോശയുടെ ജീവിതത്തിലെ വിശ്വാസരംഗങ്ങളെക്കുറിച്ചും; നാലാം വായനയിൽ (മത്താ. 17:9-13), ഏലിയായുടെ വരവിനെക്കുറിച്ചുള്ള നിയമജ്ഞരുടെ ചോദ്യത്തെക്കുറിച്ചും ഈശോയുടെ ഉത്തരത്തെക്കുറിച്ചും നാം ധ്യാനിക്കുന്നു. മോശ, ഏലിയാ, ഈശോ - ഇവരാണ് ഈ ആഴ്ചയിലെ എല്ലാ വായനകളിലുമുള്ള പ്രധാനപ്പെട്ട വ്യക്തികൾ.

**നിയമാവർത്തനം 18:14-22:** ഇസ്രയേൽജനത്തിനു ദൈവം നൽകിയ നിയമങ്ങൾ ആവർത്തിച്ചുപറയുന്ന ഗ്രന്ഥമാണ് നിയമാവർത്തനം (Deuteronomion). കർത്താവിന്റെ കല്പനകൾ പകർത്തിയെഴുതുകവഴി ലഭിച്ച രണ്ടാം നിയമമാണിത്. ഇന്നത്തെ വായനയിൽ ഇസ്രയേലിലെ നേതാക്കന്മാരെ സംബന്ധിച്ച നിയമങ്ങളോടു ചേർത്ത് പ്രവാചകന്മാരെക്കുറിച്ച് അവതരിപ്പിക്കുന്നതാണ് നാം ശ്രവിക്കുന്നത്: 1. ഇസ്രയേലിലെ പ്രവാചകത്വം (18:14-18); 2. പ്രവാചകനെ അനുസരിക്കാത്തവരോടുള്ള നിലപാട്, ശിക്ഷ (18:19-22).

വിജാതീയജനതകൾ പിന്തുടരുന്ന, അവർ ശ്രവിച്ചിരുന്ന ജ്യോത്സ്യരെയും പ്രാശ്നികരെയും ഇസ്രയേൽമക്കൾ പിന്തുടരാൻ പാടില്ല. ദൈവം അതിനുള്ള അനുവാദം ആർക്കും നൽകിയിട്ടില്ലാത്തതാകുന്നു. ഇസ്രയേൽ ജനം ശ്രവിക്കേണ്ടത് ദൈവമായ കർത്താവ് അയയ്ക്കുന്ന പ്രവാചകനെയാണ്. ഹീബ്രുഭാഷയിലെ 'നബി' (nabi) എന്ന പദത്തിന്റെ അർഥം 'പ്രവാചകൻ' (prophet) എന്നാണ്. കർത്താവിന്റെ ഹിതം അറിയിക്കുന്നവനാണ് 'നബി.' പ്രവാചകനെ കേൾക്കുന്നവൻ കർത്താവിനെ കേൾക്കുന്നു.


മോശയെപ്പോലെ ഒരു പ്രവാചകനെ ദൈവം അയയ്ക്കുമെന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നത് (18:15). എന്താണ് ഇതുകൊണ്ട് അർഥമാക്കുന്നത്? മോശയുടെ ദൗത്യമെന്നത് ദൈവത്തിൽനിന്നു ലഭിച്ച സന്ദേശം ജനങ്ങൾക്കു കൈമാറുക എന്നതായിരുന്നു. അതുപോലെതന്നെ, മോശയ്ക്കുശേഷം ഇസ്രയേൽജനത്തിന് ദൈവത്തിന്റെ സന്ദേശം കൈമാറാൻ 'നബി'മാർ ഉണ്ടായിരിക്കുമെന്നാണു സൂചന. ഇസ്രയേലിന്റെ ചരിത്രത്തിൽ കടന്നുവരുന്ന പ്രവാചന്മാർ ഈ വചനത്തെ സാധൂകരിക്കുന്നുണ്ട്.

ആരാണ് യഥാർഥ 'നബി'? 1.ജനത്തിനിടയിൽനിന്നു കർത്താവ് തിരഞ്ഞെടുത്ത് അയയ്ക്കുന്നവൻ; 2. ദൈവമായ കർത്താവ് തന്റെ വചനങ്ങൾ ആരുടെ നാവിൽ വച്ചുകൊടുക്കുന്നവനോ അവൻ; 3. കർത്താവിന്റെ നിർദേശങ്ങളും പ്രമാണങ്ങളും സന്ദേശങ്ങളുമെല്ലാം ജനത്തിനു കൃത്യമായി കൈമാറുന്നവൻ.

കർത്താവിന്റെ നാമത്തിൽ സംസാരിക്കുന്ന 'നബി'യുടെ വാക്കുകൾ ശ്രവിക്കാത്തവർ കർത്താവായ ദൈവത്തിന്റെ വചനത്തെ ധിക്കരിക്കുകയാണ്. അവനു തക്കതായ ശിക്ഷ ലഭിക്കും. ഹീബ്രുഭാഷയിലെ 'ദറഷ്' (darsh) എന്ന വാക്കിന് 'examine','inquire', 'question' എന്നൊക്കെയർഥമുണ്ട്. ദൈവം അവനോടു കണക്കു ചോദിക്കും. തന്റെ ജീവിതത്തോട് എങ്ങനെ പ്രതികരിക്കുന്നുവെന്നതിന്റെ അടിസ്ഥാനത്തിൽ ഒരുവൻ തന്റെ രക്ഷയും ശിക്ഷയും യഥാനുസൃതം നേടുന്നു. വചനം ലംഘിച്ചാൽ 'ശിക്ഷ'; അതു പാലിച്ചാൽ 'രക്ഷ.'

**പ്രഭാഷകൻ 48:1-1:** 'ഏലിയ' എന്ന വാക്കിന്റെ അർഥം 'എന്റെ ദൈവം യാഹ്വെ' (Yahweh is my God) എന്നാണ്. ദൈവത്തോടുള്ള വിശ്വസ്തതയിൽ ചരിച്ച ഏലിയാ തന്റെ പേരിന്റെ മഹിമയ്ക്കു ചേർന്നവിധം ജീവിച്ചയാളാണ്. ആ പ്രവാചകനെക്കുറിച്ചുള്ള വർണനയാണ് ഈ ഗാനത്തിലൂടെ വ്യക്തമാക്കുന്നത്. വിശുദ്ധഗ്രന്ഥപുസ്തകങ്ങളിലെ ഏലിയായെക്കുറിച്ചു പരാമർശിക്കുന്ന എല്ലാ ഭാഗങ്ങളെയും കോർത്തിണക്കിക്കൊണ്ടുള്ള മനോഹരമായ ഒരു കീർത്തനം തന്നെയാണിത്.

ഇസ്രയേലിന്റെ തിന്മനിറഞ്ഞ ജീവിതത്തിന്റെ പശ്ചാത്തലത്തിൽ (പ്രഭാ. 47:25) പ്രവാചകനായ ഏലിയ ഒരു അഗ്നിപോലെ പ്രത്യക്ഷപ്പെടുകയും പന്തംപോലെ ജ്വലിക്കുന്ന വാക്കുകൾകൊണ്ട് അവരെ ശാസിക്കുകയും ചെയ്തു. ഏലിയാ ഒരു 'തീ' (fire) ആയിരുന്നു. ഗ്രീക്കുഭാഷയിലെ 'പുറോസ്' (puros) എന്ന പദത്തിന്റെ അർഥം 'അഗ്നി' എന്നാണ്. അത് ദൈവസാന്നിധ്യത്തിന്റെ അടയാളമാണ്. പ്രവാചകനായ ഏലിയാ ദൈവത്തിന്റെ വക്താവാണ്; അവിടുത്തേക്കുവേണ്ടി ജ്വലിക്കുന്നവനാണ്.



ഏലിയാ തീക്ഷ്ണത നിറഞ്ഞ 'നബി' ആണ് (1 രാജാ. 19:10). ഗ്രീക്കുഭാഷയിലെ 'സേലോസ്' (zelos) എന്ന വാക്കിന്റെ അർഥം 'zeal' എന്നാണ്. ആത്മാവിന്റെ ജ്വലനമാണിത്. ദൈവത്തിനുവേണ്ടിയുള്ള ഒരാളുടെ ഉത്സാഹവും അഭിനിവേശവും ആനന്ദവുമാണിത്.

പ്രവാചകനായ ഏലിയാ സ്വർഗത്തിൽനിന്നു മൂന്നു പ്രാവശ്യം അഗ്നി ഇറക്കുകയും (1 രാജാ. 18:38; 2 രാജാ. 17:10,12); സറെപ്തായിലെ വിധവയുടെ മകനെ പുനർജീവിപ്പിക്കുകയും (1 രാജാ. 17:17-22); രാജാക്കന്മാരെ ഏലീഷാവഴി അഭിഷേകം ചെയ്യുകയും (2 രാജാ.8:7-15; 9:1-13) ചെയ്തു. ഏലിയായെ കണ്ടവരും അവന്റെ സ്നേഹത്തിനു പാത്രമായവരും അനുഗൃഹീതരെന്നാണ് പ്രഭാഷകൻ കുറിക്കുന്നത്. 'മക്കാരിയോസ്' (makarios) എന്ന ഗ്രീക്കുപദത്തിന്റെ അർഥം, 'blessed' , 'happy' എന്നൊക്കെയാണ്. ഏലിയായുടെ സാന്നിധ്യം അനുഗ്രഹത്തിന്റെയും അഭിഷേകത്തിന്റെയും സാന്നിധ്യമാണ്.

**ഹെബ്രായർ 11:23-29:** വിശ്വാസത്തെക്കുറിച്ചും വിശ്വാസജീവിതം നയിച്ചവരെക്കുറിച്ചും ഏറെ മനോഹരവും അർഥപൂർണവുമായി അവതരിപ്പിച്ചിരിക്കുന്ന ഗ്രന്ഥമാണ് ഹെബ്രായലേഖനം. 'വിശ്വാസംമൂലം' ജീവിതം നയിച്ച അബ്രാഹത്തെക്കുറിച്ചും, സാറ, ഇസഹാക്ക്, യാക്കോബ്, ജോസഫ്, മോശ എന്നിവരെക്കുറിച്ചും ഇവിടെ പരാമർശിക്കുന്നുണ്ട്. ഇന്നത്തെ വചനവായന മോശയെക്കുറിച്ചും മോശയുടെ മാതാപിതാക്കളെക്കുറിച്ചുമാണ് പ്രധാനമായും സംസാരിക്കുന്നത്.

വിശ്വാസികളുടെ പിതാവായ അബ്രാഹത്തിന്റെ വിശ്വാസജീവിതത്തിലെ രംഗങ്ങൾക്കു സമാന്തരമായി മോശയുടെ ജീവിതവഴികളും ഹെബ്രായലേഖനഗ്രന്ഥകാരൻ അവതരിപ്പിക്കുന്നു. നാലുതലങ്ങളിലാണ് മോശയുടെ വിശ്വാസജീവിതത്തെ ഇവിടെ ആവിഷ്കരിക്കുന്നത്.

1. മോശയുടെ മാതാപിതാക്കന്മാർ ദൈവഭയമുള്ളവരും ദൈവത്തിൽ വിശ്വസിച്ചവരുമായിരുന്നു. അക്കാരണത്താലാണ് രാജകല്പനയെ അവഗണിച്ചുകൊണ്ടുതന്നെ സുന്ദരനായ തങ്ങളുടെ കുഞ്ഞിനെ (മോശയെ) മൂന്നു മാസക്കാലത്തോളം ഒളിപ്പിച്ചുവച്ചു സംരക്ഷിച്ചത് (11:23). മോശ ദൈവത്തിനു പ്രിയങ്കരനാണെന്ന വിശ്വാസബോധ്യമാണ് (അപ്പ. പ്രവ. 5:29) അവന്റെ മാതാപിതാക്കളെ ഇപ്രകാരം ചെയ്യാൻ പ്രേരിപ്പിച്ചത്.

2. മാതാപിതാക്കളെപ്പോലെ തന്നെ വിശ്വാസമുള്ള മകൻ (മോശ) ധീരമായ നിലപാടുകളെടുക്കുന്നുണ്ട്. തന്റെ യഥാർഥനിയോഗമെന്തെന്നു തിരിച്ചറിയുന്ന മോശ 'ഫറവോയുടെ പുത്രിയുടെ മകൻ' എന്ന സ്ഥാനത്തേക്കാൾ ദൈവജനത്തിന്റെ കഷ്ടപ്പാടുകളിൽ പങ്കുചേരാൻ ആഗ്രഹിച്ചത് ദൈവത്തിലുള്ള 'വിശ്വാസംമൂലമാണ്' (11:24).

3. ഈജിപ്തിൽനിന്നു മോശ യാത്രയാകുന്നത് അവന്റെ 'വിശ്വാസംമൂലമാണ്' (11:27). ഈജിപ്തിലെ നിധിയെക്കാൾ തനിക്കു പ്രിയങ്കരം ദൈവമാണെന്ന തിരിച്ചറിവിൽനിന്നാണ് മോശ പ്രവർത്തിക്കുന്നത്. നൈമിഷികമായ ഭയത്തെ ആഴമായ വിശ്വാസംകൊണ്ടാണ് മോശ തരണം ചെയ്തത്.

4. മോശ പെസഹാ ആചരിച്ചതും രക്തം തളിച്ചതുമെല്ലാം അവന്റെ വിശ്വാസത്തിന്റെ അടയാളങ്ങളാണ് (11:28).

**മത്തായി 17:9-13:** ഈശോയുടെ രൂപാന്തരീകരണത്തിനുശേഷം അവിടുന്ന് മലയിൽനിന്നിറങ്ങിവരുമ്പോൾ സംഭവിച്ച കാര്യങ്ങളൊന്നും 'മനുഷ്യപുത്രൻ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെടുന്നതുവരെ' വെളിപ്പെടുത്തരുതെന്ന് ശിഷ്യന്മാരോടു കല്പിച്ചു. ശിഷ്യന്മാരുടെ മനസ്സിൽ പല കാര്യങ്ങളെയുംകുറിച്ച് സംശയമുണ്ടായിരുന്നു. അക്കാരണത്താൽ അവർ ഈശോയോടു ചോദിച്ചു: "ആദ്യം ഏലിയാ വരണമെന്ന് നിയമജ്ഞർ പറയുന്നതെന്തുകൊണ്ട്?" യഹൂദരുടെ ഈ പ്രതീക്ഷ ശിഷ്യന്മാർക്ക് ഒരു ചോദ്യചിഹ്നമായിരുന്നു. ഈ സാഹചര്യത്തിൽ സ്നാപകയോഹന്നാനോടു ബന്ധപ്പെടുത്തിക്കൊണ്ട് ഏലിയായെക്കുറിച്ച് ഈശോ സംസാരിക്കുന്നതാണ് സുവിശേഷത്തിന്റെ പ്രമേയം.

പഴയനിയമപ്രവചനപൂർത്തീകരണമായി വന്നത് സ്നാപകയോഹന്നാനാണ്. കർത്താവായ മിശിഹായുടെ വരവിനു മുമ്പ് അവിടുത്തേക്കു വഴിയൊരുക്കാൻ വന്നവനായിരുന്നു സ്നാപകയോഹന്നാൻ. എന്നാൽ, ആ 'നബി'യെ മനസ്സിലാക്കാതെ അദ്ദേഹത്തെ പീഡിപ്പിക്കുകയും വധിക്കുകയും ചെയ്തു. സ്നാപകയോഹന്നാന്റെ രക്തസാക്ഷിത്വത്തെയാണ് ഈശോ ഇവിടെ പരാമർശിക്കുന്നത്.

പ്രവാചകനായ സ്നാപകയോഹന്നാൻ വന്നുവെങ്കിലും ജനം തിരിച്ചറിഞ്ഞില്ല: 'ഊക് എപെഗ്നോസാൻ' (they did not recognize) എന്ന പ്രയോഗം അവരുടെ പരാജയത്തെയാണു കുറിക്കുന്നത്. ഈശോ കാര്യങ്ങൾ വ്യക്തമാക്കിക്കൊടുത്തപ്പോൾ ശിഷ്യന്മാർക്കു മനസ്സിലായി: 'സുനെകാൻ' (they understood) എന്ന പ്രയോഗം ഈശോയുടെ വ്യാഖ്യാനം ശിഷ്യന്മാർക്ക് അറിവു നൽകി. ഈശോയോടുള്ള ചേർന്നിരിപ്പിലാണ് കാര്യങ്ങൾ ശരിയായി ഗ്രഹിക്കാൻ സാധിക്കുന്നത്. അവിടെയാണ് യഥാർഥ വിജയം. ■

# കമലയോ ട്രംപോ?

1-ാം പേജ് തുടർച്ച

കാലിഫോർണിയായിലെ മുൻ അറ്റോർണിജനറലും വൈസ് പ്രസിഡന്റുസ്ഥാനത്തെത്തുന്ന ആദ്യവനിതയും ആദ്യ ഇന്ത്യൻ വംശജയുമാണ് കമലാദേവി ഹാരിസ്. തമിഴ്നാട്ടിൽനിന്നുള്ള ശ്യാമള ഗോപാലനായിരുന്നു കമലയുടെ അമ്മ. ഉപരിപഠനാർഥം അമേരിക്കയിലെത്തിയ ശ്യാമള അവിടെവച്ച് ജമൈക്കൻ വംശജനായ ഹാരിസിനെ പരിചയപ്പെടുകയും വിവാഹം കഴിക്കുകയും ചെയ്തു. കമലയും സഹോദരി മായയും ജനിച്ചതിനുശേഷം അധികം വൈകാതെ ഹാരിസുമായുള്ള വിവാഹബന്ധം വേർപെടുത്തി ശ്യാമള മക്കളുമായി കാലിഫോർണിയയിലേക്കു താമസം മാറി. എന്നാൽ, ഇന്ത്യയുമായുള്ള ബന്ധം മുറിയാതെ കാത്തുസൂക്ഷിക്കാൻ ശ്യാമള സദാ ശ്രദ്ധിച്ചിരുന്നു. അമ്മവഴി ഇന്ത്യയോടുള്ള ആത്മബന്ധം കമല പലപ്പോഴും എടുത്തുപറയാറുണ്ട്.

കമലയുടെ വരവോടെ ഡെമോക്രാറ്റിക്പാർട്ടിയിൽ വലിയ ഉണർവാണുണ്ടായത്. വെറും 36 മണിക്കൂർകൊണ്ട് പതിനൊന്നു ലക്ഷം ആളുകൾ കമലയുടെ തിരഞ്ഞെടുപ്പിനു സംഭാവന നൽകാൻ മുന്നോട്ടുവന്നുവെന്നത് ഇതിനു തെളിവായി പാർട്ടി ചൂണ്ടിക്കാണിക്കുന്നു. ഇതുകൂടാതെ, കമലയുടെ സ്ഥാനാർഥിത്വപ്രഖ്യാപനത്തോടെ പുതിയ വോട്ടർരജിസ്ട്രേഷൻ കുതിച്ചുയർന്നു. പുതുതായി രജിസ്റ്റർ ചെയ്തവരിൽ 83 ശതമാനവും യുവജനങ്ങളാണ് എന്നത് കമലയുടെ ക്യാമ്പുകളിൽ ആവേശം നിറയ്ക്കുന്നു. 59 വയസ്സുള്ള കമല 78 വയസ്സുള്ള ട്രംപിനെ നേരിടുമ്പോൾ, ബൈഡനെതിരേ ട്രംപ് മുമ്പ് ഉയർത്തിയിരുന്ന പ്രായത്തെക്കുറിച്ചുള്ള എല്ലാ ആരോപണങ്ങളും തിരിച്ചടിക്കുന്ന കൗതുകകരമായ കാഴ്ചയാണ് ഇപ്പോൾ കാണുന്നത്. ഇതുകൂടാതെ, കമലയുടെ വരവോടെ കറുത്ത വംശജരുടെയും മറ്റ് ഏഷ്യൻ വംശജരുടെയും വോട്ടുകൾ സമാഹരിക്കാൻ കഴിയുമെന്നാണ് ഡെമോക്രാറ്റുകളുടെ പ്രതീക്ഷ.

എന്നാൽ, കമലയെക്കാൾ പ്രായം കുറഞ്ഞ ജെ ഡി വാൻസിനെ വൈസ് പ്രസിഡന്റ് സ്ഥാനാർഥിയാക്കിയതിലൂടെ യുവജനങ്ങളെ സ്വാധീനിക്കാൻ കഴിയുമെന്ന് ട്രംപ് കരുതുന്നു. ഇന്ത്യൻവംശജയായ ഉഷയാണ് വാൻസിന്റെ ഭാര്യ. ഇതിലൂടെ, ഏഷ്യൻവംശജരുടെ പിന്തുണയും ആർജിക്കാനാവുമെന്ന് റിപ്പബ്ലിക്കൻ ക്യാമ്പ് കണക്കുകൂട്ടുന്നു.

ജൂലൈ 13 ന് പെൻസിൽവേനിയയിൽ നടന്ന തിരഞ്ഞെടുപ്പുപ്രചാരണത്തിനിടെ ട്രംപിന് വലതുചെവിയിൽ വെടിയേറ്റത് ലോകം ഞെട്ടലോടെയാണു വീക്ഷിച്ചത്. സുരക്ഷാഭടന്മാർ ചുറ്റും വലയംതീർത്ത് പുറത്തേക്കു കൊണ്ടുപോകുമ്പോൾ മുഷ്ടി ചുരുട്ടിക്കൊണ്ട് 'പോരാടൂ' എന്നു വിളിച്ചുപറയുന്ന ട്രംപിനെ റിപ്പബ്ലിക്കൻപാർട്ടി പെട്ടെന്നുതന്നെ ഹീറോപരിവേഷം നൽകി ജനങ്ങൾക്കിടയിൽ അവതരിപ്പിച്ചു. ഇത് തിരഞ്ഞെടുപ്പുഗോദയിൽ ട്രംപിനു നൽകിയ മുൻതൂക്കം ചെറുതല്ല.

എന്നാൽ, കോടതിയിൽ നടക്കുന്ന കേസുകൾ ട്രംപിന് അസ്വസ്ഥത സൃഷ്ടിക്കുന്നുണ്ട്. ബിസിനസ് രേഖകളിൽ കൃത്രിമം കാണിച്ചതിനെത്തുടർന്ന് 34 കുറ്റങ്ങളാണ് ട്രംപിനെതിരേ കോടതിയിൽ തെളിയിക്കപ്പെട്ടത്. ക്രിമിനൽകേസിൽ കുറ്റവാളിയായി കോടതി വിധിച്ച ആദ്യ അമേരിക്കൻ പ്രസിഡന്റാണ് ട്രംപ്. എന്നാൽ, പ്രസിഡന്റായിരുന്ന കാലഘട്ടങ്ങളിൽ ചെയ്ത കാര്യങ്ങളിൽ നിയമപരമായ പരിരക്ഷയുണ്ടാകുമെന്ന സുപ്രീംകോടതിയുടെ സുപ്രധാനവിധി ട്രംപിന് അല്പം ആശ്വാസം പകരുന്നുണ്ട്. പക്ഷേ, ഈ പരിരക്ഷ എല്ലാ പ്രവൃത്തികൾക്കും ഉണ്ടാവില്ല



എന്നുകൂടി കോടതി വ്യക്തമാക്കുന്നു. 2016 ൽ ഹിലരിക്കെതിരേ മത്സരിച്ചപ്പോൾ സ്ത്രീകൾ ട്രംപിനെ ധാരാളമായി പിന്തുണച്ചിരുന്നു. എന്നാൽ, ലൈംഗികാതിക്രമക്കേസിൽ കുറ്റവാളി എന്ന കോടതിവിധിക്കുശേഷം സ്ത്രീകളുടെ പിന്തുണ വളരെയധികം കുറഞ്ഞിട്ടുണ്ടെന്ന് പല സർവേകളും കാണിക്കുന്നു.

ഇതുകൂടാതെ, മറ്റു ചില പ്രധാന വിഷയങ്ങൾകൂടി ഈ തിരഞ്ഞെടുപ്പിൽ സജീവമായി ചർച്ച ചെയ്യപ്പെടുന്നുണ്ട്:

**സമ്പദ്‌വ്യവസ്ഥ**

സംവാദത്തിനുമുമ്പു നടന്ന ഒരു അഭിപ്രായസർവേപ്രകാരം 76 ശതമാനം അമേരിക്കക്കാരും രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥ ഈ ഇലക്ഷനിലെ ഒരു പ്രധാന വിഷയമായി പരിഗണിക്കുന്നു. അമേരിക്കയുടെ സാമ്പത്തിക രംഗം തങ്ങളുടെ ഭരണകാലത്ത് അഭിവൃദ്ധിപ്പെട്ടുവെന്നു തെളിയിക്കാൻ ഇരുവരും ശ്രമിക്കുന്നു. പണപ്പെരുപ്പവും വിലക്കയറ്റവും ഫലപ്രദമായി നിയന്ത്രിക്കാൻ ബൈഡൻഭരണകൂടത്തിനു കഴിഞ്ഞുവെന്ന് കമല ഹാരിസ് അവകാശപ്പെടുന്നു. പക്ഷേ, ഭൂരിപക്ഷം അമേരിക്കക്കാരും ഇതിനോടു യോജിക്കുന്നില്ല എന്നതാണു വാസ്തവം. കൂടിവരുന്ന തൊഴിലില്ലായ്മാനിരക്ക് (ഇപ്പോൾ 4.3 ശതമാനം) അവരെ ആശങ്കപ്പെടുത്തുന്നുണ്ട്. എന്നാൽ ട്രംപ് ആകട്ടെ, തന്റെ ഭരണകാലത്തു വളർച്ചയുടെ പാതയിലായിരുന്ന അമേരിക്കൻ സമ്പദ്‌വ്യവസ്ഥയെ തെറ്റായ നയങ്ങളിലൂടെ കഴിഞ്ഞ നാലു വർഷമായി ബൈഡൻ ഭരണകൂടം പിന്നോട്ടു നയിക്കുകയായിരുന്നുവെന്ന് ആരോപിക്കുന്നു. വൻകിട കോർപ്പറേറ്റുകൾക്ക് ധാരാളം നികുതിയിളവു നൽകി അതുമൂലം കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതാണ് ട്രംപിന്റെ നയമെങ്കിൽ, ഇത്തരം സ്ഥാപനങ്ങൾക്ക് അധികനികുതി ഏർപ്പെടുത്തി സാധാരണക്കാർക്ക് നികുതിയിളവ് നൽകണമെന്നതാണ് കമലയുടെ നിലപാട്.

**ഗർഭച്ഛിദ്രം**

ഗർഭച്ഛിദ്രം നിയമവിധേയമാക്കി 1973 മുതൽ രാജ്യത്ത് നിലനിന്നിരുന്ന നിയമം (Roe v. Wade), സുപ്രീംകോടതിവിധിയിലൂടെ അസാധുവാക്കിയത് തന്റെ ഭരണകാലത്തു നടത്തിയ ഫലപ്രദമായ ഇടപെടൽമൂലമാണെന്നു സ്ഥാപിക്കാൻ ട്രംപ് ശ്രമിക്കുന്നു. യാഥാസ്ഥിതികരായ മൂന്നു ജഡ്ജിമാരെ തനിക്കു നിയമിക്കാൻ കഴിഞ്ഞതുമൂലമാണ് ചരിത്രപരമായ ഈ വിധി സാധ്യമായതെന്നാണ് അദ്ദേഹം അവകാശപ്പെടുന്നത്. ഇതിലൂടെ, പ്രൊലൈഫ് സമൂഹത്തിന്റെയും കത്തോലിക്കാസഭയുടെയും പിന്തുണ നേടാൻ പറ്റുമെന്നാണ് ട്രംപ് കരുതുന്നത്. എന്നാൽ, ഈ വിധിയെ രാഷ്ട്രീയമായി തങ്ങൾക്ക് അനുകൂലമായി മാറ്റാനാണ് കമല ഹാരിസിന്റെ ശ്രമം. ഗർഭച്ഛിദ്രത്തെ അനുകൂലിക്കുന്ന പുരോഗമനസ്ത്രീപക്ഷവോട്ടുകൾ തന്റെ പിന്നിൽ അണിനിരത്തുന്നതിനുവേണ്ടി ട്രംപിന്റെ തീരുമാനങ്ങളെ കടന്നാക്രമിക്കാനും ഗർഭച്ഛിദ്രത്തിനുവേണ്ടി വാദിക്കുന്നവർക്കു ശക്തമായി പിന്തുണ നൽകാനും കമല ശ്രമിക്കുന്നു. അതേസമയം, ഗർഭച്ഛിദ്രത്തെക്കുറിച്ചു തീരുമാനമെടുക്കാനുള്ള അവകാശം സംസ്ഥാനങ്ങൾക്കുള്ളതാണെന്ന് ഇരുവരും അംഗീകരിക്കുന്നു.

**കുടിയേറ്റം**

അമേരിക്കയിലേക്കു കുടിയേറിയെത്തുന്ന ആളുകളോടു വളരെ അനുഭാവപൂർണമായ നിലപാടാണ് ബൈഡൻഭരണകൂടം സ്വീകരിക്കുന്നത്. നിയമവിരുദ്ധമായി എത്തുന്നവർക്കുപോലും എട്ടു വർഷംകൊണ്ട് പൗരത്വം നൽകുന്ന ഒരു പദ്ധതി ഗവണ്മെന്റ് ആവിഷ്കരിച്ചിരുന്നു. പതിനൊന്നു ദശലക്ഷത്തോളം വരുന്ന അനധികൃത കുടിയേറ്റക്കാർക്കു സന്തോഷം നൽകുന്ന കാര്യമാണിത്. എന്നാൽ, അനധികൃതമായി കുടിയേറിയവരെയെല്ലാം രാജ്യത്തുനിന്നു പുറത്താക്കണമെന്നാണ് ട്രംപ് ആവശ്യപ്പെടുന്നത്. അധികാരത്തിൽ വീണ്ടും എത്തുകയാണെങ്കിൽ, മുസ്ലീം ഭൂരിപക്ഷ രാജ്യങ്ങളിലേക്കുള്ള യാത്രാനിരോധനം പുനഃസ്ഥാപിക്കുമെന്ന് അദ്ദേഹം ഉറപ്പുനൽകുന്നു. ഇതുകൂടാതെ, തീവ്രവാദചിന്തയുമായി രാജ്യത്തു കഴിയുന്നവരെ പുറത്താക്കണമെന്ന് അദ്ദേഹം ശക്തമായി ആവശ്യപ്പെടുന്നു.

**പലസ്തീൻപ്രശ്നം**

ഇസ്രയേലിനെ അകമഴിഞ്ഞു സഹായിക്കുന്ന നയമാണ് ബൈഡൻ ഗവണ്മെന്റിന്റേത്. എന്നാൽ, രാജ്യത്ത് യുദ്ധത്തിനെതിരേ വ്യാപകപ്രതിഷേധമുയർന്നപ്പോൾ, ഇസ്രയേലിനുള്ള സഹായം പുനഃപരിശോധിക്കാൻ ബൈഡൻ നിർബന്ധിതനായിത്തീർന്നു. ബൈഡനെക്കാൾ പലസ്തീനികൾക്ക് അനുകൂലമായ നിലപാടാണ് കമല സ്വീകരിക്കുന്നത്. ഈ നിലപാടുമൂലം അമേരിക്കയിലുള്ള യഹൂദവംശജരുടെ പിന്തുണ നഷ്ടപ്പെടുമോ എന്ന ആശങ്ക ഡെമോക്രാറ്റ് കേന്ദ്രങ്ങൾക്കുണ്ട്. കൂടാതെ, മേഖലയിൽ സമാധാനം സ്ഥാപിക്കുന്നതിനുവേണ്ടി, ചർച്ചകളിലൂടെ പ്രത്യേക പലസ്തീൻരാജ്യം സ്ഥാപിക്കുന്നതിനെ അവർ പിന്തുണയ്ക്കുകയും ചെയ്യുന്നു. ട്രംപിനും വിട്ടുവീഴ്ചയില്ലാത്ത ഇസ്രയേൽ അനുകൂല നിലപാടാണുള്ളത്. അമേരിക്കൻ കലാലയങ്ങളിൽ ഉയർന്നുവന്ന പലസ്തീൻ അനുകൂലപ്രക്ഷോഭങ്ങളെ ശക്തമായി അടിച്ചമർത്തണമെന്ന് പരസ്യനിലപാടു സ്വീകരിച്ചുകൊണ്ട് അദ്ദേഹം രംഗത്തുവന്നിരുന്നു.

**വിശ്വാസം**

പ്രൊട്ടസ്റ്റന്റ് സഭാവിഭാഗമായ പ്രിസ്ബിറ്റേറിയൻസമൂഹത്തിലെ അംഗമായാണ് ട്രംപ് ആദ്യകാലങ്ങളിൽ അറിയപ്പെട്ടിരുന്നത്. ഇപ്പോൾ അദ്ദേഹം ഒരു പ്രത്യേക ഗ്രൂപ്പിലും അംഗമല്ലാതെ ക്രൈസ്തവവിശ്വാസം (non-denominational) പിന്തുടരുന്നു എന്നാണ് കരുതുന്നത്. എങ്കിലും, മതസ്വാതന്ത്ര്യത്തിനുവേണ്ടിയും പരമ്പരാഗതമൂല്യങ്ങൾക്കുവേണ്ടിയും താൻ നിലകൊള്ളുന്നുവെന്നു സ്ഥാപിക്കാൻ അദ്ദേഹം എപ്പോഴും ശ്രമിക്കാറുണ്ട്. പ്യൂ റിസേർച്ചിന്റെ സർവേ അനുസരിച്ച് അമേരിക്കയിലെ 61 ശതമാനം പ്രൊട്ടസ്റ്റന്റ് ക്രിസ്ത്യാനികളും 52 ശതമാനം കത്തോലിക്കരും ട്രംപ് മതസ്വാതന്ത്ര്യത്തിനുവേണ്ടി നിലകൊള്ളുന്നു എന്നു കരുതുന്നു.

അമേരിക്കയിലെ മറ്റൊരു പ്രൊട്ടസ്റ്റന്റ് ക്രൈസ്തവവിഭാഗമായ ബാപ്റ്റിസ്റ്റ്സഭയിൽ അംഗമാണ് കമല ഹാരിസ്. തന്റെ ക്രൈസ്തവവിശ്വാസം പരസ്യമായി ഏറ്റുപറയാൻ കമല ഒരിക്കലും മടിക്കുന്നില്ല. 'നല്ല സമരിയാക്കാരന്റെ ഉപമയും അതുപോലുള്ള മറ്റ് ബൈബിൾ പ്രബോധനങ്ങളും പഠിക്കുന്നതിലൂടെയാണ് എനിക്ക് സാമൂഹികസേവനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധ്യം നേടുവാൻ സാധിച്ചത്' എന്ന് കമല ഒരു ഇന്റർവ്യൂവിൽ പറഞ്ഞു. എന്റെ കുട്ടിക്കാലം മുതൽ, ദൈവാലയം എനിക്കു ശക്തിപകരുന്ന ഒരു ഇടമാണ്. അത് ആഴമേറിയ വിചിന്തനത്തിനുള്ള ഒരു സ്ഥലമാണ് - അവർ പറഞ്ഞു. എന്നാൽ, ഗർഭച്ഛിദ്രത്തെ ശക്തമായി അനുകൂലിക്കുന്ന നിലപാടുമൂലം യാഥാസ്ഥിതിക വോട്ടുകൾ കമലയ്ക്കു ലഭിക്കുമോ എന്ന കാര്യത്തിൽ സംശയമുണ്ട്.

**തിരഞ്ഞെടുപ്പുപ്രക്രിയ**

നവംബർ അഞ്ചിനാണ് അമേരിക്കൻ പ്രസിഡന്റുതിരഞ്ഞെടുപ്പ്. എല്ലാ സംസ്ഥാനങ്ങൾക്കും അവരുടെ ജനസംഖ്യയ്ക്ക് ആനുപാതികമായി തിരഞ്ഞെടുപ്പിൽ പ്രാതിനിധ്യം ലഭിക്കുന്നതിനായി ഇലക്ടറൽ കോളജ് സംവിധാനത്തിലൂടെയാണ് അമേരിക്കൻ പ്രസിഡന്റിനെ തിരഞ്ഞെടുക്കുന്നത്. ഓരോ സംസ്ഥാനത്തും കൂടുതൽ വോട്ട് നേടുന്നവർക്ക് ആ സംസ്ഥാനത്തെ മുഴുവൻ പ്രതിനിധികളുടെയും പിന്തുണ ലഭിക്കും. ഭൂരിപക്ഷം സംസ്ഥാനങ്ങളും ഈ രീതിയാണ് പിന്തുടരുന്നത്. അങ്ങനെ, ആകെയുള്ള 538 ഇലക്ടറൽ വോട്ടുകളിൽ 270 വോട്ടു ലഭിക്കുന്നവർ അടുത്ത പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെടും. അതായത്, കൂടുതൽ ജനങ്ങളുടെ വോട്ടു നേടുന്നവരല്ല; മറിച്ച്, കൂടുതൽ പ്രതിനിധികളുടെ പിന്തുണ ലഭിക്കുന്നവരാണ് തിരഞ്ഞെടുക്കപ്പെടുന്നത്. ഉദാഹരണമായി, ഹിലരി ക്ലിന്റൺ മുപ്പതു ലക്ഷത്തോളം ജനകീയ വോട്ടുകൾ കൂടുതൽ നേടിയെങ്കിലും, 304 ഇലക്ടറൽവോട്ടു നേടിയ ട്രംപ് ആയിരുന്നു 2016 ലെ തിരഞ്ഞെടുപ്പിൽ വിജയിയായത്.

അമേരിക്കയിലെ ഭൂരിഭാഗം സംസ്ഥാനങ്ങളും ഏതെങ്കിലും ഒരു പാർട്ടിയെ പരമ്പരാഗതമായി പിന്തുണയ്ക്കുന്നവയാണ്. അതുകൊണ്ടുതന്നെ, ഈ സംസ്ഥാനങ്ങളിലെ ഇലക്ടറൽ വോട്ടുകൾ ആർക്കു ലഭിക്കുമെന്ന് മുൻകൂട്ടി കണക്കുകൂട്ടാൻ കഴിയും. അതിനാൽ, ഇത്തരം സംസ്ഥാനങ്ങളിൽ തിരഞ്ഞെടുപ്പുപ്രചാരണത്തിന് സ്ഥാനാർഥികൾ കൂടുതൽ സമയം ചെലവഴിക്കാറില്ല. ഇരുവശത്തേക്കും ചായാവുന്ന ഏഴോളം 'സ്വിങ് സ്റ്റേറ്റു'കളാണ് യഥാർഥത്തിൽ അമേരിക്കൻ പ്രസിഡന്റുതിരഞ്ഞെടുപ്പിന്റെ വിധി നിർണയിക്കുന്നത്. അതുകൊണ്ടുതന്നെ, സ്ഥാനാർഥികൾ കൂടുതൽ സമയം ഈ സംസ്ഥാനങ്ങളിൽ പ്രചാരണത്തിനു ശ്രദ്ധിക്കുന്നു.

എന്തായാലും, ഈ കാര്യങ്ങൾ ഇപ്പോൾ കമലയ്ക്ക് അനുകൂലമായാണ് പരിണമിക്കുന്നത്. ഭൂരിഭാഗം അഭിപ്രായസർവേകളും അവർക്കു മുൻതൂക്കം പ്രവചിക്കുന്നു. ന്യൂയോർക്ക് ടൈംസിന്റെ സർവേയിൽ കമല ട്രംപിനെക്കാൾ രണ്ടു പോയിന്റുകൾക്കു മുന്നിട്ടുനിൽക്കുന്നു. എങ്കിലും, ഇവയെല്ലാം അതിജീവിച്ചു രണ്ടാം തവണയും അമേരിക്കൻ പ്രസിഡന്റാകാമെന്ന ശുഭാപ്തിവിശ്വാസത്തിലാണ് ട്രംപ് മുന്നോട്ടുപോകുന്നത്. എന്നാൽ, ഇനിയുള്ള ദിവസങ്ങളിൽ കൂടുതൽ ട്വിസ്റ്റ് എന്തെങ്കിലും സംഭവിക്കുമോ എന്ന ആകാംക്ഷയിലാണ് അമേരിക്കൻജനതയും ലോകം മുഴുവനും. ■

# തലമുറകൾക്കു വെളിച്ചമേകിയ പ്രകാശഗോപുരം

## പാലാ സെന്റ് തോമസ് കോളജ് പ്ലാറ്റിനം ജൂബിലിപ്രഭയിൽ





ഡിജോ കാപ്പൻ

**പാ**ലായുടെ സാമൂഹികരാഷ്ട്രീയവിദ്യാഭ്യാസചരിത്രത്തിൽ അവിസ്മരണീയ സ്ഥാനം നേടിയ പാലാ സെന്റ് തോമസ് കോളജ് ഇന്ന് പ്ലാറ്റിനംജൂബിലിയുടെ നിറവിലാണ്.

ഐ.എം.എഫിലെ ഇന്ത്യയുടെ ആദ്യത്തെ പ്രതിനിധിയും പ്രധാനമന്ത്രി ജവർഹർലാൽ നെഹ്റുവിന്റെ സാമ്പത്തിക ഉപദേഷ്ടാവുമായിരുന്ന ഡോ. പി. ജെ. തോമസ് ആയിരുന്നു ഈ കോളജിന്റെ പ്രഥമ പ്രിൻസിപ്പൽ. മുന്നൂറിലധികം വിദ്യാർഥികളും പതിന്നാല് അധ്യാപകരും ഏതാനും അനധ്യാപകരുമായി 1950 ൽ തുടങ്ങിയ സ്ഥാപനം ഇപ്പോൾ 25000 വിദ്യാർഥികളും ഇരുനൂറോളം അധ്യാപക, അനധ്യാപകരുമായി വളർന്ന് യുജിസിയുടെ എ ഗ്രേഡിന് അർഹമായി ഓട്ടോണമസ് കോളജായി ഉയർന്നു. 2018 മുതൽ 2024 വരെ കോളജിനെ നയിച്ച ഡോ. ജയിംസ് ജോൺ മംഗലത്തച്ചന്റെ കാലത്താണ് A++ ഗ്രേഡോടെ ഓട്ടോണമസ് പദവിയിലെത്തിയത്. ഓഗസ്റ്റ് 28-ാം തീയതി അമ്പതാം ചരമവാർഷികം ആചരിക്കുന്ന മുൻ പ്രിൻസിപ്പൽ മോൺ. ജോസഫ് കുരീത്തടത്തിലച്ചന്റെ കാലത്ത് കോളജിനുണ്ടായ വളർച്ച ഏറെ അഭിനന്ദനാർഹമായിരുന്നു.

കേരളത്തിലെ കലാലയങ്ങളിൽ ഗുണമേന്മയുള്ള ഉന്നതവിദ്യാഭ്യാസം നൽകുന്ന കോളജുകളുടെ പട്ടികയിൽ സുപ്രധാനമായ ഒരു സ്ഥാനം പാലാ സെന്റ് തോമസിനുണ്ട്. ഗുണമേന്മയുള്ള വിദ്യാഭ്യാസം; പശ്ചാത്തലസൗകര്യവികസനംകൊണ്ടുമാത്രം ഉണ്ടാകുന്നതല്ല. തികച്ചും മെറിറ്റിന്റെ അടിസ്ഥാനത്തിൽ ഒരു പൈസപോലും ഡൊണേഷൻ വാങ്ങാതെ നടത്തുന്ന അധ്യാപകനിയമനവും വിദ്യാർഥിപ്രവേശനവുമാണ് ഈ കലാലയത്തിൽനിന്നു പഠിച്ചു പുറത്തിറങ്ങുന്ന വിദ്യാർഥികളെ ഉന്നതരാക്കുന്നത്.

മാർ സെബാസ്റ്റ്യൻ വയലിൽപ്പിതാവും തുടർന്ന് മാർ ജോസഫ് പള്ളിക്കാപറമ്പിൽപിതാവും മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവും ഇടക്കാലത്ത് കോളജിന്റെ മാനേജരായി പ്രവർത്തിച്ച മാർ ജേക്കബ് മുരിക്കൻ പിതാവും അഡ്മിഷനിലും നിയമനത്തിലും യാതൊരുവിധ സാമ്പത്തിക ഇടപെടലും ഉണ്ടാവരുതെന്ന കണിശക്കാരായിരുന്നു. അതിനാൽത്തന്നെ, ഇവിടുത്തെ അധ്യാപകർ മറ്റു കോളജിലെ അധ്യാപകരെക്കാൾ മികവുറ്റവരായി.

1983 ൽ മഹാത്മാഗാന്ധി സർവകലാശാല സ്ഥാപിക്കപ്പെട്ടപ്പോൾ പ്രഥമ വൈസ് ചാൻസലറായി നിയമിക്കപ്പെട്ടത് ഈ കോളജിലെ അധ്യാപകനായിരുന്ന ഡോ. എ.ടി. ദേവസ്യാസാർ ആയിരുന്നു. പിന്നീടു നിയമിതരായ ഡോ. സിറിയക് തോമസും ഡോ. ബാബു സെബാസ്റ്റ്യനും സെന്റ് തോമസിൽ പഠിച്ചും പഠിപ്പിച്ചും വളർന്നുവന്നവരാണ്. കാലടി സംസ്കൃതയൂണിവേഴ്സിറ്റി മുൻ വൈസ്ചാൻസലർ ഡോ. കെ. വി. ദിലീപ്കുമാർ, കൊച്ചിൻ യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ ഡോ. വി. സി. ഉണ്ണിക്കൃഷ്ണൻ, കാലടി സർവകലാശാല മുൻ പ്രോ-വൈസ്ചാൻസലർ ഡോ. എസ്. രാജശേഖരൻ, കേരള യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ ഡോ. എ. വി. വർഗീസ്, മുൻ ഗവർണർ ശ്രീ. കെ.എം. ചാണ്ടി, മുൻ ചീഫ് സെക്രട്ടറിമാരായ കെ. ജെ. മാത്യു, ടോം ജോസ്, മുൻ അഡീഷണൽ ചീഫ് സെക്രട്ടറിയും ഇപ്പോൾ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ചെയർമാനുമായ ടി.കെ. ജോസ്, ജപ്പാനിലെ ഇന്ത്യൻ സ്ഥാനപതി സിബി ജോർജ്, വിവിധ കാലഘട്ടങ്ങളിൽ പാർലമെന്റ് മെമ്പർമാരായ ജോയി നടുക്കര, ജോയി എബ്രാഹം, ആന്റോ ആന്റണി, നിയമസഭാംഗങ്ങളായ പ്രഫ. വി.ജെ. ജോസഫ്, ഡോ. കെ.സി. ജോസഫ്, പി.സി. ജോസഫ്, ജോസഫ് വാഴയ്ക്കൻ, മുൻമന്ത്രി പ്രഫ. എൻ.എം. ജോസഫ്, ഇപ്പോൾ സംസ്ഥാന മന്ത്രിസഭാംഗമായ റോഷി അഗസ്റ്റിൻ, കേന്ദ്രമന്ത്രിസഭയിലെത്തിയ ജോർജ് കുര്യൻ എന്നിവർ ഈ ഈ കലാലയത്തിന്റെ അഭിമാനപുത്രന്മാരാണ്. ആത്മീയ രംഗത്താണെങ്കിൽ മാർ ജോസഫ് കൊല്ലംപറമ്പിൽ, മാർ ജോസഫ് സ്രാമ്പിക്കൽ തുടങ്ങിയവർ സെന്റ് തോമസിന്റെ അഭിമാനമാണ്. ഡോ. ജോസ് ചാക്കോ പെരിയപ്പുറം, സാഹിത്യകാരന്മാരായ സക്കറിയ, ജോസ് പനച്ചിപ്പുറം, ഏഴാച്ചേരി രാമചന്ദ്രൻ, എതിരൻ കതിരവൻ, ആർ.എസ്. വർമജി, ജോസഫ് മറ്റം, ഭട്നഗർ പുരസ്കാരജേതാവ് കെ.എൻ. സെബാസ്റ്റ്യൻ, ചലച്ചിത്രതാരം മിയ ജോർജ്, സുപ്രീംകോടതി മുൻ ചീഫ് ജസ്റ്റീസ് കെ.ജി. ബാലകൃഷ്ണൻ, സുപ്രീംകോടതി മുൻ ജഡ്ജി സിറിയക് ജോസഫ്, പൊലീസ് ഡിപ്പാർട്ടുമെന്റിൽ ഡിജിപി പദവി വഹിച്ചിരുന്ന ജേക്കബ് തോമസ്, സിബി മാത്യൂസ് എന്നിവരും, സക്കീർ തോമസ് ഐ. ആർ.എസ്., സുനിത ഭാസ്കർ ഐ.എസ്.എസ്., അഗസ്റ്റിൻ ജോസഫ് ഐ.ഇ.എസ്., കഴിഞ്ഞവർഷം സിവിൽ സർവീസിൽ ഉന്നതവിജയം നേടിയ ഗഹന നവ്യാ ജയിംസ് തുടങ്ങിയവരും ഈ കലാലയപടികൾ ചവിട്ടിനടന്നവരാണ്.

ഉഗാണ്ടയിൽ സ്വന്തമായി യൂണിവേഴ്സിറ്റി (ISBAT) സ്ഥാപിച്ച് വളരെ ഉന്നതമായ നിലയിൽ നടത്തിവരുന്ന വർഗീസ് മുണ്ടമറ്റവും ഉന്നതവിദ്യാഭ്യാസമേഖലയിൽ ഇന്ത്യയിൽത്തന്നെ ഒന്നാംസ്ഥാനത്തു നിൽക്കുന്ന ബ്രില്യന്റ് സ്റ്റഡി സെന്ററിന്റെ ഡയറക്ടർമാരായ സെബാസ്റ്റ്യൻ മാത്യു, ജോർജ് തോമസ്, സ്റ്റീഫൻ ജോസഫ് എന്നിവരും സെന്റ് തോമസിൽ പഠിച്ചുവളർന്നശേഷമാണ് ഈ സ്ഥാപനങ്ങൾ പടുത്തുയർത്തിയത്.

സെന്റ് തോമസിന് ഏറെ അഭിമാനിക്കാൻ വക നൽകിയിട്ടുള്ളത് സ്പോർട്സ് രംഗത്തെ നേട്ടങ്ങളാണ്. കേരളത്തിലെ യൂണിവേഴ്സിറ്റികൾക്കുപോലും സ്വന്തമായി സ്വിമ്മിങ് പൂൾ ഇല്ലാതിരുന്ന കാലത്ത് സെന്റ് തോമസ് കോളജിന് സ്വിമ്മിങ് പൂളുണ്ടായിരുന്നു. ജിമ്മി ജോർജും, സഹോദരൻ ജോസ് ജോർജും ഡോ. ജോർജ് മാത്യുവും ഗോപിനാഥും റസാക്കും അടങ്ങുന്ന കോളജ് ടീം ഇന്ത്യയിലാദ്യമായി ഒരു ഓൾ ഇന്ത്യാ ട്രോഫി കരസ്ഥമാക്കിയ ടീമായി മാറിയത് അക്കാലത്ത് സ്പോർട്സ് രംഗത്ത് വലിയ ചർച്ചയായിരുന്നു.

ഒരു വർഷം നീണ്ടുനില്ക്കുന്ന ജൂബിലിയാഘോഷങ്ങളുടെ ഭാഗമായി ഇൻഡസ്ട്രിയൽ കോൺക്ലേവ്, സ്റ്റാർട്ടപ്പ് സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് പ്രമുഖ വ്യവസായസംരംഭകരുമായി വിദ്യാർഥികൾക്ക് കൂടിക്കാഴ്ചയും സംവാദത്തിനും അവസരം, കേരളത്തിന്റെ തനതുകലകൾ, വിദ്യാർഥികളുടെ വിവിധ കലാവിഷ്കാരങ്ങൾ ഉൾപ്പെടുത്തി കലാസാംസ്കാരികസന്ധ്യ, ഷേക്സ്പിയർ നാടകാവതരണം, ആരോഗ്യമുള്ള തലമുറയെ സൃഷ്ടിക്കുക, ജീവിതശൈലീരോഗങ്ങൾ ഒഴിവാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിറുത്തി പാലാ മാരത്തൺ, സൈക്കിൾപ്രയാണം, ഇന്റർനാഷണൽ വോളിബോൾ ടൂർണമെന്റ്, നീന്തൽ സയന്റിഫിക് എക്സിബിഷൻ, ഇന്റർകോളജിയറ്റ് ഡാൻസ്ഫെസ്റ്റ്, മീനച്ചിലാർ പുനരുജ്ജീവനപദ്ധതി, ഫ്ളവർഷോ, മെഡിക്കൽ എക്സ്പോ, അക്കാദമിക് എക്സലൻസിന്റെ ഭാഗമായി വിവിധ ഡിപ്പാർട്ടുമെന്റുകൾ ദേശീയ അന്തർദേശീയതലത്തിൽ നടത്തുന്ന 75 സെമിനാറുകൾ, 75 അധ്യാപക അനധ്യാപകരെ ആദരിക്കൽ, സ്ഥാപകനേതാക്കളുടെ ഓർമയ്ക്കു മുമ്പിലുള്ള പ്രണാമം തുടങ്ങി വിപുലമായ പരിപാടികൾക്കാണു രൂപം നൽകിയിട്ടുള്ളത്.

2024 ഡിസംബർ 27 ന് സെന്റ് തോമസിൽനിന്ന് ഇതുവരെ പഠിച്ചിറങ്ങിയ ലോകം മുഴുവനുമുള്ള പൂർവവിദ്യാർഥികൾ, അധ്യാപകർ, അനധ്യാപകർ, അവരുടെ കുടുംബാംഗങ്ങൾ എന്നിവരെല്ലാം പങ്കെടുക്കുന്ന സംഗമം 'ഗ്ലോബൽ അലുമ്നി മീറ്റ്' കോളജിന്റെ ലോകോത്തരനിലവാരത്തിലുള്ള മുന്നേറ്റത്തിനു വഴിത്തിരിവായിരിക്കും എന്നു പ്രതീക്ഷിക്കപ്പെടുന്നു. ഇതിനുള്ള ഒരുക്കങ്ങൾ തുടങ്ങിക്കഴിഞ്ഞു. ലോകമാതൃകയിലേക്കു പാലാ സെന്റ് തോമസിനെ മാറ്റുന്നതിനുള്ള അവസരമായി പ്ലാറ്റിനം ജൂബിലിയാഘോഷം മാറുകയാണ്.

*(ലേഖകൻ പാലാ സെന്റ് തോമസ് കോളജ് അലുമ്നി അസോസിയേഷൻ പ്രസിഡന്റാണ്.)*

**കഥാസാരം**

ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ സ്നേഹിച്ചും സഹകരിച്ചും കഴിഞ്ഞ അയൽക്കാരായിരുന്നു സൂസമ്മയും സിസിലിയും. 20 വർഷംമുമ്പ് സിസിലിയുടെ കുടുംബം വീടുവിറ്റ് ഹൈറേഞ്ചിലേക്കു പോയി. പിന്നീട് തമ്മിൽ ബന്ധമുണ്ടായില്ല. സൂസമ്മയുടെ മകൻ ജയേഷിന്റെ കല്യാണത്തിനു ക്ഷണിക്കാൻ സിസിലി താമസിക്കുന്ന കുറുക്കൻകുന്ന് എന്ന ഗ്രാമത്തിലെത്തി സൂസമ്മയും ജയേഷും. ഭർത്താവിനെ ആന ചവിട്ടിക്കൊന്നതിനുശേഷം എട്ടുവർഷമായി സിസിലിയുടെ കുടുംബജീവിതം ദുരിതപൂർണമായിരുന്നു. സിസിലിയുടെ മകൾ എൽസയുടെ സംസാരവും പെരുമാറ്റവും ജയേഷിന് നന്നേ ഇഷ്ടമായി. ഒരു വണ്ടിയപകടത്തിൽ പരിക്കേറ്റ് കാലിന് സ്വാധീനക്കുറവ് വന്നതിനാൽ മുടന്തിയാണ് എൽസ നടന്നിരുന്നത്. ജയേഷിന്റെ കല്യാണം നടന്നു. ഭാര്യ വർഷ മോഡേൺ ചിന്താഗതിക്കാരിയായതുകൊണ്ട് പൊരുത്തപ്പെട്ടുപോകാൻ നന്നേ ബുദ്ധിമുട്ടി ജയേഷ്. എൽസയുടെ കാലിന്റെ മുടന്തുമാറ്റാനുള്ള സർജറിക്കായി പണം കൊടുക്കാമെന്ന് ജയേഷ് ഫോണിൽ വിളിച്ച് എൽസയെ അറിയിച്ചു. എൽസയ്ക്കും സിസിലിക്കും ഒരുപാടു സന്തോഷമായി. (തുടർന്നു വായിക്കുക)

"എന്തു പണിയാ ഈ കാണിച്ചേ?'' രോഷംകൊണ്ട് വിറച്ചു വർഷ: "എന്റെ ഫോൺ പിടിച്ചുവാങ്ങി എറിയാൻ എങ്ങനെ ധൈര്യം വന്നു ജയേഷിന്?"

ജയേഷിന് പെട്ടെന്നു കുറ്റബോധം തോന്നി.

"സോറി."

"സോറി, കീറി. ഇത്ര സങ്കുചിതമനസ്സാണോ ജയേഷിന്റേത്? എന്റെ പപ്പ പറഞ്ഞതു നേരാ. ജയേഷ് എനിക്കു ചേർന്ന ഒരു ഹസ്ബന്റേ അല്ല."

അതു പറഞ്ഞിട്ട് അവൾ കിടക്കയിലേക്കു വീണ് കമിഴ്ന്നൊരു കിടപ്പായിരുന്നു. ജയേഷിനു വിഷമം തോന്നി. ഫോൺ വാങ്ങി എറിയേണ്ടിയിരുന്നില്ല. പെട്ടെന്നുണ്ടായ ദേഷ്യത്തിൽ ചെയ്തുപോയി. ക്ഷമ ചോദിച്ചേക്കാം.

അടുത്തിരുന്ന് അവളുടെ ചുമലിൽ സ്നേഹവായ്പോടെ തലോടിക്കൊണ്ട് ജയേഷ് പറഞ്ഞു: "പെട്ടെന്നുണ്ടായ ദേഷ്യത്തിൽ പറ്റിപ്പോയി. ക്ഷമിച്ചുകള."

വർഷ ചാടിയെണീറ്റു. അവളുടെ കണ്ണുകളിൽനിന്നു തീപാറി.

"എന്തു ക്ഷമിക്കാൻ? ദീപക് എന്നെ വിളിച്ച് സുരക്ഷിതമായി ഇവിടെ എത്തിയോ എന്നു ചോദിച്ചത് ഒരു തെറ്റാണോ ജയേഷ്?"

''വീണ്ടും വിളിച്ചതുകൊണ്ടല്ലേ എനിക്കു ദേഷ്യം വന്നത്."

"അവനൊരു തമാശയ്ക്കു വിളിച്ചതാകും. അതിനു ഫോൺ പിടിച്ചുവാങ്ങി എറിയണോ? ജയേഷ് ആരെയൊക്കെ വിളിക്കുന്നൂന്നോ ജയേഷിനെ ആരൊക്കെ വിളിക്കുന്നൂന്നോ ഞാൻ തിരക്കാറുണ്ടോ? കല്യാണം കഴിഞ്ഞെന്നുവച്ച് ഞാൻ ഒരടിമയായി ജീവിക്കുമെന്നു വിചാരിക്കണ്ട. ആണുങ്ങൾ അനുഭവിക്കുന്ന എല്ലാ സ്വാതന്ത്ര്യവും പെണ്ണുങ്ങൾക്കും വേണമെന്നു നിർബന്ധമുള്ള കൂട്ടത്തിലാ ഞാൻ."

''അതൊന്നും വേണ്ടാന്നു ഞാൻ പറഞ്ഞില്ലല്ലോ. ഞാൻ ഫസ്റ്റ് നൈറ്റിലേ പറഞ്ഞതല്ലേ ഇനി കുറച്ചൊക്കെ എന്റെ ഇഷ്ടംകൂടി നോക്കണമെന്ന്."

"തിരിച്ചിങ്ങോട്ടുമാകാം. കുറച്ചൊക്കെ എന്റെ ഇഷ്ടംകൂടി നോക്കണം."

"ഷുവർ. ഞാൻ നോക്കാൻ പരമാവധി ശ്രമിക്കാം. കുടുംബജീവിതം തുടങ്ങിയിട്ടല്ലേയുള്ളൂ നമ്മൾ. പൊരുത്തപ്പെട്ടു വരാൻ സമയം എടുക്കും. എനിക്കു തെറ്റുപറ്റിയെങ്കിൽ ക്ഷമ ചോദിക്കുന്നു."

"ശരി. ഇപ്രാവശ്യം ഞാൻ ക്ഷമിച്ചു. ഇനിയും ഇങ്ങനുണ്ടായാൽ ഞാൻ പപ്പയോടു പറയും. പപ്പ ചൂടനാന്നറിയാല്ലോ. പിന്നങ്ങോട്ട് നമ്മൾ ഒരുമിച്ചുള്ള ജീവിതം അത്ര സുഖകരമായിരിക്കില്ല."

"കല്യാണം കഴിഞ്ഞ് ഒരു വർഷംപോലുമായില്ല. അതിനു മുമ്പേ ഇങ്ങനെയൊരു സംസാരം വേണോ വർഷേ?"

"എന്നെക്കൊണ്ടു പറയിപ്പിച്ചതല്ലേ?"

"ഞാൻ സോറി പറഞ്ഞല്ലോ."

"ശരി. ക്ഷമിച്ചിരിക്കുന്നു." വർഷയുടെ ഉള്ളിലെ ദേഷ്യം പോയി മുഖം പ്രസന്നമായി. അവൾ ചിരിച്ചപ്പോൾ ജയേഷിനു സന്തോഷമായി. അവളെ ചേർത്തുപിടിച്ചുകൊണ്ടു പറഞ്ഞു: ''നമ്മുടെ കൊച്ചു കൊച്ചു വഴക്കുകളും പിണക്കങ്ങളുമൊക്കെ ഈ മുറിക്കുള്ളിൽ ഒതുങ്ങിനിൽക്കണം. എന്റെ പപ്പയും അമ്മയും ഒന്നും അറിയരുത്. അവരു പാവമാ. പ്രത്യേകിച്ച് അമ്മ. അമ്മയുടെ മനസ്സ് വിഷമിപ്പിക്കുന്ന ഒരു സംസാരം ഉണ്ടാവരുതു കേട്ടോ."

"ഉം."

ജയേഷ് അവളെ ചേർത്തുപിടിച്ച് ഒരു ചുംബനം നൽകി. ആ സ്നേഹപ്രകടനത്തിൽ വർഷയുടെ പിണക്കം ഉരുകിയൊലിച്ചുപോയി. ലൈറ്റ് ഓഫ് ചെയ്തിട്ട് രണ്ടുപേരും കിടക്കയിലേക്കു ചാഞ്ഞു.

* * *

അന്നു ഞായറാഴ്ചയായിരുന്നു. രാവിലെ പള്ളിയിൽ പോയി വിശുദ്ധകുർബാനയിൽ പങ്കെടുത്തു സിസിലിയും എൽസയും. കുർബാന കഴിഞ്ഞ് പള്ളിമേടയിൽ വികാരിയച്ചനെ കാണാനായി ചെന്നു. അച്ചൻ ആരോടോ സംസാരിച്ചിരിക്കയായിരുന്നു. വാതിൽക്കൽ കാത്തുനിന്നിട്ട്, ആൾ ഇറങ്ങിപ്പോയപ്പോൾ അകത്തേക്കു കയറി ഇരുവരും. സിസിലി അച്ചനു സ്തുതി ചൊല്ലി. ഡയറിയിൽ എന്തോ കുറിച്ചുകൊണ്ടിരിക്കുകയായിരുന്നു അച്ചൻ.



ഇഗ്നേഷ്യസ് കലയന്താനി



# കിഴക്കൻകാറ്റ്

"ഇരിക്ക്..." എഴുതുന്നതിനിടയിൽ അച്ചൻ കൈചൂണ്ടി. രണ്ടുപേരും അഭിമുഖമായി കസേരയിലിരുന്നു.

എഴുത്തു കഴിഞ്ഞ് ഡയറി മടക്കിവച്ചുകൊണ്ട് അച്ചൻ പറഞ്ഞു: "കുർബാനയ്ക്ക് ഒരാള് കാശു തന്നതാ. പേരും വീട്ടുപേരുമൊക്കെ എഴുതിവച്ചില്ലെങ്കിൽ മറന്നുപോകും. കുർബാന ചൊല്ലുമ്പം അവരെ പ്രത്യേകം ഓർത്ത് ചൊല്ലണമല്ലോ. അതിനാണല്ലോ അവരു കാശുതരുന്നത്."




സിസിലിയും എൽസയും ചിരിച്ചതേയുള്ളൂ.

"ങ്ഹ... എന്താ രണ്ടുപേരും കൂടി രാവിലെ? ഇവളുടെ കല്യാണം വല്ലോം ഒറപ്പിച്ചോ സിസിലി?" അച്ചൻ എൽസയെ നോക്കി.

"ഏയ് ഇല്ല." സിസിലി ചിരിച്ചുകൊണ്ട് തുടർന്നു: വേറൊരു സന്തോഷവാർത്ത പറയാൻ വന്നതാ."

"എന്നതാ?"

"ഇവളുടെ കാലിന്റെ ഓപ്പറേഷൻ നടത്താൻ തീരുമാനിച്ചു."

"ഉവ്വോ? സന്തോഷം! കാശൊക്കെ എങ്ങനെ സംഘടിപ്പിച്ചു?"

''അച്ചനോർമയില്ലേ കുറേനാള് മുമ്പ് ഞങ്ങളെ വീട് അന്വേഷിച്ച് ഒരു അമ്മയും മകനും ഇവിടെ വന്നത്? മൂവാറ്റുപുഴേന്ന്?"

"ഓ... ഓർക്കുന്നുണ്ട്. നന്നായി സംസാരിക്കുന്ന ഒരമ്മ."

"ങ്ഹാ... അവരുടെ മോൻ ജയേഷ് കഴിഞ്ഞദിവസം ഫോൺ വിളിച്ചു പറഞ്ഞു ഓപ്പറേഷനുള്ള കാര്യങ്ങളൊക്കെ ചെയ്തോ കാശ് അവൻ തന്നേക്കാമെന്ന്."

"വെരി ഗുഡ്. അവൻ നല്ല പയ്യനാണല്ലോ. ഇക്കാലത്ത് ഇങ്ങനെയുള്ള ചെറുപ്പക്കാരെ കാണാൻ ബുദ്ധിമുട്ടാ. പണ്ടത്തെ ഒരയൽപക്കബന്ധം മാത്രമല്ലേ നിങ്ങളുതമ്മിലുള്ളൂ."

"ഉം."

''ഇവളുടെ പ്രാർഥനകൊണ്ടാ.'' എൽസയെ നോക്കി അച്ചൻ തുടർന്നു: "ഞാൻ ശ്രദ്ധിക്കാറുണ്ട് കുർബാന കഴിഞ്ഞ് എന്നും നീ മാതാവിന്റെ മുമ്പിൽ കൈകൂപ്പിനിന്ന് കുറേനേരം പ്രാർഥിക്കുന്നത്. ങ്ഹ, എന്നാ ഓപ്പറേഷൻ? തീയതി തീരുമാനിച്ചോ?"

"ഇല്ല. അച്ചൻ പ്രാർഥിക്കണമെന്നു പറയാൻ വന്നതാ.'' എൽസ പറഞ്ഞു.

"അതല്ലേടീ കൊച്ചേ എന്റെ ജോലി. ഞാൻ എന്നും നിങ്ങൾക്കു രണ്ടുപേർക്കുംവേണ്ടി കുർബാനയിൽ പ്രത്യേകം ഓർത്തു പ്രാർഥിക്കുന്നുണ്ട്. മുഖസ്തുതി പറയുകയല്ല, ഇത്രയും നല്ലൊരു കൊച്ചിനെ ഈ ഇടവകേൽ വേറേ ഞാൻ കണ്ടിട്ടില്ല. ഇവളുടെ വേദപാഠക്ലാസിനെക്കുറിച്ചും നല്ല അഭിപ്രായമാ അമ്മമാർക്ക്."

താൻ ആകാശത്തേക്ക് ഉയരുന്നപോലെ തോന്നി എൽസയ്ക്ക്.

ഞാനിവിടുന്നു സ്ഥലം മാറിപ്പോയാലും നിങ്ങളെ ഓർത്ത് പ്രത്യേകം പ്രാർഥിക്കും മക്കളേ."

കേട്ടപ്പോൾ സിസിലിയുടെയും എൽസയുടെയും കണ്ണുനിറഞ്ഞുപോയി.

അച്ചൻ എണീറ്റ് അലമാര തുറന്ന് ഒരു കൊന്ത എടുത്തു. തിരിഞ്ഞ്, അത് എൽസയ്ക്കു നീട്ടിക്കൊണ്ടു പറഞ്ഞു: "ഫ്രാൻസിസ് മാർപാപ്പാ വെഞ്ചരിച്ചു തന്ന കൊന്തയാ. ഞാനിതാർക്കും കൊടുക്കാതെ വച്ചിരിക്കായിരുന്നു. ഇതു നിനക്കു തരുവാ. എന്നും കൊന്തചൊല്ലി പ്രാർഥിക്കണം ട്ടോ."

"ഉം." രണ്ടു കൈയും നീട്ടി എൽസ അതുവാങ്ങി. അവളുടെ മിഴികളിൽ രണ്ടുതുള്ളി കണ്ണീർ പുറത്തേക്കു ചാടാൻ വെമ്പൽകൊണ്ടു നിന്നിരുന്നു.

അച്ചൻ അവളുടെ തലയിൽ കൈവച്ച് കുറച്ചുനേരം പ്രാർഥിച്ചിട്ടു പറഞ്ഞു: "സന്തോഷമായിട്ടു പൊക്കോ. എല്ലാം ഭംഗിയായിട്ടു നടക്കും. നീ മുടന്തില്ലാതെ നടക്കുന്ന കണ്ടിട്ടു വേണം എനിക്കീ ഇടവകേന്ന് സ്ഥലം മാറിപ്പോകാൻ."

എൽസ ചിരിച്ചതേയുള്ളൂ.

"ഓപ്പറേഷൻ തീയതി എന്നെ അറിയിക്കണേ..." അച്ചൻ ഓർമിപ്പിച്ചു.

"ഉം." എൽസ തലകുലുക്കി.

നിറഞ്ഞ ഹൃദയത്തോടെയാണ് അവർ പള്ളിമേടയിൽ നിന്നിറങ്ങിയത്. വീട്ടിലേക്കു നടന്നുപോകുമ്പോൾ സിസിലി പറഞ്ഞു:

''മോളേ നമുക്കു നാളെത്തന്നെ ആശുപത്രീൽ പോയി ഡോക്ടറുടെ റിപ്പോർട്ട് വാങ്ങണം. സർജറി നടത്താൻ പറ്റിയ ഏറ്റവും നല്ല ആശുപത്രി ഏതാന്ന് ഡോക്ടറോടു ചോദിച്ചാൽ ഡോക്ടറു പറഞ്ഞു തരും. കാശ് എത്രയായാലും പ്രശ്നമില്ലല്ലോ."

"എന്നാലും ഒരുപാടൊന്നും ജയേഷിനെക്കൊണ്ടു മുടക്കിക്കണ്ട അമ്മേ. അവര് അധ്വാനിച്ചുണ്ടാക്കിയ കാശല്ലേ. നമുക്ക് ഒരു ഇടത്തരം ആശുപത്രി മതി." എൽസ പറഞ്ഞു.

"നീ പറഞ്ഞതിലും കാര്യമുണ്ട്. നനഞ്ഞിടം കുഴിക്കുന്നത് ശരിയല്ലല്ലോ. നമുക്ക് കട്ടപ്പനയിലെ ആശുപത്രിയിൽത്തന്നെ സർജറി നടത്താം. അതാവുമ്പം ഒരുപാട് ചെലവു വരില്ല."

എൽസ അതിനോടു യോജിച്ചു.

* * *

ഒരു ശനിയാഴ്ച രാത്രി.

ജയേഷ് കുളിക്കുകയായിരുന്നു. ആ സമയം ജയേഷിന്റെ ഫോൺ ശബ്ദിച്ചു. വർഷ എടുത്തു നോക്കി. എൽസ എന്ന പേരു കണ്ടപ്പോൾ പച്ചബട്ടണിൽ വിരൽതൊട്ട് കാതോടു ചേർത്തു.

"ഹലോ."

"ജയേഷ് ഇല്ലേ?"

"കുളിക്കാ. എന്തേ?"

"ജയേഷിനോട് ഒരു കാര്യം പറയാനാ."

"എന്നോടു പറയാൻ ബുദ്ധിമുട്ടുള്ള കാര്യാണോ?"

"ഏയ്, ഒരിക്കലുമല്ല. എന്റെ കാലിന്റെ സർജറി നടത്തുന്ന കാര്യം ജയേഷ് മുമ്പ് സംസാരിച്ചിരുന്നു. അതിന്റെ ഡേറ്റ് ഫിക്സ് ചെയ്തൂന്നു പറയാനാ.

ശേഷം 14-ാം പേജിൽ




കഥ

# വീട്

മോബിൻ മോഹൻ

ഒരുപാട് നാളായുള്ള അയാളുടെ സ്വപ്നമായിരുന്നു ആ വീട്. പാലുകാച്ചലിനു വന്നവർ അമ്പരന്നു. ഇത്രയും സൗകര്യമുള്ള ഒരു വീട് ഈ പ്രദേശത്തില്ലെന്ന് അവർ പരസ്പരം പറഞ്ഞു. നീന്തൽക്കുളം, സിനിമാക്കൊട്ടക, കൊട്ടാരസദൃശമായ കൊത്തുപണികൾ, വിശാലമായ പൂന്തോട്ടം, പല നിറത്തിലുള്ള അലങ്കാരദീപങ്ങൾ. ശരിക്കും ഒരു വിസ്മയം തന്നെ. വീടിനെപ്പറ്റിയുള്ള വർണനയിൽ അയാൾ ആത്മഹർഷംകൊണ്ടു.



ഇതുപോലൊരു വീടു വയ്ക്കാൻ എത്ര കോടികൾ വേണ്ടിവരും? അതിനുള്ള പണം ഇയാൾക്ക് എവിടെനിന്നാണ്? ഒരു സർക്കാരുദ്യോഗസ്ഥന് ഇത്ര വരുമാനമോ? ആശ്ചര്യങ്ങൾക്കൊപ്പം ചോദ്യങ്ങളും വീടിനെ ചുറ്റിക്കറങ്ങി.

വലിയൊരു സാക്ഷാത്കാരത്തിന്റെ സംതൃപ്തിപോലെ തന്നെ ആശങ്കകളുടെ ഒരു ഭീതിയാഴവും അയാളിലുണ്ടായിരുന്നു. ബാങ്കുകളിൽനിന്നും വ്യക്തികളിൽനിന്നുമൊക്കെയുള്ള വായ്പകളുടെ കാര്യം അയാളുടെ ഉറക്കം കെടുത്തി. വലിയ സൗകര്യങ്ങളുണ്ടായിട്ടും അയാൾക്ക് ഉറങ്ങാൻ കഴിഞ്ഞില്ല. ഉറക്കംമാത്രം വീട്ടിൽ കേറിക്കൂടിയില്ല.

രണ്ടു മാസത്തെ തിരിച്ചടവു മുടങ്ങിയപ്പോഴാണ് അതുവരെ സൗമ്യമായി പെരുമാറിയിരുന്ന ബാങ്കുകാർ ഭാഷയുടെ രീതിമാറ്റിയത്. വായ്പ തന്നവർ ഫോണിലൂടെയും നേരിട്ടും അസഭ്യവർഷം ആരംഭിച്ചു. സൗന്ദര്യത്തിന്റെ പ്രതീകമായിരുന്ന വീട് നാട്ടുകാർക്ക് അഹങ്കാരത്തിന്റെ അടയാളമായി മാറി.

ഒരു രീതിയിലും മുന്നോട്ടു പോകാൻ കഴിയില്ലെന്നു മനസ്സിലാക്കിയ അയാൾ ഒരു കയറുമായി വീടിനു പിന്നിലുള്ള ഒരു മരത്തിൽ കയറി. അതിന്റെ കൊമ്പിൽ കയറിന്റെ കുരുക്കിട്ടു. അപ്പോഴാണ് ഒരു മാടത്ത പറന്നുവന്ന് ശിഖരത്തിൽ ഇരുന്നത്.

"നിങ്ങൾ എന്താണു ചെയ്യുന്നത്?"

മാടത്തയുടെ ചോദ്യത്തിന് അയാൾ ഉത്തരമൊന്നും പറഞ്ഞില്ല.

"ഹേയ്, ചോദിച്ചതു കേട്ടില്ലേ, നിങ്ങൾ എന്താണു ചെയ്യുന്നത്?

അതു ചോദിച്ചത് മറ്റൊരു ശിഖരത്തിൽനിന്ന് ഒരു അണ്ണാറക്കണ്ണനായിരുന്നു.

അയാൾ കാര്യങ്ങളെല്ലാം അവരോടു പറഞ്ഞു.

"കഷ്ടം! ഇതിനാണോ നിങ്ങൾ ആത്മഹത്യ ചെയ്യുന്നത്?"

മാടത്തയും അണ്ണാറക്കണ്ണനും ഒരുമിച്ചാണു ചോദിച്ചത്. അവർ പരസ്പരം നോക്കി ചിരിച്ചു. അയാൾക്ക് ദേഷ്യം വന്നു.

"നിങ്ങൾക്ക് അങ്ങനെ പറയാം? ഈ മരത്തിൽ വീടു കൂട്ടാൻ വായ്പയൊന്നും നിങ്ങൾക്ക് എടുക്കണ്ടല്ലോ..."

മാടത്തയ്ക്കും അണ്ണാറക്കണ്ണനും ചിരിയടക്കാനായില്ല.

"അതിന് ഇതാണു ഞങ്ങളുടെ വീടെന്ന് ആരു പറഞ്ഞു..."

''എന്റെ വീട് ഇതാണ്'' എന്നു പറഞ്ഞ് മാടത്ത വിശാലമായ ആകാശത്തേക്കു പറന്നുയർന്നു. ചിൽ ചിൽ ശബ്ദത്തോടെ മരങ്ങളിൽനിന്നു മരങ്ങളിലേക്ക് അണ്ണാറക്കണ്ണൻ ചാടിക്കയറി.

അവയെ അയാൾ ആശ്ചര്യത്തോടെ നോക്കവേ, മരത്തിലെ കയറിന്റെ കുരുക്ക് താനേ അഴിഞ്ഞു താഴെവീണു.

■

# ചരിത്രത്തെ വളച്ചൊടിക്കുമ്പോൾ

1-ാം പേജ് തുടർച്ച

അതിലെ നിവാസികളെ 'ഹാരപ്പന്മാർ' എന്നു വിളിക്കുന്നു. ലോകത്തിലെ ഏറ്റവും പഴക്കമുള്ള നാഗരികതകളിലൊന്നാണിത്." പാഠപുസ്തകം പറയുന്നു.

ഇന്ത്യൻ നാഗരികതയുടെ ആരംഭം സരസ്വതീനദിയുമായി ബന്ധിപ്പിച്ചാണെന്നാണ് പുസ്തകം പറയുന്നത്. സരസ്വതിനദീതടത്തിൽ നാഗരികതയുടെ പ്രധാന നഗരങ്ങളായ രാഖിഗർഹിയും ഗൻവേരിവാലയും ചെറുനഗരങ്ങളും പട്ടണങ്ങളും ഉൾപ്പെട്ടിട്ടുണ്ടെന്നു പാഠപുസ്തകം പറയുന്നു. സരസ്വതീനദി അപ്രത്യക്ഷമായില്ലെന്നും ഇന്ത്യയിൽ 'ഗഗ്ഗർ' എന്ന പേരിലും പാകിസ്ഥാനിൽ 'ഹക്ര' എന്ന പേരിലും നദി ഒഴുകുന്നുണ്ടെന്നും ഹാരപ്പൻനഗരങ്ങളുടെ തകർച്ചയ്ക്കു പിന്നിൽ സരസ്വതീനദി വറ്റിവരണ്ടതാണെന്നും പാഠപുസ്തകത്തിൽ പറയുന്നു. പഴയ ചരിത്രപുസ്തകങ്ങളിലൊന്നിലും നദി വരണ്ടുപോയത് ഹാരപ്പൻ നഗരങ്ങളുടെ നാശത്തിനു കാരണമായതായി പറയുന്നില്ല എന്നിരിക്കേയാണ് എൻസിഇആർടിയുടെ പുതിയ കണ്ടെത്തൽ. ഇതിനു പുറമേ 'സരസ്വതി' നദിയെക്കുറിച്ചുള്ള രണ്ടു ഭൂപടങ്ങളും പുസ്തകത്തിൽ ചേർത്തിട്ടുണ്ട്. ഒന്ന്, ഉപഭൂഖണ്ഡത്തിലെ ചില നദികളെ അടയാളപ്പെടുത്തുന്നതാണ്. സിന്ധു-സരസ്വതി നാഗരികതയിലെ പ്രധാന വാസസ്ഥലങ്ങളും സിന്ധുവിനും പോഷകനദികൾക്കുമൊപ്പം സരസ്വതിയെയും അടയാളപ്പെടുത്തുന്നതാണ് മറ്റൊന്ന്.

**പേരുമാറ്റത്തിനു പിന്നിലെ അജണ്ടകൾ**

സിന്ധുനദീതടസംസ്കാരകാലത്തും ഒഴുകിക്കൊണ്ടിരുന്ന ഒന്നാണ് സരസ്വതീനദിയെന്നും സിന്ധുസംസ്കാരവും വൈദികസംസ്കാരവും ഒന്നാണെന്നു സ്ഥാപിക്കാനുമുള്ള സംഘപരിവാർ ബുദ്ധികേന്ദ്രങ്ങളുടെ തന്ത്രമാണ് ഈ പേരുമാറ്റം. പുരാണകഥകളിൽ സപ്തനദികളിൽ ഒന്നായി കണക്കാക്കുന്ന ഒരു നദിയാണ് സരസ്വതി. ഇതൊരു സാങ്കല്പികനദിമാത്രമാണെന്നും അതല്ല, ഭൂമിയിലൂടെ ഒഴുകിയിരുന്നതാണെന്നും പിന്നീട് അപ്രത്യക്ഷമായതാണെന്നുമൊക്കെ ഇപ്പോഴും ചർച്ചകളും തർക്കങ്ങളും നടക്കുന്നുണ്ട്. എന്നാൽ, എൻസിഇആർടിക്ക് സരസ്വതി ചരിത്രസത്യമാണെന്നതിൽ തർക്കമില്ല.


ഇന്ത്യയിലേക്കുള്ള ആര്യന്മാരുടെ അധിനിവേശസിദ്ധാന്തം വെറും കെട്ടുകഥമാത്രമാണെന്നു തെളിയിക്കാനുള്ള സംഘപരിവാർ ബുദ്ധിജീവികളുടെ തന്ത്രമാണ് സിന്ധുനാഗരികതയുടെ പേരുമാറ്റത്തിനു പിന്നിലുള്ളത്. മധ്യേഷ്യയിൽനിന്ന് ഇന്ത്യയിലേക്ക് ബി സി 2000-1500 കാലത്ത് കുടിയേറിവന്ന ആര്യന്മാർ സിന്ധു-ഗംഗാ തടങ്ങളിലേക്കെത്തുകയും ക്രമേണ ഇന്ത്യയിലെമ്പാടും അധികാരം സ്ഥാപിക്കുകയും ചെയ്തു എന്ന ശാസ്ത്രീയമായ കണ്ടെത്തലുകൾ തെറ്റാണ് എന്നു സമർഥിക്കാനാണ് സംഘപരിവാർ ശ്രമിക്കുന്നത്. ബി.സി. 7000-1500 ൽ നിലനിന്നിരുന്ന സിന്ധുനദീതടസംസ്കാരകാലത്തുതന്നെയാണ് ആര്യന്മാരും ഇന്ത്യയിൽ ഉണ്ടായിരുന്നത് എന്ന കെട്ടുകഥ വ്യാജചരിത്രനിർമിതിയിലൂടെ അടിച്ചേല്പിക്കാനുള്ള ശ്രമങ്ങളാണ് നടക്കുന്നത്. സിന്ധുനദീതടസംസ്കാരത്തിന്റെ ഭാഗംതന്നെയായിരുന്നു ആര്യൻസംസ്കാരമെന്നും ആര്യന്മാർ വിദേശികളല്ല തദ്ദേശീയരാണെന്നും ആദിമഭാരതസംസ്കാരം വൈദികസംസ്കാരം തന്നെയായിരുന്നുവെന്നും ചരിത്രത്തെ വക്രീകരിക്കുന്നതിനുവേണ്ടിയാണ് ഈ പേരുമാറ്റം.

ഇന്ത്യയിലേക്കുള്ള ആര്യന്മാരുടെ അധിനിവേശസിദ്ധാന്തം വെറും കെട്ടുകഥമാത്രമാണെന്ന വകാശപ്പെട്ടുകൊണ്ട് ഖരഗ്പൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി പ്രസിദ്ധീകരിച്ച 2022 ലെ കലണ്ടർ വലിയ വിവാദങ്ങൾക്കു കാരണമായിരുന്നു. 'ആര്യൻ അധിനിവേശസിദ്ധാന്തം' തെറ്റായിരുന്നെന്നു സ്ഥാപിക്കാനുള്ള 12 തെളിവുകളും കലണ്ടർ അവതരിപ്പിച്ചിരുന്നു. 'സിന്ധുനദീതടനാഗരികതയുടെ പുനർവ്യാഖ്യാനം', 'ആര്യൻ അധിനിവേശമിഥ്യകളെ തിരുത്തിയെഴുതൽ' തുടങ്ങിയ തലക്കെട്ടുകളായിരുന്നു മികവിന്റെ കേന്ദ്രം എന്നു പുകൾപെറ്റ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെതന്നെ ഔദ്യോഗികരേഖയായി പുറത്തുവന്നത് എന്നത് ഗൗരവതരമായ കാര്യമാണ്.

ഹിന്ദുത്വ അജണ്ടകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഇന്ത്യയുടെ ചരിത്രത്തെ വളച്ചൊടിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ മേൽനോട്ടത്തിൽ ആസൂത്രിതമായി നടന്നുവരുന്ന ഗൂഢശ്രമങ്ങളുടെ ഭാഗമാണ് പാഠപുസ്തകങ്ങളിലൂടെ ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്. ഇന്ത്യയിൽ മോദിസർക്കാർ അധികാരമേറ്റതുമുതൽ ചരിത്രത്തിന്റെ അപനിർമിതിക്കായി സംഘപരിവാർ കണ്ടെത്തുന്ന പ്രധാന മാർഗം പാഠ്യപദ്ധതി തിരുത്തുക എന്നതാണ്. പാഠപുസ്തകത്തിൽനിന്ന് യഥാർഥചരിത്രത്തെ എടുത്തുമാറ്റി കുട്ടികളിലേക്കു സംഘപരിവാറിനനുകൂലമായ വ്യാജചരിത്രത്തെ കുത്തിവയ്ക്കുന്നു. ഭാവിതലമുറയുടെ ഉള്ളിൽനിന്ന് യഥാർഥചരിത്രത്തെ നീക്കുക എന്ന ഹിഡൻ അജണ്ടയാണ് എൻസിഇആർടി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഭിന്നിപ്പിന്റെ രാഷ്ട്രീയത്തെ വളർന്നുവരുന്ന തലമുറയ്ക്കു പകരുകയാണിവരുടെ ലക്ഷ്യം.

■

കവിത




# കാലം

ശ്യാമള അനിൽകുമാർ

കിഴക്കുണരും പൊൻകതിരുകളെ മറയ്ക്കുവാൻ
കാലം കരുതിവച്ച കാർമേഘങ്ങൾ
കരിമ്പാറകളായ് മദിച്ചു നീങ്ങുന്നിതാ
കൊടുങ്കാറ്റും പേമാരിയും ഗർജനങ്ങളും
കഥയറിയാതാടുന്നിതാ വിറങ്ങലിച്ച
മനസ്സുമായി മനുഷ്യക്കോലങ്ങൾ
കണ്ടിരുന്ന കിനാക്കളെല്ലാം കണ്ണീരിലലിഞ്ഞ്
കാലത്തിന്റെ ക്രൂരത കുലംകുത്തിയൊഴുകും
കാടും മേടും തകർത്ത് നദിയുടെ മാറിലൂടെ
മനുഷ്യക്കോലങ്ങളും അവശിഷ്ടങ്ങളുമായി
കൺമണികൾ നിരനിരയായ്...
കഴിഞ്ഞ കാലത്തിൻ കർമഫലങ്ങളോ
പ്രകൃതിയെ കടങ്കഥയാക്കി കുഴിവെട്ടി മൂടിയതിൽ
പ്രതികാരതാണ്ഡവമോ, വിധിയെന്ന പ്രതിഭാസമേ?
കാരിരുമ്പിൻ മൂർച്ചയോടെ മാറുപിളർക്കുന്നു
കണ്ണീരുവറ്റി കാതോർക്കുന്ന കാളരാത്രികളിൽ
കരളിന്റെ കരളാം കാതരങ്ങളെ കാത്തിടണേ
കനിവാർന്നു നീ തന്നതെല്ലാം കൗതുകത്താൽ
കനിവില്ലാതെ കവരുന്നുവോ കാലമേ നീ...
കഷ്ടനഷ്ടങ്ങൾ പെറുക്കി ജീർണിച്ച സ്വപ്നങ്ങളും
കടങ്കഥകളുടെ മുഷിഞ്ഞ ഭാണ്ഡവും പേറി
കാലത്തിന്റെ നിത്യതയിൽ അലിയുന്നു ഞങ്ങൾ.

# പട്ടുനൂൽക്കുപ്പായം

നാടോടിക്കഥ



പീറ്റർ കുരിശിങ്കൽ

ഒരിക്കൽ റാഹേൽ കമ്പിളിനൂൽകൊണ്ട് ഒരു പുറങ്കുപ്പായം തുന്നി. റേന്തയും മുത്തുമെല്ലാം കൊരുത്ത്, ആരും കൊതിച്ചുപോകുന്ന കുപ്പായം.

കുപ്പായം കണ്ടവരൊക്കെ റാഹേലിനെ പ്രശംസിച്ചു: "അസ്സലായി; മിടുക്കി."

റാഹേലിനു വലിയ അഭിമാനം തോന്നി. ഈ കുപ്പായം ആർക്കെങ്കിലും സമ്മാനിക്കണം. അവൾ ഉറപ്പിച്ചു.

പക്ഷേ, ആർക്ക്? അവൾ ആലോചന തുടങ്ങി. പ്രധാന പുരോഹിതനായാലോ?... ന്യായാധിപനാകാം. അല്ലെങ്കിൽ രാജാവിനുതന്നെ ആയാലോ?... തന്റെ ഈ ചെറിയ സമ്മാനം രാജാവിന് ഇഷ്ടപ്പെടുമോ? അദ്ദേഹമിതു സ്വീകരിക്കുമോ? ഒടുവിൽ അവൾ ഉറച്ചൊരു തീരുമാനത്തിലെത്തി. അവളുടെ മനസ്സു മന്ത്രിച്ചു:

'രാജാവിനുതന്നെ സമ്മാനിക്കാം.'

അന്ന് യഹൂദജനതയെ ഭരിച്ചുകൊണ്ടിരുന്നത് ജോഷ്വായായിരുന്നു. അദ്ദേഹത്തിന്റെ മുന്നിലെത്തിയ റാഹേൽ തന്റെ കൈയിലിരുന്ന വർണപ്പൊതി ജോഷ്വായുടെ കരങ്ങളിൽ സമർപ്പിച്ചിട്ടു വണങ്ങി.

ജോഷ്വാ സാവധാനം ആ പൊതി അഴിച്ചു. അദ്ദേഹത്തിന്റെ കണ്ണുകൾ വിടർന്നു. ചുണ്ടിൽ പുഞ്ചിരി വിടർന്നു. ജോഷ്വാ റാഹേലിനെ അടുത്തുവിളിച്ചു.

"റാഹേൽ, നിന്റെ ചിത്രത്തയ്യൽ മനോഹരമായിരിക്കുന്നു. ഈ കമ്പിളിക്കുപ്പായം എനിക്കു നന്നേ ഇഷ്ടമായി. പക്ഷേ..." അദ്ദേഹം ഒന്നു നിറുത്തി.

മനസ്സിൽ മുറ്റിയ സന്തോഷം പെട്ടെന്നു മാഞ്ഞു. റാഹേൽ മുഖമുയർത്തി ജോഷ്വായെ നോക്കി. വാത്സല്യഭാവമാണ് അദ്ദേഹത്തിന്റെ മുഖത്ത്.

ജോഷ്വാ തുടർന്നു: "ഇതു ധരിക്കേണ്ടതു ഞാനല്ല. കൊടിയ മഞ്ഞിലും തണുപ്പിലും അതിർത്തി കാക്കുന്ന നമ്മുടെ സൈനികർ. അവർക്കാണിതിന്റെ ആവശ്യം. ഇതു നീ അവർക്കു കൊടുക്കണം."

"അകലെ മലനിരകൾക്കപ്പുറത്ത് അവരുണ്ട്. ധീരന്മാരായ നമ്മുടെ സഹോദരന്മാർ; നീ അങ്ങോട്ടുപോകൂ."



പിന്നെ താമസിച്ചില്ല. റാഹേൽ അതിർത്തിയിൽ സൈനികരുടെ അടുത്തെത്തി. ആദ്യം കണ്ട സൈനികനുതന്നെ തന്റെ സമ്മാനപ്പൊതി നീട്ടി.

"എന്തായിത് മുന്തിരിയടയാണോ?"

"തുറന്നുനോക്ക്."

അയാൾ ആ പൊതി തുറന്നു. കണ്ണഞ്ചിപ്പിക്കുന്ന വർണക്കുപ്പായം. അയാൾ കമ്പിളിയുടുപ്പ് സ്വന്തം ദേഹത്തോടു ചേർത്തുവച്ചു നോക്കി.

"തനിക്കിതു നന്നായി ചേരും" അയാൾ മനസ്സിലുറപ്പിച്ചു. അയാൾ ആ കമ്പിളിയുടുപ്പു ധരിച്ചിട്ട് റാഹേലിനെ നോക്കി ചോദിച്ചു:

"കൊള്ളാമോ?"

"കൊള്ളാം, നന്നായി ചേരുന്നുണ്ട്."

അങ്ങനെ അതൊരു പതിവായി. ഇസ്രായേലിലെ യുവതികൾ എല്ലാ മഞ്ഞുകാലത്തും ഓരോ കമ്പിളിയുടുപ്പു തുന്നി അതിർത്തിയിലെ പടയാളികൾക്കു നല്കും.

■

ശ്രേഷ്ഠമലയാളം

# ചില്ലിമുളങ്കാട്



ഡോ. ഡേവിസ് സേവ്യർ

"ചില്ലിമുളങ്കാടുകളിൽ
ലല്ലലലം പാടിവരും
തെന്നലേ! തെന്നലേ!
അല്ലിമലർക്കാവുകളിൽ
വള്ളികളിലൂയലാടും
തെന്നലേ! തെന്നലേ!" (1)

മുടിയനായ പുത്രൻ (കെ.പി.എ.സി.) എന്ന നാടകത്തിനുവേണ്ടി ഒ.എൻ.വി. കുറുപ്പ് എഴുതിയ ഗാനത്തിന്റെ പല്ലവിയാണ് മുകളിൽ ഉദ്ധരിച്ചത്. ജി. ദേവരാജന്റെ സംഗീതസംവിധാനത്തിൽ കെ.എസ്. ജോർജാണ് കെ.പി.എ.സിക്കുവേണ്ടി ആ ഗാനം ആലപിച്ചത്. ഗാനാലാപനത്തിലെ അവ്യക്തതമൂലമാകണം 'ചില്ലിമുളങ്കാട്', കേട്ടവർക്കെല്ലാം 'ഇല്ലിമുളങ്കാ'ടായിപ്പോയി. പിന്നീട് പാടിപ്പാടി പ്രചരിച്ചതാകട്ടെ 'ഇല്ലിമുളങ്കാടും.' ഇപ്പോൾ ശരി അതാണെന്നത്രേ പലരുടെയും ധാരണ!

പ്രസ്തുത ഗാനത്തിന്റെ അച്ചടിപ്പാഠങ്ങളിലെല്ലാം 'ചില്ലിമുളങ്കാടു'കളിൽ എന്നാണു രേഖപ്പെടുത്തിയിട്ടുള്ളത്. മുള=ഇല്ലി; ഇല്ലി=മുള എന്നിങ്ങനെ മുളയ്ക്കും ഇല്ലിക്കും തിരിച്ചും മറിച്ചും നിഘണ്ടുകർത്താക്കൾ അർഥം കല്പിച്ചിരിക്കുന്നു. അങ്ങനെ ഇല്ലിയും മുളയും ഒന്നെന്നിരിക്കേ, ഭാഷാധ്യാപകനായിരുന്ന ഒ.എൻ.വി. കുറുപ്പ് 'ഇല്ലിമുളം കാടുകളിൽ' എന്നെഴുതാൻ സാധ്യത കാണുന്നില്ല. ചില്ലി എന്ന വാക്ക് വിശേഷണമായും നാമമായും വരാം. വിശേഷണമായ ചില്ലിക്ക് ചെറിയ, നിസ്സാരമായ, ഏറ്റവും ചെറിയ എന്നൊക്കെയും നാമമായ ചില്ലിക്ക് ചീവീട്, പുരികം, കലത്തിലും മറ്റുമുണ്ടാകുന്ന ചെറിയ ദ്വാരം എന്നൊക്കെയും അർഥമുണ്ട്. ചില്ലിമുളങ്കാട് എന്നിടത്ത് ചില്ലി വിശേഷണമാണെന്നു വ്യക്തമാണല്ലോ! അങ്ങനെയെങ്കിൽ ചില്ലിമുളങ്കാടിന് ചെറിയ മുളകളുടെ കാട് എന്നു വിഗ്രഹിച്ച് അർഥം പറയാം.

മുളം+കാട് സന്ധി ചെയ്യുമ്പോൾ മുളങ്കാട് എന്നാകും. അനുസ്വാരത്തിനു പരമായി വർഗാക്ഷരങ്ങൾ വരുമ്പോൾ അതത് വർഗാക്ഷരങ്ങളുടെ അനുനാസികങ്ങൾ ആദേശമായി വരാം. മുളം+കാട്→ മുളങ്+കാട്→മുളങ്കാട്. (ങ്+ക=ങ്ക) "മകാരം താനനുസ്വാരം/സ്വരം ചേരന്നാൽ തെളിഞ്ഞിടും / വർഗ്യങ്ങൾ പരമായി വന്നാൽ/അതാതിൻ പഞ്ചമം വരാം" (കാരിക 25) എന്ന കേരളപാണിനീയനിയമം (2) ഏറെ സുവിദിതമാണല്ലോ. ഈ വക കാര്യങ്ങൾ പുതുഗായകർ ശ്രദ്ധിച്ചാൽ കവിഹൃദയം സന്തോഷിക്കും!

(1) കെ.പി.എ.സി. (സമാഹരണം), കെ.പി.എ.സി. നാടകഗാനങ്ങൾ, പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം, 2000,പുറം–72

(2) രാജരാജവർമ്മ, ഏ.ആർ. കേരളപാണിനീയം, എൻ.ബി.എസ്., കോട്ടയം, 1988, പുറം–137

കുടുംബവിളക്ക് 41

# ആഭരണം



ഫാ. തോമസ് പാട്ടത്തിൽചിറ CMF

ആഭരണങ്ങളെക്കുറിച്ചുള്ള അടിസ്ഥാനബോധ്യങ്ങളിൽ അനുദിനം ആഴപ്പെടാൻ ക്രൈസ്തവകുടുംബങ്ങൾക്കു കഴിയണം. ആഭരണങ്ങൾ ആകാരഭംഗി കൂട്ടുമെന്നു കരുതുന്നുണ്ടെങ്കിലും അവ മനുഷ്യജീവിതത്തിലെ അടിസ്ഥാന ആവശ്യമല്ല. അതുകൊണ്ടല്ലേ അനുദിനമുള്ള അവയുടെ വിലക്കയറ്റത്തിൽ ആർക്കും ഒരു പ്രതിഷേധവുമില്ലാത്തത്? ആകയാൽ, അവയ്ക്ക് അമിത പ്രാധാന്യം കല്പിക്കേണ്ട കാര്യമില്ല. കൈയും കാലും കാതും കഴുത്തും സദാ കനകമയമായിരിക്കണമെന്നുള്ള കടുംപിടിത്തം തീർത്തും അപകടകരമാണ്. കറിക്കരിയാൻ ഒരു കാരറ്റില്ലെങ്കിലും പത്തൊമ്പതു കാരറ്റിന്റെ പണ്ടമൊന്നു കണ്ഠത്തിലുണ്ടാകണമെന്നത് മലയാളിയുടെമാത്രം വാശിയാണെന്നു തോന്നുന്നു. 'ചലിക്കുന്ന ആഭരണക്കടകൾ' ആയി ജീവിച്ചിട്ട് മലയാളി എന്തു നേടാനാണ്? ആഭരണങ്ങളുടെ ഭരണം കുടുംബത്തിൽ നിലനില്ക്കുന്ന കാലത്തോളം മറ്റു മൂല്യങ്ങൾക്കൊക്കെ അവിടെ കാരാഗൃഹവാസമായിരിക്കും. പണ്ടങ്ങൾ പണക്കൊഴുപ്പു പ്രദർശിപ്പിക്കാനുള്ള ഉപാധികളല്ല. അണിഞ്ഞിരിക്കുന്ന ആഭരണങ്ങളുടെ ഭാരം നോക്കി ആർക്കും വിലയിടരുത്. കുടുംബാംഗങ്ങൾ തമ്മിലുള്ള സ്നേഹത്തിന്റെ ആഴത്തെയും ആത്മാർഥതയെയും സ്വർണക്കോലുകൊണ്ട് അളക്കാൻ ശ്രമിക്കരുത്. 'ആഭരണക്കൊതി' എന്ന ചതിയിൽപ്പെടാതെ കഴിഞ്ഞാൽ ജീവിതനാളുകൾ സന്തോഷനിർഭരമായിരിക്കും. സൽസ്വഭാവമാണ് ഏതൊരാളുടെയും നിറം മങ്ങാത്തതും വിലയിടിയാത്തതുമായ അമൂല്യആഭരണം. നാട്ടുകാർ നമ്മെ നല്ലവരെന്നു വിളിക്കുന്നെങ്കിൽ പിന്നെന്തിനാണ് ആഭരണങ്ങൾ? 'ഇട്ടോണ്ടു നടക്കാനല്ലേ ഇതൊക്കെ ഉണ്ടാക്കിയിരിക്കുന്നത്?' എന്ന ചോദ്യം ശരിയാണ്. അതേസമയം, 'ആവശ്യത്തിനുള്ളത് ഇട്ടോണ്ടു നടന്നാൽ പോരേ?' എന്ന ചോദ്യം കൂടുതൽ ശരിയാണ്. ആഭരണങ്ങളുടെ തിളക്കം കാണുമ്പോഴുണ്ടാകുന്ന മനസ്സിന്റെ ഇളക്കത്തിനു വലിയ ശ്രദ്ധ കൊടുക്കാതിരിക്കുന്നതാണു ബുദ്ധി. ആഭരണങ്ങൾകൊണ്ടുള്ള ആവരണത്തിൽ അമിതാശ്രയത്വം അരുത്. ആഭരണത്തിലുള്ള ആഡംബരം ഗുണകരമല്ല. ലോഹങ്ങളോടുള്ള ലോഹ്യത്തിനു നിബന്ധനകൾ നിശ്ചയിക്കുന്നതാണു നല്ലത്. വാങ്ങിക്കൂട്ടി ഇട്ടു ചുമന്നു നടക്കുന്ന പണ്ടങ്ങളുടെ പിണ്ഡമല്ല; പിന്നെയോ, കുടുംബാംഗങ്ങളുടെ നേരും നെറിയുമുള്ള ജീവിതമാണ് കുടുംബമഹിമയുടെ യഥാർഥ തൂക്കം. വിശുദ്ധിയുടെ വെട്ടമുള്ളവർക്ക് ഒരുനുള്ളു പൊന്നുതന്നെ അധികം. ആഭരണക്കടകളിലെ ആൾത്തിരക്ക് എന്നവസാനിക്കുന്നുവോ അന്നു മുതലേ മനുഷ്യൻ യഥാർഥ മനസ്സമാധാനം അനുഭവിക്കാൻ തുടങ്ങൂ. പുരയ്ക്കകത്ത് പൊന്നധികമില്ലെങ്കിലും പൊന്നുപോലെ നോക്കുകയും പരിചരിക്കുകയും ചെയ്യുന്നവരുണ്ടെങ്കിൽ എത്രയോ വലിയ അനുഗ്രഹമാണത്!

*'സ്വർണം അനേകരെ നശിപ്പിച്ചിട്ടുണ്ട്' (പ്രഭാ. 8:2)*

Deepanalam Weekly

RNI No : 16998/68
Vol. 57 No. 25 Date of Publication 22 August 2024
Annual Subscription Rate ₹ 400 (For Abroad ₹4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment

സ്വർണ്ണം വിൽക്കാൻ
ഏറ്റവും നല്ലത് നമ്മുടെ
അച്ചായൻസ് തന്നെ

KERALA'S NO.1 GOLD BUYER

TONY VALLIALIL ACHAYANS GROUP
SINCE 2005

അച്ചായൻസ്
ഗോൾഡ് 916 HALLMARKED JEWELLERY

പാലാ | ഉഴവൂർ | കരിങ്കുന്നം

കോട്ടയം | ചങ്ങനാശ്ശേരി | ഏറ്റുമാനൂർ | എറണാകുളം | തൊടുപുഴ
ചിങ്ങവനം | സംക്രാന്തി | കടുത്തുരുത്തി | കടുവാക്കുളം | ചേർത്തല

Ph: 9072 388 172 | 8590 046 916

CASH FOR GOLD



23 ഷോറൂമുകൾ

ST. MARY'S ENGINEERING INSTITUTE

Recognised Under DTE, Govt. of Kerala
KRISHNA, EDAMATTOM ROAD, MURIKKUMPUZHA,
PALA-686575, KOTTAYAM DT.
ESTD: 1963

2024 – 25 അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു

കേരള ഗവ. റഗുലർ/ഈവനിംഗ് എൻജിനീയറിംഗ് കോഴ്സുകൾ

1. സിവിൽ എൻജിനീയറിംഗ്
2. മെക്കാനിക്കൽ എൻജിനീയറിംഗ്
3. ഇലക്ട്രിക്കൽ എൻജിനീയറിംഗ്
4. ഓട്ടോമൊബൈൽ എൻജിനീയറിംഗ്
5. റഫ്രിജറേഷൻ & എയർകണ്ടീഷനിംഗ് എൻജിനീയറിംഗ്
6. ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എൻജിനീയറിഗ്
7. കംപ്യൂട്ടർ എൻജിനീയറിഗ്

പ്രോസ്പെക്ടസിന് Rs. 150/-

കോഴ്സ് നിബന്ധനകൾ

1. എസ്.എസ്.എൽ.സി. ജയിച്ചതോ, പ്ലസ്ടു (ജയിച്ചതോ/തോറ്റതോ)വിദ്യാർത്ഥിനീ-വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. ഈവനിംഗ്/ മോർണിംഗ് ക്ലാസുകളുടെ കാലാവധി 2 വർഷമാണ്. ഈവനിംഗ് ക്ലാസുകൾക്ക് പ്രവേശനത്തിന് പ്രായപരിധിയില്ല.
2. ഈവനിംഗ് കോഴ്സുകളുടെ സമയം എല്ലാ പ്രവൃത്തിദിവസങ്ങളിലും വൈകിട്ട് 5.30 മുതൽ രാത്രി 9.30 വരെയായിരിക്കും.
3. ഇന്റർനാഷണൽ കമ്പനികളുടെ ക്യാമ്പസ് ഇന്റർവ്യൂ സെലക്ഷൻ.
4. സർക്കാർ/ അർദ്ധസർക്കാർ/ഗവൺമെന്റ് അംഗീകൃതസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന അറ്റൻഡർ, പ്യൂൺ, ലാബ് അസിസ്റ്റന്റ് തുടങ്ങി എല്ലാ 4-ാം ഗ്രേഡ് ജീവനക്കാർക്കും അതത് സ്ഥാപനത്തിന്റെ മേധാവി അനുവദിക്കുന്ന എൻ.ഒ.സി., പ്രവൃത്തിപരിചയസർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിലാണ് സായാഹ്നക്ലാസിൽ പ്രവേശനം നൽകുന്നത്.
5. SC/ST/OEC വിഭാഗങ്ങൾക്ക് ഗവ. ആനുകൂല്യങ്ങൾ ലഭ്യമാണ്. പി.എസ്.സി. നടത്തുന്ന പരീക്ഷകൾക്കും എംപ്ലോയ്മെന്റ് വഴിയുള്ള നിയമനങ്ങൾക്കും വിദേശജോലികൾക്കും സ്വയംതൊഴിൽ നേടുന്നതിനും ഈ കോഴ്സ് പ്രയോജനപ്പെടുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പാലാ - ഇടമറ്റം റോഡിൽ മുരിക്കുംപുഴയിൽ പ്രവർത്തിക്കുന്ന സെന്റ് മേരീസ് എൻജിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടുമായി നേരിട്ടോ താഴെ പറയുന്ന ഫോൺനമ്പരിലോ ബന്ധപ്പെടുക.

എല്ലാ കോഴ്സുകളിലും പി.എസ്.സി. മുഖേന ജോലി ലഭിക്കുന്നു

*K. UNNIKRISHNAN NAIR*
*CHAIRMAN*
*PH: 9447809605, 04822-212795*

*S. SREEKUMARY M.Sc.*
*PRINCIPAL*
*PH: 9447869882, 04822-214132*

കൊറ്റത്തിൽ ആയുർവ്വേദ
ഹോസ്പിറ്റൽ

KOTTATHIL AYURVEDIC CENTRE



ചപ്പാത്ത്, അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461

E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ–റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



മൂഴയിൽ
ജൂവലറി
മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:
മൂഴയിൽ ഫൈനാൻസിയേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ

100 രൂപയ്ക്ക് മാസം 1½ രൂപ മാത്രം പലിശ

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org